Malayalanadu Weekly, Quilon
29 August 1976
Phone: 2825, 3362

മലയാളനാട്
വാരിക

പത്രാധിപർ
എസ്. കെ. നായർ

താളുകൾ മറിക്കുമ്പോൾ

ലേഖനം:

രതിയുടെ അപരിചിതഭൂമികൾ
തോമസ് മാത്യു 8
ഗവേഷകന്മാരെക്കുറിച്ച് ഒരു ഗവേഷണം
സേവ്യർ പോൾ എം. എ 10
അനുഭൂതിയുടെ ആഴങ്ങളിൽ എന്തുസംഭവിക്കുന്നു?
— നരേന്ദ്രപ്രസാദ് 25

കവിത:

വിഷമവൃത്തം
— ഏറ്റുമാനൂർ സോമദാസൻ 14
ചതുരംഗപാവകൾ
— ഭുവനൻ മിതൃമ്മല 63

കഥ:

യുദ്ധം
— ഗണേഷ് പുനൂര് 17
അതിഥിയുടെ വേരുകൾ
— ജോയിക്കുട്ടി പാലത്തുങ്കൽ 38
നാടകത്തിലില്ലാത്ത രംഗം
— സുരേന്ദ്രതിവാരി 45

നോവൽ:

അർച്ചന
— സാറാതോമസ് 28
പിതാമഹൻ II
— വി. കെ. എൻ 35
പ്രേയസി
— സി. രാധാകൃഷ്ണൻ 52

സ്ഥിരം പംക്തികൾ:

സാഹിത്യവാരഫലം
— എം. കൃഷ്ണൻനായർ 2
കണ്ടതും കേൾക്കാത്തതും
— കാമ്പിശ്ശേരി 22
ഗ്രന്ഥനിരൂപണം
— എം. ജി. കെ. നായർ 55
സിനിമ
— എ. പി. സുരേഷ് 59

മുഖചിത്രം:

ഫോട്ടോ ഇ. വി. ആർ മോഹൻ

പുസ്തകം എട്ട് □ ലക്കം പതിനഞ്ച് □ 1152 ചിങ്ങം 14



എം കൃഷ്ണൻനായർ

സോഫോക്ലീസ്സിന്റെ "ആന്റിഗണി" എന്ന നാടകം. പോളിനീക്കസിന്റെ മൃതദേഹം സംസ്കരിക്കരുതെന്ന് ഭരണാധികാരിയായ ക്രീയോൺ ആജ്ഞാപിച്ചു. പോളിനീക്കസിന്റെ സഹോദരിയായ ആന്റിഗണി ആ കല്പന വകവയ്ക്കാതെ മണ്ണുവാരിവിതറി സൂചനാത്മകമായ ശവസംസ്കാരം നിർവ്വഹിച്ചു. രാജ്യത്തിന്റെ ശത്രുവായ പോളിനീക്കസ്സിനെ വെറുക്കാതെ അയാളെ സ്നേഹിക്കുന്ന ആന്റിഗണി എല്ലാ ആളുകളിൽനിന്നും വളരെദൂരെ മാറിനിൽക്കുകയാണെന്ന് ക്രീയോൺ കോപാകുലനായി പറഞ്ഞു. അപ്പോൾ ആന്റിഗണി നൽകിയ മറുപടി ഇന്നും സഹൃദയരെ കോരിത്തരിപ്പിക്കുന്നുണ്ട്. "Not to join in hate but to join in love was I born" എന്നായിരുന്നു ആ ധീരവനിത പ്രഖ്യാപിച്ചതു്. ഈ വാക്കുകളിൽ സാന്മാർഗ്ഗികമായ ഉപദേശമോ മതതത്ത്വസംബന്ധിച്ച വികാരമോ ഇല്ലെന്ന് അരവിന്ദഘോഷ് ചൂണ്ടിക്കാണിക്കുന്നു. എന്നിട്ട് അദ്ദേഹം ഉദ്ഘോഷിക്കുകയാണ്.— "ആന്റിഗണിയുടെ ഈ പ്രഖ്യാപനം പ്രകൃതിയുടെയും ജീവിതത്തിന്റെയും ശബ്ദമാണ്. മതപരമായ ഉദ്ബോധനത്തിലും ആദ്ധ്യാത്മികാനുഭവത്തിലും അടങ്ങിയിരിക്കുന്ന സത്യത്തിൽനിന്ന് വളരെയൊന്നും അകന്നുപോയിട്ടില്ലാത്ത മഹനീയമായ സത്യം ഇതു് ഉൾക്കൊള്ളുന്നു." (ഓർമ്മയിൽനിന്ന് എഴുതുന്നതു്.)

ദൊസ്റ്റൊയെഫ്സ്കിയുടെ "കുറ്റവും ശിക്ഷയും" എന്ന നോവലിൽ ഒരു കഥാപാത്രം മറ്റൊരു കഥാപാത്രത്തിന്റെ മുൻപിൽ നമസ്കരിച്ചിട്ട് "വേദനിക്കുന്ന മനുഷ്യരാശിയുടെ മുൻപിലാണ് താൻ നമസ്കരിക്കുന്ന"തെന്നു പറയുന്നു. (സോണിയ പറയുന്നതായിട്ടാണ് എന്റെ ഓർമ്മ.) ആന്റിഗണിയുടേയും സോണിയയുടേയും ഈ വാക്യങ്ങൾക്ക് സാർവ്വലൗകികസ്വഭാവം കൈവരുന്നു. അതു് സത്യത്തിന്റെ മഹാനാദമായി നമുക്ക് അനുഭവപ്പെടുന്നു. അങ്ങനെ പറയുമ്പോൾ എന്താണർത്ഥം. വെറുക്കാനല്ല; സ്നേഹിക്കാനാണ് താൻ ജനിച്ചതെന്ന് ആന്റിഗണി പ്രസ്താവിക്കുമ്പോൾ എല്ലാവരുടേയും കർത്തവ്യം അതുതന്നെന്നു നാം മനസ്സിലാക്കുന്നു. "നിന്റെ മുൻപിൽ നമസ്കരിക്കുമ്പോൾ വേദന അനുഭവിക്കുന്ന മനുഷ്യരാശിയുടെ മുൻപിൽ നമസ്കരിക്കുകയാണ്" എന്ന് സോണിയ പറയുമ്പോൾ എല്ലാ മനുഷ്യരുടേയും വേദനയിൽ നാം പങ്കുകൊള്ളേണ്ടവരാണെന്നുള്ള സത്യം നമ്മൾ ഗ്രഹിക്കുന്നു. ഉത്കൃഷ്ടമായ ആവിഷ്കാരത്തിന്റെ (literary expression) സ്വഭാവമിതാണ്.

നിങ്ങൾ സ്നേഹിക്കുന്നവൾ കണ്ണീരൊഴുക്കുമ്പോൾ ആ കണ്ണീരിലൂടെ നിങ്ങൾ അവളുടെ വിശുദ്ധമായ മാനസികനില കാണുന്നു. അതുപോലുള്ള ആയിരമായിരം സ്ത്രീകളുടെ മാനസികനില ദർശിക്കുന്നു. കഥയിലെയും കവിതയിലെയും വാക്കുകൾ ഇതുപോലുള്ള സത്യങ്ങളിലേക്കു നമ്മെ നയിക്കുന്നില്ലെങ്കിൽ ആ വാക്കുകൾകൊണ്ട് പ്രയോജനമൊന്നുമില്ല. അതിനാൽ കലാകൗമുദിയിൽ (ലക്കം 1) ശ്രീ. ഹരികുമാർ എഴുതിയ "മണിയറയിൽനിന്ന് ഓടിപ്പോയവർ" എന്ന ചെറുകഥ വ്യർത്ഥരചനതന്നെയാണ്. വിവാഹം കഴിഞ്ഞ് അയാളും അവളും പ്രഥമരാത്രിയിൽ ഓടിപ്പോകുന്നു. വടക്കേയിന്ത്യയിൽ കുറേക്കാലം താമസിച്ചിട്ട് പ്രസവത്തിനായി അവൾ നാട്ടിലെത്തുന്നു. അയാളും അവളുടെ കൂടെയുണ്ട്. പ്രഥമരാത്രിയിൽ അവർ ചെന്നുകയറിയ മുറി അന്നത്തെപ്പോലെതന്നെ ഇരിക്കുന്നു. അയാൾ തിരിച്ചുപോയി. അങ്ങു ദില്ലിയിൽ എത്തി വീടു തുറന്നുനോക്കിയപ്പോൾ അവളുടെ സാരി അഴിച്ചിട്ടരീതിയിൽ കിടക്കയിൽ കിടക്കുന്നു. അതു കണ്ടപ്പോൾ അയാൾക്കു ദുഃഖം. പ്രഥമരാത്രിയിൽ ഓടിപ്പോയതിന്റെ സ്മരണ. ഇതാണ് ഹരികുമാറിന്റെ ചെറുകഥ. സെക്സിനെ അത്യന്തതയിലേക്കു കൊണ്ടുചെന്ന് ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും മനസ്സുകളിൽ കലയോട് വിദൂരബന്ധംപോലുമില്ലാത്ത ഒരുതരം ചലനം ഉളവാക്കുന്ന ഇക്കഥയിൽ സൈക്കോളജി ഇല്ല, മാനുഷികമൂല്യപ്രകീർത്തനമില്ല, സൗന്ദര്യാരാധനയില്ല, സാന്മാർഗ്ഗികതയുമില്ല. ഉള്ളതു് കൂടെക്കൂടെയുള്ള കെട്ടിപ്പിടിക്കലും ചുംബനവും മാത്രം. ഇതു കണ്ടിട്ട് ആരെങ്കിലും "ഹാ ഒന്നാന്തരം കഥ" എന്നു പറഞ്ഞാൽ അവരുടെ സെക്സ് ഇളകിപ്പോയി എന്നു മാത്രമേ കരുതേണ്ടതുള്ളൂ.— ഹരികുമാറിന്റെ മൂന്നോ നാലോ കഥകൾ ഇതിനകം ഞാൻ വായിച്ചിട്ടുണ്ട്. ആ കഥകളിലെല്ലാം അദ്ദേഹം പ്രയോഗിക്കുന്ന വിദ്യ ഒന്നുതന്നെ; യുവാക്കന്മാരുടെയും യുവതികളുടെയും വൈഷയികസുഖം ഉദ്ദീപിപ്പിച്ചുവിടുന്ന വിദ്യ. അടുത്ത കഥയിലെങ്കിലും അദ്ദേഹം ഇതൊന്നു മാറ്റണം. മയൂരസന്ദേശമെഴുതിയ കേരളവർമ്മ ദൈവയോഗവും എഴുതി. വാർ ആന്റ് പീസ് എഴുതിയ ടോൾസ്റ്റോയി കുട്ടികൾക്കു വേണ്ടി കൊച്ചുകഥകളെഴുതി. റിലേറ്റിവിറ്റി സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ ഐൻസ്റ്റൈൻ അഞ്ചുവയസ്സുള്ള ഒരു കുട്ടിയുടെ "ഹോംവർക്ക്" ചെയ്തുകൊടുത്തു. കൊലപാതകം ചെയ്തവനെ കണ്ടുപിടിച്ച് സ്റ്റേഷനിൽ ആക്കിയ പോലീസ് ഉദ്യോഗസ്ഥൻ വീട്ടിലെത്തുമ്പോൾ സ്വന്തം കുഞ്ഞു് തൊട്ടിലിൽ കിടന്നു കരയുന്നതു കണ്ടാൽ ബലിഷ്ഠങ്ങളായ ആ കൈകൾകൊണ്ടു തന്നെ തൊട്ടിലാട്ടിക്കൊടുക്കും. മനുഷ്യമനസ്സിന്റെ വൈചിത്ര്യവും വൈവിധ്യവും! അതില്ലാത്തവർ ഒരു കമ്പിതന്നെ മീട്ടിക്കൊണ്ടിരിക്കുന്നു.

* * *

ഹരികുമാർ പരിഷ്കൃതനായ ഒരു മുട്ടത്തുവർക്കിയാണെങ്കിൽ ശ്രീ. ടി. പദ്മനാഭൻ "ഒറിജിനൽ ആർട്ടിസ്റ്റാ"ണ്. മുൻപു പലപ്പോഴും വ്യക്തമായിട്ടുള്ള ഈ പരമാർത്ഥം ഇതാ ഇപ്പോഴും സ്പഷ്ടമായി വന്നിരിക്കുന്നു. "കലാകൗമുദി"യിൽ അദ്ദേഹമെഴുതിയ "പുതിയ കുചേലൻ" എന്ന ചെറുകഥ നോക്കുക. അനാഗതാർത്തവകൾക്ക് ഇതു വായിച്ചാൽ പുളകം ഉണ്ടാവില്ല. അനാഗതശ്മശ്രുക്കൾക്ക് കാമവികാരം ഇളകില്ല. തികച്ചും വിഭിന്നമായ മണ്ഡലം ഇവിടെ ആവിഷ്കരിക്കപ്പെടുന്നു. [illegible] ദ്രവ്യവ്യവഹാരത്തിലെ അസത്യാത്മകതയാണ് പദ്മനാഭന്റെ പ്രതിപാദ്യവിഷയം. മനുഷ്യന്റെ മനസ്സിനു മൂന്നു തട്ടുകളുണ്ടെന്ന് മഹാനായ വിൽഹെം റീക്ക് (Wilhelm Reich) പറഞ്ഞതു ഞാൻ ഓർമ്മിക്കുന്നു. ഉപരിതലം ആദ്യം നോക്കുക. മനുഷ്യൻ വിനയമുള്ളവനും ദയയുള്ളവനും സദാചാരതൽപരനും ആണ്. എന്നാൽ അതിനു തൊട്ടുതാഴെയുള്ള തലം നോക്കിയാൽ അതേ മനുഷ്യനെ ക്രൂരനായി, സ്വാർത്ഥതൽപരനായി, കാമോത്സുകതയാർന്നവനായി കാണാൻ കഴിയും. ഈ തലത്തെയാണെന്നു തോന്നുന്നു സിഗ്മുണ്ട് ഫ്രായിറ്റ് "അബോധമനസ്സ്" എന്നു വിളിച്ചതു്. ശ്രീ. ടി. പദ്മനാഭൻ ചിത്രീകരിക്കുന്ന മനുഷ്യൻ ആദ്യകാലത്തു് മനസ്സിന്റെ ഉപരിതലം മാത്രം പ്രത്യക്ഷമാക്കിയ നല്ല മനുഷ്യനായിരുന്നു. കാലം കഴിഞ്ഞപ്പോൾ അയാൾ രണ്ടാമത്തെ തലത്തിന്റെ "ബീഭത്സാ"വസ്ഥ പ്രകടമാക്കി. ഇതു കഥാകാരൻ സ്ഫുടീകരിക്കുന്നതു് അദ്ദേഹത്തിനു മാത്രം കഴിയുന്ന മട്ടിലാണ്. പദ്മനാഭന്റെ ആഖ്യാനപാടവം പ്രശംസാർഹംതന്നെ. പക്ഷേ, ആ പ്രാഗൽഭ്യം "സ്വഭാവചിത്രീകരണം" എന്ന യജമാനന്റെ ദാസൻ മാത്രമാണ്. അയാൾ പരിചാരകനാണെന്നു നമുക്കു തോന്നുന്നില്ല താനും.

നിങ്ങൾ അടിത്തട്ടു കാണാവുന്ന ജലാശയത്തിന്റെ തീരത്തു നിൽക്കുകയാണോ?

ആരോടും ഒന്നും മിണ്ടാതെ, തനിയെ ഒരു വാക്കുപോലുമുച്ചരിക്കാതെ നിങ്ങൾ നില്ക്കുമ്പോൾ ജലാശയം നിങ്ങളെ അംഗീകരിച്ചു എന്നതിനു തെളിവാണ് അതിൽ പ്രത്യക്ഷമാകുന്ന നിങ്ങളുടെ പ്രതിഫലനം. എന്നാൽ കല്ലെടുത്ത് ആ ജലാശയത്തിൽ ഇടൂ. എന്തൊരിളക്കം. നിങ്ങളുടെ പ്രതിഫലനത്തെ അതു് ദൂരെ എറിയുന്നു ജീവിതജലാശയത്തിൽ കല്ലെടുത്ത് എറിഞ്ഞ് അതിൽ ചലനമുളവാക്കിയ ഒരുത്തന്റെ ചിത്രമാണ് പത്മരാജന്റെ കഥയിലുള്ളതു്. വായനക്കാർ അതു് സദയം ദർശിച്ചാലും.

* * *

വാർദ്ധക്യത്തോടു ചേർന്ന് പല രോഗലക്ഷണങ്ങൾ. രക്തത്തിൽ പഞ്ചസാര. രക്തത്തിൽ അല്പം പഞ്ചസാരയുണ്ടെന്നു വിചാരിച്ച് കാര്യമാക്കാനെന്തിരിക്കുന്നു. എന്നു വിചാരിക്കരുതു്. വർഷങ്ങൾക്കുശേഷം സംഭവിക്കാനിരിക്കുന്ന മരണത്തിന്റെ അടയാളമാണതു്. കോണിപ്പടി കയറുമ്പോൾ കുറച്ച് കിതയ്ക്കുന്നു. “കൊളസ്ട്രോൾ അല്പമുണ്ട്. വെളിച്ചെണ്ണയും മുട്ടയുടെ മഞ്ഞക്കരുവും ഉപയോഗിക്കാതിരുന്നാൽ മതി.” എന്നു ഡോക്ടറുടെ ഉപദേശം. ശരി തന്നെ. പക്ഷേ, അതും സംഭവിക്കാനിരിക്കുന്ന മരണത്തിന്റെ മുന്നറിയിപ്പു നല്കുന്നു. വാഴയുടെ കുരുന്നില മുളയ്ക്കുമ്പോൾത്തന്നെ കരിഞ്ഞു വരുന്നു. സാരമില്ലെന്നു തോന്നും. അങ്ങനെയല്ല. വാഴ നശിക്കാൻ പോകുന്നു എന്നാണ് അതു വിളിച്ചറിയിക്കുന്നതു്. ഐ. കെ. കെ. എം. നല്ല കഥകൾ എഴുതിയിരുന്നു. മൂന്നു മാസത്തിനു മുമ്പ് കണ്ട അദ്ദേഹത്തിന്റെ ഒരു ചെറുകഥ പരമബോറായിരുന്നു. ഇന്നു കൈയിൽ കിട്ടിയ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ “വാക്കിങ്സ്റ്റിക്ക്” എന്നൊരു കഥ കണ്ടു. വായിച്ചു: അസഹനീയം എന്നേ പറയാനുള്ളു. അദ്ദേഹത്തിന്റെ സർഗ്ഗശക്തി അസ്തമയത്തിലെത്തിയിരിക്കുന്നു എന്നതിനുള്ള തെളിവുകളാണ് ഇമ്മാതിരിയുള്ള വിരസങ്ങളായ ചെറുകഥകൾ:

* * *

“A poem should not mean, but be” എന്നു പറഞ്ഞതു് മക്‌ലീഷ് ആണെന്നു തോന്നുന്നു. കവിതയെസ്സംബന്ധിച്ചു മാത്രമല്ല, കഥയെസ്സംബന്ധിച്ചും ഇതു ശരിയാണ്. വ്യഭിചരിക്കാൻ പോയ ഒരുവനു ഗുഹ്യരോഗം പിടിപെടുന്നതിനെ വർണ്ണിക്കുകയാണ് എന്റെ അഭിവന്ദ്യസുഹൃത്തായ ശ്രീ. പുനത്തിൽ കുഞ്ഞബ്ദുള്ള. (മലയാളനാട്) അതു് ഒരാശയം പകർന്നുതരുന്നു എന്നല്ലാതെ കഥയായിട്ടില്ല, കലയായിട്ടില്ല. കലയാകണമെങ്കിൽ ജീവിതത്തിൽ ഒരു പാദമൂന്നിക്കൊണ്ട് കഥ ഭാവനയുടെ ചിറകുകൾ വിരിച്ച് പറക്കണം. അങ്ങനെ അതൊരു നൂതനമണ്ഡലത്തിൽ പ്രവേശിക്കണം.

* * *

* * *

ഒരു സ്നേഹിതൻ റഷ്യയിൽ പോയി തിരിച്ചു തിരുവനന്തപുരത്തെത്തിയിട്ട് പനിനീർപ്പൂവിന്റെ മണമുള്ള അവിടത്തെ ഒരു നഗരത്തെക്കുറിച്ച് എന്നോടു പറയുകയുണ്ടായി. എങ്ങും റോസാപ്പൂക്കളാണ് അവിടെ. പാതയ്ക്കിരുവശത്തും സുന്ദരികളായ പെൺകുട്ടികൾ നില്ക്കും പൂക്കളുമായി. ആ നഗരത്തെക്കുറിച്ചുള്ള സ്മരണപോലും ഒരു മധുരാനുഭൂതിയാണെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിൽ അങ്ങനെയൊരു പട്ടണമില്ല. ഞാൻ താമസിക്കുന്ന ഈ നഗരത്തിലെ റോഡുകളാകെ കുണ്ടും കുഴിയുമാണ്. അവയിൽ വെള്ളം കെട്ടിനില്ക്കും. കാലത്തു ജോലിക്കുപോകുമ്പോൾ വേണ്ടിടത്തോളം കരുതലില്ലാതെ നടന്നാൽ മേലാകെ ചെളിതെറിക്കും. പലപ്പോഴും തിരിച്ചു താമസസ്ഥലത്തു പോയി വേഷം മാറിയിട്ടുണ്ട്. ചിലപ്പോൾ വൈകുന്നേരം തിരിച്ചുവരുമ്പോഴായിരിക്കും ഈ ചെളിയഭിഷേകം. “നിത്യത്തൊഴിൽ അഭ്യാസം” എന്നു പറഞ്ഞമട്ടിൽ ഇപ്പോൾ അതിൽ വല്ലായ്മയില്ല. പക്ഷേ തിരിച്ചെത്തിയയുടനെ രക്ഷപ്രാപിക്കുന്നതു് കഥയുടെ ലോകത്താണ്. റഷ്യയിലെ ആ പരിമളം നിറഞ്ഞ ഒരു പ്രദേശമെങ്കിലും ഈ ലോകത്തു് കാണണേ എന്ന പ്രാർത്ഥനയോടുകൂടിയാണ് വാരികകൾ തുറക്കുന്നതു്. പരിമളം ഇല്ലെന്നു മാത്രമല്ല അസഹനീയമായ നാറ്റം ഉണ്ടുതാനും പ്രിയപ്പെട്ട വായന

മലയാളനാട് സിനിമാ ദ്വൈവാരിക

22-8-1976

ഈ ലക്കം പ്രസിദ്ധീകരിച്ചു!

സ്റ്റുഡിയോ പ്രദക്ഷിണം
ഒരു ഗാനത്തിന്റെ ജനനം
ഓർമ്മകൾ മരിക്കുമോ?
മായാപ്രപഞ്ചം
താരം താരത്തെപ്പററി
ഇവരെ മനസ്സിലാക്കുക, ഹസ്തരേഖയിലൂടെ
താരം ചോദിച്ചു, വായനക്കാരോട്
പ്രണയലേഖനം എങ്ങിനെയെഴുതണം.
നിങ്ങൾക്കറിയാമോ?
വിവാദം.

****

രൂപങ്ങൾ ഭാവങ്ങൾ (ജയഭാരതി)
വ്യക്തികൾ (വിൻസെന്റ്)
കാണാത്തസിനിമ (കാമ്പിശ്ശേരി)
അണിയറ (യേശുദാസൻ)
സിനികാർട്ടൂൺ (മലയാററൂർ രാമകൃഷ്ണൻ)

****

നിറയെ ചിത്രങ്ങൾ
കളർ പ്ലേററുകൾ
വൈവിധ്യമുള്ള വിഭവങ്ങൾ!

ഒററപ്രതി വില ഒരു രൂപ

മാനേജർ,
മലയാളനാട് സിനിമാ ദ്വൈവാരിക,
കൊല്ലം - 691013

ക്കാക്ക് കലാരാഹിത്യത്തിന്റെ നാററം സഹിക്കാൻ കെല്പുണ്ടോ? ഉണ്ടെങ്കിൽ കുങ്കുമം വാരികയിൽ ശ്രീ. സി. കെ. ബോസ്, പള്ളുരുത്തി എഴുതിയ "യാത്ര" എന്ന കഥ വായിച്ചാലും. കുറെപ്പേർ യാത്രപോകുന്നു. വളരെദൂരം സഞ്ചരിച്ചപ്പോൾ ഒരുവൻ പറഞ്ഞു വഴിതെററിപ്പോയെന്ന്. ഉടനെ യാത്രക്കാർക്കാകെ ക്ലേശം വരുത്തിയ അയാളെ വേറൊരുത്തൻ കല്ലുകൊണ്ട് ഇടിച്ചുകൊന്നു. ജീവിതയാത്രയെ ലാക്ഷണികമായി (allegorical) ആവിഷ്കരിക്കുകയാണെന്നു തോന്നുന്നു കഥാകാരൻ. ഏതു ശുഷ്കമായ പ്രബന്ധംപോലും ഈ ചെറുകഥയെക്കാൾ മനോഹരമാണ്. റഷ്യയിൽ പോയ കൂട്ടുകാരാ! താങ്കൾ അവിടെ ഒരു പട്ടണത്തിന്റെ പരിമളം ആസ്വദിച്ചു. ചെക്കോഫിന്റെയും ഗോർക്കിയുടെയും കഥാലോകത്തിനുള്ള സൗരഭ്യം അനുഭവിച്ച താങ്കൾക്ക് ആ ഭാഗ്യവും കിട്ടി. ഹതഭാഗ്യരായ ഞങ്ങൾക്കു ദുർഗ്ഗന്ധംമാത്രം.

* * *

* * *

റഷ്യയിൽപോയിട്ടുവന്ന വേറൊരു സ്നേഹിതൻ—ശ്രീ. കെ. വി. സുരേന്ദ്രനാഥ്—എനിക്ക് ബാലേനർത്തകി ആന്നാ പാവ്‌ലോവയുടെ ഒരു പ്രതിമ കൊണ്ടുതന്നു. കാലുകൾ ഒരുവശത്തേക്കു മടക്കിവച്ച് ഇരിക്കുന്ന സുന്ദരി; "ഞാൻ ഇപ്പോൾ ഈ മേശപ്പുറത്തുനിന്ന് എഴുന്നേററ് നൃത്തം ചെയ്യും" എന്നൊരുമട്ടുണ്ട് അവൾക്ക്. ഒരു ദിവസം ഒരു പരിചയക്കാരൻ വീട്ടിൽ കടന്നുവന്ന് ആ പ്രതിമ താഴെ തള്ളിയിട്ട് പൊട്ടിച്ചു. എന്തൊരു ക്രൂരകൃത്യം! എങ്കിലും അതിഥിമര്യാദയുടെപേരിൽ "സാരമില്ല" എന്നു ഞാൻ പറഞ്ഞു. സാരമില്ലാത്തതല്ല. എന്റെ ഹൃദയവും ആ പ്രതിമയോടൊപ്പം തകർന്നുപോയി. കലയ്ക്കു ചില നിയമങ്ങളുണ്ട്. അതിനെക്കുറിച്ച് നമുക്കു ചില സങ്കല്പങ്ങളുണ്ട്. അവയെ ആദരിക്കാതെ കഥയെഴുതുന്നവർ കവിതയെഴുതുന്നവർ പ്രതിമയെ തകർത്ത ആ മനുഷ്യനെപ്പോലെ ഭയങ്കരന്മാരാണ്. കുങ്കുമം വാരികയിൽ "വീട്" എന്ന "കഥാസാഹസം" രചിച്ച ഈ. കെ. ഷാജി പ്രതിമാഭഞ്ജകനാണ്. കാമുകി ധനികയാണ്. അവൾക്ക് സൗധമുണ്ട്. കാമുകൻ നിർധനൻ. അയാൾക്ക് ഒരു ചെററക്കുടിലേയുള്ളു. നിർമ്മിക്കാൻപോകുന്ന വീടിനെക്കുറിച്ച് ആലോചിച്ച് കാമുകനും കാമുകിയും ആഹ്ലാദിക്കുമ്പോൾ കഥ അവസാനിക്കുന്നു. സാഹിത്യത്തിന്റെ ഒരു സ്വഭാവവും ഇതിനില്ല. കുറെ വാക്യങ്ങൾമാത്രം.

ഞാൻ സ്നേഹിക്കുകയും ബഹുമാനിക്കുകയുംചെയ്യുന്ന മഹാവ്യക്തിയാണ് ശ്രീ. ജോസഫ് മുണ്ടശ്ശേരി. അദ്ദേഹം ഒരിക്കൽ എന്നെ ഉപദേശിച്ചു, സാഹിത്യവാരഫലം എഴുതരുതെന്ന്. എന്റെ ഉപകർത്താവായ മുണ്ടശ്ശേരിയോട് ഞാൻ മറുപടി പറഞ്ഞില്ല. എനിക്ക് അത്രയ്ക്കു ബഹുമാനമാണ് അദ്ദേഹത്തോട്. ഇപ്പോഴും മറുപടി പറയുന്നില്ല. എങ്കിലും ഒരുകാര്യം വ്യക്തമാക്കിക്കൊള്ളട്ടെ. എന്റെ വീട്ടിൽ ഡ്രെയിനേജ്പൈപ്പിനു കേടുവന്ന് ദുർഗ്ഗന്ധം പരന്നാൽ ഞാൻ ഡ്രെയിനേജ് ഡിപ്പാർട്ടുമെന്റിലെ ചിലരെ വിളിക്കുന്നു. അവർ കമ്പുകൾ ചേർത്തുവച്ച് പൈപ്പിലെ തടസ്സം നീക്കുമ്പോൾ എനിക്ക് അവരോട് സഹതാപം ഉണ്ടാകും. പക്ഷേ, ഞാൻ അവരെ വിളിക്കുന്നതും അവർക്ക് അഹിതമായ കൃത്യം ചെയ്യിക്കുന്നതും ഞാൻ താമസിക്കുന്ന പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യത്തെ ലക്ഷ്യമാക്കിയാണ്. ഷാജിയും അദ്ദേഹത്തെപ്പോലുള്ളവരും ഇങ്ങനെ കഥകളെഴുതുമ്പോൾ ഞാൻ "സാഹിത്യ വാരഫലം" എഴുതാതിരിക്കുന്നത് എങ്ങനെ?

* * *

നിങ്ങൾ സ്നേഹിക്കുന്നവളുടെ വക്ഷസ്സിൽ തലചേർത്തുവച്ച് അവളുടെ ഹൃദയസ്പന്ദനങ്ങൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? അപ്പോൾ അവളുടെ മൃദുലങ്ങളായ കൈകൾ നിങ്ങളുടെ ഗളനാളത്തെ ചുററിയിരിക്കും. രാത്രിയായതുകൊണ്ട് അവളുടെ മന്ദസ്മിതം നിങ്ങൾ കണ്ടിരിക്കില്ല. അവൾ നിങ്ങളെ സ്നേഹിക്കുന്നു, അവൾ നിങ്ങൾക്കുവേണ്ടി ജീവിക്കുന്നു എന്ന് ഓരോ സ്പന്ദവും ഉദ്ഘോഷിക്കുന്നു. കലാസൃഷ്ടികളിൽ ആന്തരശ്രോത്രം ചേർത്തുവയ്ക്കൂ. സ്പന്ദമുണ്ടോ? ഉണ്ടെങ്കിൽ അവ യഥാർത്ഥത്തിലുള്ള കലാസൃഷ്ടികളാണ്.

—o—

കവിത:
മൂന്ന് അക്ഷരങ്ങൾ.
പക്ഷേ,
ഞാൻ, ഈ മൂന്ന് അക്ഷരങ്ങളിൽ ഒതുങ്ങിക്കൂടാനാഗ്രഹിക്കുന്നില്ല.
എന്നിലെ പച്ചയായ മനുഷ്യനെപ്പററി നിങ്ങൾക്കറിയാമോ?

◆

ഞാൻ എവിടെയും എന്നും എല്ലാമായ മനുഷ്യൻ.
പക്ഷേ ഒന്നുമല്ലാത്ത മനുഷ്യൻ?
ഞാനൊരു മഹാകവിയാണോ?
കഷ്ടം!
ഞാനോ?
എന്നെപ്പററി നിങ്ങൾക്കെന്തറിയാം?

◆

സ്വപ്നം, അനുഭൂതി
ഈ രണ്ടുവാക്കുകളിൽ ജീവിതമുണ്ടോ?
ഈ രണ്ടുവാക്കുകളിൽ മാത്രം ജീവിതം ഒതുങ്ങുമോ?
ഒതുങ്ങുമെങ്കിൽ ഞാൻ ജീവിക്കുന്നു.
ഞാനാരാണ്?

◆

ലോകം എന്റെ പോക്കററിലുണ്ട്.
എന്റെ ശൂന്യമായ പോക്കററിൽ.
പക്ഷേ,
ലോകം മുഴുവൻ ഞാൻ കണ്ടു.
ഞാനാരുമല്ല.
എല്ലാമാണെന്ന്
പലരും പറയും.
ശരിയാണോ?
പക്ഷേ ഞാനാരുമല്ലല്ലോ.

എന്റെ അമ്മമാരോട്,
എന്റെ ജ്യേഷ്ഠത്തിമാരോട്,
എന്റെ അനുജത്തിമാരോട്
എനിക്കു പറയാനുള്ളത് ഞാൻ ജീവിച്ച കാലഘട്ടത്തെപ്പററിയാണ്.
പക്ഷേ; ഞാനാരാണ്?
ഞാനെന്തു ചെയ്തു?
എനിക്കറിയില്ല.

◆

മലയാളസാഹിത്യത്തിൽ ഏററവുമധികം തെററിദ്ധരിക്കപ്പെട്ട മനുഷ്യൻ ഒരുപക്ഷേ ഞാനായിരിക്കും. വീണ്ടും ഒരുപക്ഷേ ഉപയോഗിക്കാമെങ്കിൽ ഏററവും കൂടുതൽ സ്നേഹം കൈനീട്ടിവാങ്ങുന്നതും ഞാനായിരിക്കും. ഞാനാരാണ്?

◆

കൂടാതെ
ഏഴു കഥകളും
ഏഴു കവിതകളും

◆

മലയാളനാട്
ഓണപ്പതിപ്പു
1976

◆

മലയാളഭാഷയിലെ ഏററവും സമ്പന്നമായ വിശേഷാൽപ്രതി.
ഞങ്ങൾ പറയുന്നതല്ല
വായനക്കാർ.

വില 1രൂപാ 50പൈസ

രതിയുടെ അപരിചിതഭൂമികൾ

തോമസ് മാത്യു

കലാരൂപത്തിന്റെ ജൈവവിതാനത്തിലേക്ക് മലയാളകഥയെ നയിച്ച പ്രമുഖ എഴുത്തുകാരിയാണ് മാധവിക്കുട്ടി. നാലാംകിട കഥകൾ മാത്രം വായിച്ചു രസിച്ചുപോന്ന ഒരു പററം നിരുപദ്രവികളെക്കൊണ്ട്, കഥയില്ലായ്മയാണ് തന്റെ കഥകളെന്നു പറയിക്കുകവഴി നവീനമായൊരു ആസ്വാദനതൃഷ്ണയുടെ ജ്വലിക്കുന്ന സാന്നിദ്ധ്യം തന്റെ കഥകളുടെ സഫലമായ ആസ്വാദനത്തിന് എത്രമാത്രം അനിവാര്യമാണെന്ന് ധരിപ്പിച്ച മാധവിക്കുട്ടി ഒരെഴുത്തുകാരി എന്ന നിലയിൽ ജീവിതത്തിന്റേയും അവ്യക്തവിചാരങ്ങളുടെ പോലും അടിവസ്ത്രങ്ങൾ ഉപേക്ഷിക്കുന്നു. അങ്ങനെ, തിമിരബാധിതരെ പരിഭ്രമിപ്പിച്ചുകൊണ്ട് വരാനിരിക്കുന്ന ഒരു തലമുറയുടെ ആസ്വാദനബോധത്തിന് തലക്കുറിപ്പെഴുതുകയായിരുന്നു അവർ. ഇടിമിന്നലിന്റെ തീവ്രതയോടെ വായനക്കാരന്റെ മനസ്സിൽ തന്റെ അവബോധങ്ങളുടെ, ആർദ്രപ്രബലങ്ങളായ വിചാരങ്ങളുടെ സ്ഫോടനം സാധിച്ചു കഴിയുമ്പോൾ "നാമിതാണ്" എന്ന അപ്രിയസത്യം ഓർമ്മിപ്പിച്ചുകൊണ്ട്, രാജാവ് നഗ്നനാണെന്ന ഗൗരവമുള്ള യാഥാർത്ഥ്യം വിളിച്ചുപറയുന്നവരെ, നിസ്സംഗതയും ക്രൂരസംതൃപ്തിയുമാണ് ഈ എഴുത്തുകാരി അനുഭവിക്കുന്നത്. കലാപരമായല്ലാതെ മററു യാതൊരു മൂല്യങ്ങളോടും നിദ്രയിൽപ്പോലും കൂറുപുലർത്താൻ തയ്യാറില്ലാത്ത മാധവിക്കുട്ടി കൈകാര്യം ചെയ്യുന്ന കഥാപാത്രങ്ങളുടെ നഗ്നത മലയാളകഥയിൽ നൂതനമായൊരു ശീലം ജനിപ്പിക്കുകയും ഒരു പൂവിന പോലും വസന്തം സൃഷ്ടിക്കാൻ കഴിയും എന്നു തെളിയിക്കുകയും ചെയ്തു. കപടമായ ലൈംഗികസദാചാരത്തിന്റെ വ്രണങ്ങൾ നിറഞ്ഞ മുഖം കലാസ്വാദനത്തിൽ ബലപ്പെട്ടൊരു പ്രമാണമായി ചുമന്നുകൊണ്ടുവരുന്നവരുടെ ദരിദ്രബോധത്തിന് ചിതയൊരുക്കാൻ ഉപകരിച്ച മാധവിക്കുട്ടിയുടെ പല കഥകളുടെയും ഈ ഉൽക്കടസ്വഭാവങ്ങൾ സന്മാർഗ്ഗത്തിനു കാവൽ നിൽക്കുന്ന അടിമകളെക്കൊണ്ട് ഈ എഴുത്തുകാരി തങ്ങളുടെ പരിശുദ്ധമായ വിചാരലോകത്തിന് അന്യയാണെന്ന് ചിന്തിപ്പിക്കുകയാണുണ്ടായത്. എന്നാൽ ലൈംഗികതയുടെ നാണംകെട്ട അവതരണമല്ല, "നാവികവേഷം ധരിച്ച കുട്ടി"യും മററും ഉദാഹരിക്കുന്നതു പോലെ, ഈശ്വരൻ പോലും ഏററുപറയാൻ ആഗ്രഹിക്കുന്ന പവിത്രവികാരങ്ങളുടെ മറനീക്കലാണ് മാധവിക്കുട്ടിയുടെ കഥകൾ.

മലയാളകഥക്ക് അഗ്നിയുടെ സ്വഭാവങ്ങൾ നൽകാൻ ഏററവും ഉപകരിച്ചിട്ടുള്ള രതിയോടുള്ള സമീപനത്തിന്റെ പ്രത്യേകതകൾ തന്നെ ഒരാളെ കലാകാരനായി തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ്. ഉപഭോഗവസ്തുവിന്റെ ധർമ്മങ്ങൾ സ്ത്രീക്ക് നൽകുന്നതിലൂടെ തരംതാണ, ഒരുതരം പുതിയ സെൻറിമെൻറലിസം സൃഷ്ടിച്ച എഴുത്തുകാരിൽ നിന്നും അകന്നു നിന്നുകൊണ്ട്, അമ്മയും കാമുകിയുമായ, ഏകയും നിരാശ്രയുമായ സ്ത്രീയുടെ വിഹ്വലതകൾ മാധവിക്കുട്ടിയുടെ കഥകൾക്ക് ആദ്യഗർഭത്തിന്റെ ഖേദപുളകങ്ങൾ നൽകുന്നു. വിരസമായ ആവർത്തനങ്ങളിലൂടെ തങ്ങളുടെ അപകടകരമായ പതനത്തിലേക്ക് മലയാളകഥയിലെ ഉല്പാദകരെ നയിച്ച ലൈംഗികത മാധവിക്കുട്ടിയിൽ പുരുഷാർത്ഥങ്ങൾ നേടുകയും പുതിയ ഭൂമികളുടെ അപരിചിതത്വത്തിലേക്ക് വായനക്കാരനെ നയിക്കുകയും ചെയ്യുന്നു. ഭാരതീയകലയിലെ ദിവ്യമായ ആ പ്രമേയത്തിന്റെ വാഗർത്ഥങ്ങൾ തന്നെയാണ് ഈ കഥകളിലെയും വിഷയം; മനുഷ്യജീവിതത്തിന്റെ വിരസതക്ക് നിർവൃതിയുടെ പരിപൂരിതത്വം നൽകുന്ന പൗരാണികവും

[ശേഷം 57 ൽ]

പോർച്ചിൽ കതിരിട്ട വെളിച്ചത്തിൽ ഡ്രൈവർ നടുങ്ങുന്നതു നോക്കി വിജയൻ നെടുവീർപ്പിട്ടു. അവന്റെ മുതലാളി ഭാര്യയോടു നുണ പറയുന്നത് ഇതാദ്യമാണ്. ആദ്യത്തെ നുണയോടൊപ്പം ഒട്ടേറെ നുണകൾ. എന്തെന്തു നടുക്കങ്ങളാണ് അവൻ ഇന്ന് താങ്ങിയത്, പാവം ഡ്രൈവർ.

കഥാമാലികയിലെ
നാലാമത്തെ കഥ

ടി. ആറിന്റെ

'വിജയൻ ഒരിക്കലും പിഴച്ചിട്ടില്ല'

ഗവേഷകന്മാരെക്കുറിച്ച് ഒരു ഗവേഷണം



ശാസ്ത്രജ്ഞന്മാർ സത്യാന്വേഷകരാണ്; അതുകൊണ്ട് അവർ ഗവേഷണത്തിൽ വ്യാപൃതരായിരിക്കുന്നു: എല്ലാ വിഷയങ്ങളും അവരുടെ ഗവേഷണത്തിനു വിധേയമാണ്. പക്ഷേ ശാസ്ത്രജ്ഞന്മാരെസ്സംബന്ധിച്ചു ഗവേഷണം നടത്താൻ ആരും ഇതുവരെ തയ്യാറായിരുന്നില്ല: അവർക്കു കല്പിച്ചിരുന്ന അനുപമമാനുഷിക വ്യക്തിത്വംമൂലമാണ്. ഈ വിഷയത്തിന്റെയുള്ളിലേക്കു കടന്ന് അന്വേഷിക്കാൻ ഗവേഷകന്മാർപോലും വിമുഖരായിരുന്നു എന്നു തോന്നുന്നു. എന്നാൽ, ഈയിടെ ശാസ്ത്രജ്ഞന്മാരെക്കുറിച്ചും ഗവേഷണം ആരംഭിക്കുകയുണ്ടായി.

ഇത്തരം ഒരു ഗവേഷണത്തിനു മുൻകൈയെടുത്തവരിൽ പ്രമുഖനാണ് ഡോക്ടർ മൈക്കൽ ജെ: മഹോണി: 1972-ൽ അമേരിക്കയിലെ സ്റ്റാൻഫോർഡ് സർവ്വകലാശാലയിൽനിന്ന്, മാനസിക രോഗനിദാനശാസ്ത്രത്തിൽ (സൈക്കോ പേതോളജി) പി. എച്ച്. ഡി. ബിരുദം നേടിയ അദ്ദേഹം ഇപ്പോൾ മനഃശാസ്ത്രപ്രൊഫസ്സറായി പെൻസിൽവാനിയയിൽ ജോലിചെയ്യുന്നു. ശാസ്ത്രജ്ഞന്മാരെക്കുറിച്ച് അദ്ദേഹം നടത്തിയ ഗവേഷണത്തിന്റെ ഫലങ്ങൾ പുസ്തകരൂപത്തിൽ "ശാസ്ത്രജ്ഞൻ: സത്യവ്യാപാരിയുടെ ശരീരാപഗ്രഥനപഠനം" (The scientist: Anatomy of The Truth Merchant) എന്ന പേരിൽ ഉടനെ അമേരിക്കയിൽ പ്രസിദ്ധീകരിക്കും. ഈ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുള്ള ഗവേഷണഫലങ്ങളുടെ സൂചനകൾ അദ്ദേഹം കാലേക്കൂട്ടി മനഃശാസ്ത്ര പണ്ഡിതന്മാരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അവയിൽനിന്ന് പ്രധാനപ്പെട്ട കാര്യങ്ങൾ ഈ സമാലോചനയ്ക്കടിസ്ഥാനമായി സ്വീകരിക്കാം: സത്യം വ്യക്തമായി വെളിപ്പെടുത്തുന്നു എന്നതാണ്, ശാസ്ത്രത്തിന്റെ മഹത്വത്തിന്നടിസ്ഥാനം: അതുകൊണ്ട് ശാസ്ത്രജ്ഞന്മാരുടെ വ്യക്തിത്വം സത്യാന്വേഷണവുമായി അഭേദ്യബന്ധമുള്ളതാണ്: ലോകത്തിലെ ഏററവും ബഹുമാന്യരായ മനുഷ്യവർഗ്ഗോദ്ധാരകർ എന്ന നിലയിൽ ശാസ്ത്രജ്ഞന്മാർ സമാദരണീയരായിത്തീരാൻ ഇതാണു കാരണം: ശാസ്ത്രീയമായി തെളിയിക്കപ്പെടുന്ന സത്യത്തിന് സാർവജനീനത്വമുള്ളതുപോലെ ശാസ്ത്രജ്ഞന്റെ വ്യക്തിത്വത്തിന് ശാശ്വതമഹത്വവും കല്പിക്കപ്പെട്ടിരിക്കുന്നു.

എന്തെല്ലാമാണ് ആ അപൂർവ്വമാനുഷിക വ്യക്തിത്വത്തിന്റെ ഘടകങ്ങൾ?

1. ബുദ്ധിശക്തി (Intelligence)
2: യുക്തിബോധം (Rationality)
3: വസ്തുനിഷ്ഠത (Objectivity)
4: വിശാലമനസ്കത (Open — Mindedness)
5: നിസ്സ്വാർത്ഥത (Unselfishness)
6. വിനയം (Humility)

ഇത്രയും മാനുഷികഗുണങ്ങളാണ് പ്രായോഗികമായി ശാസ്ത്രജ്ഞന്റെ വ്യക്തിത്വത്തെ മൂല്യമിയന്നതാക്കിത്തീർക്കുന്നത്: ഇവയുടെ അളവ്, ഗുണം, പ്രായോഗികപ്രയോജനം എന്നിവ വിലയിരുത്തിയാൽ ഓരോ ശാസ്ത്രജ്ഞന്റെയും വ്യക്തിത്വം പൂർണ്ണമായി മനസ്സിലാക്കാൻ കഴിയും: മിക്ക ശാസ്ത്രജ്ഞന്മാർക്കും ഈ ഗുണങ്ങൾ സമഗ്രമായ അളവിൽ ഉണ്ടെന്നാണ് ജനങ്ങൾ പൊതുവെ വിശ്വസിച്ചിരിക്കുന്നത്. എന്നാൽ ഇതു തികച്ചും അവ്യക്തമായ ധാരണയാണെന്നും യാഥാർത്ഥ്യവുമായി ഇതിനു ബന്ധം കുറവാണെന്നും മഹോണി മുതലായവരുടെ ഗവേഷണത്തിൽനിന്നു തെളിയുകയുണ്ടായി. ഗവേഷണഫലങ്ങൾ ഇങ്ങനെയാണ്:

ബുദ്ധിശക്തി

ശാസ്ത്രജ്ഞന്മാർ ബുദ്ധിശക്തിയുടെ കാര്യത്തിൽ മുൻപന്തിയിലാണ്. പക്ഷേ, ഒരു കാര്യം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു: കൂടുതൽ കഴിവുള്ള വിദ്യാർത്ഥികളെയാണ് ശാസ്ത്രപഠനത്തിന് കലാശാലകളിൽ പൊതുവെ തെരഞ്ഞെടുക്കുന്നത്. തന്മൂലം, ഈ രംഗത്ത് ഉന്നതവിദ്യാഭ്യാസം സിദ്ധിക്കുന്നവർ, സ്വാഭാവികമായിത്തന്നെ മററുള്ളവരെക്കാൾ മേധാശക്തിയുടെ കാര്യത്തിൽ സമ്പന്നരായിത്തീരേണ്ടതാണ്.

ബുദ്ധിശക്തിയെന്നു പറയുമ്പോൾ സൃഷ്ടിപരമായ വൈഭവംകൂടി അതിന്റെ അവിഭാജ്യഭാഗമായി പരിഗണിക്കണം. ഇത് ഒരു അടിസ്ഥാനതത്വമായി സ്വീകരിച്ച് ബൗദ്ധികസാമർത്ഥ്യത്തെ വിലയിരുത്തുകയാണാവശ്യം. അങ്ങനെ നോക്കിയപ്പോൾ ഒരു ന്യൂനത വ്യക്തമായിക്കാണാൻ കഴിഞ്ഞു. സമൂഹത്തിലെ മററു വിഭാഗങ്ങളിലുള്ള പ്രതിഭാശാലികളെക്കാൾ സൃഷ്ടിപരമായ കഴിവ് ശാസ്ത്രജ്ഞന്മാർക്കില്ല. മാത്രമല്ല, ശാസ്ത്രജ്ഞന്മാരിൽത്തന്നെ കൂടുതൽ ബുദ്ധിയുള്ളവരാണ് കൂടുതൽ കണ്ടുപിടിത്തങ്ങൾ നടത്തിയതെന്ന്, അതായത് സൃഷ്ടിപരമായ നേട്ടങ്ങൾ സമ്പാദിച്ചതെന്ന്, തെളിവുകിട്ടിയിട്ടുമില്ല. സാധാരണ ബുദ്ധിയുള്ളവർ അസാധാരണബുദ്ധിമാന്മാരെക്കാൾ കൂടുതലായി ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾ നടത്തിയിട്ടുണ്ട്: അതിൽനിന്നും, ബുദ്ധിശക്തിയാണ് ശാസ്ത്രജ്ഞന്മാരുടെ മൗലികവൈഭവങ്ങളിലൊന്ന് എന്നു സിദ്ധാന്തിക്കുകവയ്യ. സൃഷ്ടിപരമായ കഴിവ് മററു വിഭാഗങ്ങളിൽപ്പെട്ട ബുദ്ധിജീവികൾക്കുള്ളതിനെക്കാൾ കൂടുതലായി ശാസ്ത്രജ്ഞന്മാർക്കില്ല എന്ന് ഇതിൽനിന്നു വിശ്വസിക്കാം:

യുക്തിബോധം:

യുക്തിബോധത്തിന്റെ കാര്യത്തിൽ ശാസ്ത്രജ്ഞന്മാർക്ക് മററുള്ളവരെക്കാൾ ഉന്നതമായ സ്ഥാനമുണ്ട് എന്നൊരു ധാരണ പരക്കെ കാണാം. സാധാരണജീവിതത്തിൽ പ്രകടിപ്പിക്കുന്ന സാമാന്യയുക്തിയല്ല ഇവിടെ പരാമർശിതം; അപൂർവ്വമായിക്കാണപ്പെടുന്ന അസാമാന്യയുക്തിവൈഭവമാണ് വിവക്ഷിതം.

ഡോക്ടർ മൈക്കൽ ജെ. മഹോണിയും ബോബ് ഡി മേൺബ്രൗണും ചേർന്നു നടത്തിയ നിരീക്ഷണം ഇതു സംബന്ധമായി ചില പുതിയ നിഗമനങ്ങൾക്ക് വിത്തുപാകിയിരിക്കുന്നു. ഇവർ പതിനഞ്ചു മനഃശാസ്ത്രജ്ഞന്മാരെയും പതിനഞ്ച് ഊർജ്ജതന്ത്രജ്ഞന്മാരെയും പതിനഞ്ച് പ്രൊട്ടസ്റ്റാൻറ് പുരോഹിതന്മാരെയും നിരീക്ഷണ

സേവ്യർ പോൾ എം:എ

വിധേയരാക്കി: ശാസ്ത്രജ്ഞന്മാരും പുരോഹിതന്മാരും പ്രകടിപ്പിച്ച യുക്തിബോധത്തിന്റെ അളവിൽ, ശ്രദ്ധേയമായ വ്യത്യാസമൊന്നും കണ്ടെത്താൻ കഴിഞ്ഞില്ല. ഔചിത്യദീക്ഷാനുസൃതമായ സമീപനം സംബന്ധിച്ച് പുരോഹിതന്മാരിൽ ഒരു പ്രത്യേകതകൂടി ദൃശ്യമായിരുന്നു—അവർ ഒരു നിഗമനത്തിലെത്തുന്നത് പല പ്രാവശ്യം ആലോചിക്കുകയും ഗഹനനിരീക്ഷണം നടത്തുകയും ചെയ്തതിനു ശേഷമാണ്.

വസ്തുനിഷ്ഠത;

വികാരത്തെക്കാൾ വിചാരത്തിനു പ്രാധാന്യം നൽകുന്നവരാണ് ശാസ്ത്രജ്ഞന്മാർ എന്നൊരു ധാരണ ജനങ്ങളുടെയിടയിൽ നിലവിലുണ്ട്: സത്യം കണ്ടെത്തുന്നതിൽ വ്യക്തിപരമായ വിശ്വാസപ്രമാണങ്ങളെക്കാൾ ശാസ്ത്രീയവും യുക്തിപരവുമായ ഭൗതികയാഥാർത്ഥ്യങ്ങൾക്ക് ശാസ്ത്രജ്ഞന്മാർ പ്രാധാന്യം നല്കണം. എന്നാൽ ഡോക്ടർ മഹോണിയുടെ ഗവേഷണത്തിൽനിന്നു തെളിഞ്ഞിരിക്കുന്നത്, പൊതുവെ ശാസ്ത്രജ്ഞരിൽ വസ്തുനിഷ്ഠ സമീപനാവേശം മററുള്ളവർക്കുള്ളതിൽ കൂടുതലായിക്കാണാനില്ല എന്നാണ്. ആകർഷണസിദ്ധാന്തം അവതരിപ്പിച്ചപ്പോൾ, ഗലീലിയോയുടെ വസ്തുതകളിൽ ചിലത് വളച്ചൊടി

ച്ചെന്ന് ഇപ്പോൾ ആരോപണമുണ്ട്: തന്റെ സിദ്ധാന്തത്തിന് അനുരോധമായ നിലയിൽ വസ്തുസ്ഥിതികഥനരേഖകൾ അദ്ദേഹം ഉപയോഗപ്പെടുത്തിയെന്നാണിതിന്റെയർത്ഥം. വസ്തുസ്ഥിതിരേഖകളുടെ അടിസ്ഥാനത്തിൽ തന്റെ സിദ്ധാന്തത്തിന് പരിപൂർണ്ണശാസ്ത്രീയത കൈവരുത്താൻ ഗലീലിയോ ശ്രമിക്കാതിരുന്നതെന്താണ്? ആത്മനിഷ്ഠാപഗ്രഥനത്തിന് പ്രാധാന്യം കല്പിച്ചു പോയതുകൊണ്ടാണ് എന്നുത്തരം പറയാം.

ഇതുപോലെ, മെൻഡലിസത്തിന്റെ ഉപജ്ഞാതാവായ യോഹാൻ ഗ്രിഗർ മെൻഡൽ തന്റെ സിദ്ധാന്തത്തിനു പര്യാപ്തമാകും വിധം വസ്തുസ്ഥിതികഥനങ്ങൾ വിശകലനം ചെയ്തുവെന്ന് 1936ൽ സ്ഥിതിവിവരക്കണക്കു ശാസ്ത്രജ്ഞനായ റൊണാൾഡ് ഫിഷർ ചൂണ്ടിക്കാട്ടുകയുണ്ടായി. ഐസക് ന്യൂട്ടനെക്കുറിച്ചും ഇതുപോലുള്ള വിമർശനങ്ങൾ ഉയർന്നു വന്നിട്ടുള്ളതായിക്കാണാം: റിച്ചാർഡ് വെസ്റ്റ്ഫാൾ എന്ന ഗവേഷകന്റെ അഭിപ്രായം, ന്യൂട്ടൻ അതിവിദഗ്ധമായി ചില തത്ത്വങ്ങൾ ദുരുപയോഗപ്പെടുത്തിയെന്നാണ്. ഇത് ആധുനികശാസ്ത്രജ്ഞന്മാരുടെ മാത്രം സ്വഭാവത്തിൽ കാണാവുന്ന പ്രത്യേകതയല്ല. പൗരാണികശാസ്ത്രജ്ഞന്മാരിൽ പലരും അശാസ്ത്രീയനിഗമനങ്ങളിൽ കുടുങ്ങിപ്പോയിട്ടുണ്ട്.

വസ്തുനിഷ്ഠതയിൽ നിന്നു വ്യതിചലിച്ച് ആത്മനിഷ്ഠതയിലേക്കു വീണുപോകുന്ന മനോഭാവം ആധുനികലോകത്ത് അശാസ്ത്രീയപ്രവണതയായാണ് പരിഗണിക്കാറുള്ളത്. ശാസ്ത്രജ്ഞന്മാർ ഇത്തരം അപാകതകൾക്കു വിധേയരാവുകയും വൈകല്യങ്ങൾക്കു കീഴടങ്ങുകയും ചെയ്യാറുണ്ടെന്ന് ഡോ. മഹോണി നടത്തിയ മനഃശാസ്ത്രപരമായ ഒരു പഠനം വെളിപ്പെടുത്തി. ആധുനിക മനോവിജ്ഞാനീയത്തിലെ വിവാദവിധേയമായ ഒരു പ്രശ്നത്തെക്കുറിച്ചുള്ള ഒരു പ്രബന്ധം നിരൂപണം ചെയ്യാൻ അദ്ദേഹം എഴുപത്തിയഞ്ചു ശീലാത്മകമനഃശാസ്ത്രജ്ഞന്മാരോട് (Behavioural Psychologists) അഭ്യർത്ഥിച്ചു. ഒരു മനുഷ്യന്റെ ആന്തരിക താല്പര്യങ്ങളെ ബാഹ്യസംതൃപ്തികൾ എങ്ങനെ സ്വാധീനിക്കുന്നു എന്നതായിരുന്നു വിഷയമർമ്മം. എല്ലാ കൈയെഴുത്തുപ്രതിയിലും ആമുഖം, പരീക്ഷണനടപടിക്രമം എന്നിവ ഒരുപോലെതന്നെ രേഖപ്പെടുത്തിയിരുന്നു. എന്നാൽ ചർച്ചാവിഭാഗം, നിരീക്ഷണഫലം എന്നിവ വ്യത്യസ്തമായി പ്രതിപാദിച്ചു.

അഞ്ചുതരത്തിലാണ് നിരൂപകാഭിപ്രായം മഹോണിക്കു രേഖപ്പെടുത്തിക്കിട്ടിയത്. സ്വന്തം വിശ്വാസപ്രമാണങ്ങളുമായി യോജിക്കുന്ന വസ്തുതാവിശകലനങ്ങളെ മാത്രം പലരും പിന്താങ്ങി. സ്വന്തം അഭിപ്രായങ്ങൾക്കു വിപരീതമായ നിഗമനങ്ങൾ കണ്ടപ്പോൾ പലരും വിയോജിപ്പു പ്രകടിപ്പിച്ചു. ക്ഷമാപൂർവ്വം, ശാസ്ത്രീയമായി, വിലയിരുത്താൻ പലരും തയ്യാറായില്ല. വസ്തുനിഷ്ഠത, ശാസ്ത്രജ്ഞന്മാരുടെ വ്യക്തിത്വത്തിനുള്ളിൽ അനിവാര്യമായ അടിസ്ഥാനഘടകങ്ങളിലൊന്ന് എന്ന നിലയിൽ വ്യാപരിക്കുന്നില്ലെന്ന് ഇതു തെളിയിക്കുന്നു.

വിശാലമനസ്കത

മററുള്ളവരുടെ നിഗമനങ്ങളോടും അഭിപ്രായങ്ങളോടും സഹിഷ്ണത പുലർത്തുന്നതിനാണ് വിശാലമനസ്കത എന്നു പറയുന്നത്. ശാസ്ത്രജ്ഞന്മാർ ഈ തത്ത്വം പരിപാലിക്കണം എന്നു മാത്രമല്ല, പുതിയ സത്യങ്ങൾക്കനുസരിച്ച് തങ്ങളുടെ അഭിപ്രായങ്ങൾ, ധാരണകൾ എന്നിവ യുക്ത്യനുസൃതമായി മാററാനും അവർ തയ്യാറാവേണ്ടതുണ്ട്. വസ്തുനിഷ്ഠ സമീപനത്തിനു പ്രാധാന്യം കല്പിക്കുന്നവർക്കു മാത്രമേ ഇതു സാധ്യമാവൂ. അതില്ലാത്തവർ വ്യക്തിനിഷ്ഠതാല്പര്യങ്ങൾക്കു കീഴടങ്ങി ആശയപരമായ സങ്കുചിതത്വത്തിന്റെ അടിമകളായി പരിണമിക്കുന്നു.

പിററ്സ്ബർഗ് സർവ്വകലാശാലയിലെ ഇയാൻ എം. മിത്രോഫ് എന്ന ഗവേഷകൻ ശാസ്ത്രജ്ഞന്മാരുടെ വിശാലമനസ്കതയെക്കുറിച്ചു ഗവേഷണം നടത്തുകയുണ്ടായി. അമേരിക്ക, ചന്ദ്രനിലേക്കുള്ള യാത്രയ്ക്കുവേണ്ടി സംഘടിപ്പിച്ച അപ്പോളോ പ്രോജക്ടായിരുന്നു ഗവേഷണരംഗം. അഞ്ച് അപ്പോളോ പരിപാടികൾ നടത്തിയ കാലഘട്ടത്തിനിടയിൽ നാല്പത്തിരണ്ട് ഭൗമശാസ്ത്രജ്ഞന്മാരുമായി (Geoscientists) അദ്ദേഹം അഭിമുഖസംഭാഷണം നടത്തി. ചന്ദ്രന്റെ ഉല്പത്തി, ഘടന എന്നിവയായിരുന്നു വിഷയം. ഇവ സംബന്ധിച്ച് ഭൗമശാസ്ത്രജ്ഞന്മാർക്കു കുറേക്കാലമായി ഉണ്ടായിരുന്ന അഭിപ്രായങ്ങൾ നിരൂപണവിധേയമാക്കുന്നതിന്, ചന്ദ്രനിൽനിന്ന് മണ്ണുകൊണ്ടുവരുകയായിരുന്നല്ലോ അപ്പോളോ പ്രോജക്ടിന്റെ ഒരു ലക്ഷ്യം. ഇങ്ങനെ മണ്ണുകൊണ്ടുവന്ന് പരീക്ഷണങ്ങൾ നടത്തി പഠിക്കുകയും, പ്രായോഗിക നിരീക്ഷണങ്ങളിലൂടെ സമ്പാദിക്കുന്ന ആശയങ്ങളിൽ മാത്രം വിശ്വസിക്കുകയും ചെയ്യുന്ന ഭൗമശാസ്ത്രജ്ഞന്മാരുടെ അഭിപ്രായങ്ങൾ പുതിയ വസ്തുസ്ഥിതി കഥനങ്ങൾക്കനുരോധമായിരുന്നു; പുതുമ നിറഞ്ഞതായിരുന്നു. എന്നാൽ വെറും തത്ത്വവേദികളായ, ആശയമാത്രപ്രധാനരായ, ശാസ്ത്രജ്ഞന്മാർ സ്വാഭിപ്രായങ്ങൾക്കു മാററം വരുത്താൻ വൈമനസ്യം പ്രകടിപ്പിച്ചു. അവരെസ്സംബന്ധിച്ചിടത്തോളം ചന്ദ്രനിൽനിന്നുകൊണ്ടു വന്ന മണ്ണിനെസംബന്ധിച്ച വിശകലനപഠനങ്ങളും അവയെ അടിസ്ഥാനമാക്കിയുണ്ടാക്കിയ തത്ത്വനിർധാരണവും സംശയാത്മകമായിത്തോന്നി. പുതിയ തത്ത്വങ്ങൾ ഉൾക്കൊള്ളുന്നതിനുള്ള വിശാലമനസ്കത ആവശ്യമായ അളവിൽ അവർ പ്രകടിപ്പിച്ചുകണ്ടില്ല

നിസ്സ്വാർത്ഥത

എല്ലാ ശാസ്ത്രജ്ഞന്മാരും ലോകത്തെ നിസ്സ്വാർത്ഥമായി സേവിക്കുന്നതിനുവേണ്ടിയാണ് ഗവേഷണം നടത്തുന്നതെന്ന് ഒരു ധാരണ പൊതുവെ കാണാം. എന്നാൽ സമ്മർദ്ദങ്ങൾക്കു വിധേയരായി മനുഷ്യവർഗ്ഗതാല്പര്യങ്ങൾ ബലികഴിക്കുന്നവർ ധാരാളമുണ്ടെന്ന് ചിലതരം ഗവേഷണങ്ങളെ ചില ഗവണ്മെൻറുകൾ നിരോധിച്ചിരിക്കുന്നതിൽനിന്ന് മനസ്സിലാക്കാം. ഇക്കൂട്ടത്തിൽ ഏററവും ശ്രദ്ധേയമായ ഒന്നാണ് 1976 ജൂലൈമാസത്തിൽ അമേരിക്കയിലെ ദേശീയാരോഗ്യസമിതി (നാഷനൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് ഹെൽത്ത്) പുറപ്പെടുവിച്ച നിയന്ത്രണോത്തരവ്. ഇതിൻപ്രകാരം നിരോധിക്കപ്പെട്ട ചില ഗവേഷണമേഖലകൾ നോക്കുക: (1) പുതിയ ജീവരൂപം സൃഷ്ടിക്കുക (2) ചില മാര

NBS NEWS

എൻ. വിയുടെ കൃതികൾ
എൻ. വി. കൃഷ്ണവാരിയർ
എൻ. വി യുടെ കവിതകളുടെ സമ്പൂർണ്ണസമാഹാരം; കൂടെ ബുദ്ധചരിതം, ചിത്രാംഗദ, എന്നീ ആട്ടക്കഥകൾ; വാസ്കോഡഗാമ, കുലശേഖരർ എന്നീ നാടകങ്ങളും. വില 25 ക.

മാർഗ്ഗദീപങ്ങൾ
ടി. കെ. കുഞ്ഞയ്യപ്പൻ
ജോസഫ് മുണ്ടശ്ശേരി, എം. സി. ജോസഫ്, സ്വാമി ബോധാനന്ദൻ, ബ്രഹ്മാനന്ദസ്വാമി ശിവയോഗി, പുത്തേഴത്ത് മാധവമേനോൻ, മൂർക്കോത്ത് കുമാരൻ, എം. പി. മൂത്തേടത്ത് എന്നിവരുടെ തൂലികാചിത്രം. വില 4 ക.

ക്യാ സാൽത്താഹേ?
വേളൂർ കൃഷ്ണൻകുട്ടി
നൂറിൽപ്പരം ഹാസ്യകൃതികളുടെ കർത്താവായ വേളൂർ കൃഷ്ണൻകുട്ടിയുടെ ഏററവും പുതിയ ഇരുപതു കഥകളുടെ സമാഹാരം. വില 5 ക.

പ്രവാസഗീതം
കെ. വി. തമ്പി
അനുഭൂതി തീക്ഷ്ണതയിൽ അഗ്നിശുദ്ധ ചെയ്ത ഈ അക്ഷരശില്പം, സ്വകീയദർശനത്താൽ അനുഗൃഹീതനായ ഒരു കവിയെ കാണിച്ചുതരുന്നു. വില 2 ക.

ചിലപ്പതികാരം
വ്യ: നെന്മാറ
പി. വിശ്വനാഥൻ നായർ
തമിഴിലെ പഞ്ചമഹാകാവ്യങ്ങളിൽ ഒന്ന്. വിശദവും വിപുലവുമായ വ്യാഖ്യാനം. കേ. സാ. അക്കാദമി പ്രസിദ്ധീകരണം. വില 45 ക.

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം.

കരോഗങ്ങൾ സൃഷ്ടിക്കുന്ന വൈറസുകൾ ഉപയോഗിച്ചുള്ള അന്വേഷണം. (3) വിഷം ഉല്പാദിപ്പിക്കുന്നതിനു സഹായിക്കുന്ന ജീനുകൾ സൃഷ്ടിച്ചെടുക്കാനുള്ള ശ്രമം. (4) രാസവസ്തുക്കളുടെ കഴിവ് നശിപ്പിക്കുന്നതിന് രോഗാണുക്കളെ ഉപയോഗിക്കാനുള്ള യത്നം.

സ്വേച്ഛാധിപതികൾക്ക് ആവശ്യമുള്ള തരത്തിൽ പെരുമാറുന്ന മനുഷ്യരെ രൂപപ്പെടുത്താനുള്ള ശ്രമങ്ങളിലേക്ക് വഴിതെളിക്കുന്ന ഗവേഷണങ്ങൾ തീർച്ചയായും മനുഷ്യവർഗത്തിനു ദോഷകരമായിത്തീരുകയല്ലേ? ജനററിക് എൻജിനീയറിംഗ് ആ വഴിക്ക് വളർന്നുകയറുമോ എന്നു ഭയപ്പെടുന്നവർ ധാരാളമുണ്ട്, ശാസ്ത്രരംഗത്ത്. ഡോക്ടർ ഡൊണാൾഡ് എസ്സ്. ഫ്രെഡറിക്സന്റെ അഭിപ്രായം, അററമില്ലാത്തവിധത്തിലുള്ള ആപത്തുകൾ ഇതു സംബന്ധമായ ഗവേഷണരംഗത്ത് സംഭവിക്കാൻ സാധ്യതയുണ്ടെന്നാണ്.

മനുഷ്യന് ദോഷം ചെയ്യുന്നതെന്ന് ഉത്തമബോദ്ധ്യമുള്ള വസ്തുക്കളെക്കുറിച്ചു ഗവേഷണം നടത്തി വൻകമ്പനികളെ ലാഭകരമായ ഉല്പാദനത്തിനും വ്യാപാരത്തിനും സഹായിക്കുന്ന ശാസ്ത്രജ്ഞന്മാരുണ്ട്. താലിഡോമൈഡ് ദുരന്തം ഇതിനു തെളിവാണ്. ഈ മരുന്ന് യൂറോപ്പിലും അമേരിക്കയിലും ഗർഭസംബന്ധമായ അവശതകൾക്ക് പ്രതിവിധി എന്ന നിലയിൽ ലക്ഷക്കണക്കിന് ഗർഭിണികൾക്ക് ഡോക്ടർമാർ നൽകുകയുണ്ടായി. ഒരു ദശാബ്ദക്കാലം മരുന്നുകമ്പനികളുടെ പ്രചാരണത്തിന് വൈദ്യശാസ്ത്രലോകം കീഴടങ്ങിക്കൊടുത്തു. തന്മൂലം ലക്ഷക്കണക്കിനു ശിശുക്കൾ അംഗവൈകല്യങ്ങളോടുകൂടി ജനിക്കുകയും ജീവിതകാലം മുഴുവൻ നിസ്സഹായരായി നരകയാതനകൾക്ക് വിധിക്കപ്പെടുകയും ചെയ്തു. മരുന്നുല്പാദകരായ കോടിപ്രഭുക്കളെ സഹായിക്കാനാണ് ശാസ്ത്രജ്ഞന്മാരെന്നു പേരെടുത്ത മഹാബുദ്ധിമാന്മാർ ഇതിനു കച്ചകെട്ടിയത്. ഈ ജനവിനാശത്തിനു വഴിതെളിച്ച ശാസ്ത്രലോകമാകട്ടെ, പ്രതിവിധി കണ്ടുപിടിക്കാൻ ചെറുവിരൽ അല്പമനക്കിയില്ല. മനുഷ്യസ്നേഹികൾ നടത്തിയ പ്രക്ഷോഭണങ്ങളുടെ ഫലമായിട്ടാണ് താലിഡോമൈഡ് യൂറോപ്പിലും അമേരിക്കയിലും നിരോധിക്കപ്പെട്ടത്.

ഇനിയുമുണ്ട് പ്രശ്നങ്ങൾ: നരവംശസംഹാരത്തിനുതകുന്ന മാരകായുധങ്ങളുടെ നിർമ്മാണവികസനപ്രക്രിയകളിൽ വ്യാപൃതരായി ജീവിതം നഷ്ടപ്പെടുത്തുന്ന ഗവേഷകരുണ്ട്. പ്രതിഫലം, അംഗീകാരം, പ്രസിദ്ധി, യജമാനസ്നേഹം എന്നിവയാണ് ശാസ്ത്രത്തിന്റെ മാനുഷികവശത്തേക്കാൾ ഇവരെ വിമോഹിതരാക്കിയിരിക്കുന്നത്. മുതലാളിത്തരാജ്യങ്ങളിൽ, ജനങ്ങളെ സേവിക്കുന്നതിനല്ല, യജമാനന്മാരായ ശമ്പളദാതാക്കളെയും ധനികരെയും അവാർഡുദാനക്കാരെയും തൃപ്തിപ്പെടുത്തുന്നതിനാണ് പല ശാസ്ത്രജ്ഞന്മാർക്കും കൂടുതൽ താല്പര്യമുള്ളത്. പലപ്പോഴും മനു

ഏററുമാനൂർ സോമദാസൻ

ഇച്ചുററുവട്ടത്തിലിലിനി–
യൊററ
പച്ചത്തളിർപ്പൊടിപ്പെന്നാലും,
വെയ്‌ലിന്റെ തീവെള്ള–
മൂററിക്കുടിച്ചീ
വേരുകംമണ്ണിന്റെപൊള്ളലിൻ–
മൂർച്ഛയിൽ
വെന്തുചുളുങ്ങുന്നുവെന്നാലും.
കററക്കിടാവേ നീ വന്നാലും.
വററിയുണങ്ങിയോരെന്നകിട്ടിൽ
മുട്ടിയുരുമ്മി നീ നിന്നാലും.

മലരുകളൂററിയ യൗവനത്തിൻ
മദജലം വാർത്തതാണീ മണ്ണിൽ.
മഴമുകിൽ,ലാവിതിളച്ചനെഞ്ചിൻ
ചുടുനീർതുളിച്ചതാണീമണ്ണിൽ.
ഹരമേകുമുഷ്ണഗന്ധം–
ചുരത്തിയാ
ഹരിതലഹരി പടംവിരിച്ചാടി,പ
ണ്ടൊരുകടംകഥയായീമണ്ണിൽ.
പൊള്ളിക്കുടുന്നതാമേതോകൈ

വെള്ളയീലെന്നപോലീന്നലത്തെ
ഭാഗ്യ
രേഖയുരിഞ്ഞുപോയെന്നാലും;
പൂഴിതൻനെടുവീർപ്പിൽ–
നിന്നുപുകയുന്നു
പോയകാലത്തിൻ–
സുഗന്ധങ്ങളും സിരാ–
പടലത്തിലൂറിത്തുടിയ്ക്കു–
മേതോ
പൈദാഹത്തിൻ കിനാവുകളും.
ഈ മണം മൊത്തിക്കുടിയ്ക്കാം,–
മമ്മതൻ
ഈററൻ കൺകളിലുപ്പൂ
വിളയിയ്ക്കു–

കയ്പും ചവർപ്പും
ഇനിയും നമ്മാംക്കു
പങ്കുവയ്ക്കാം, പൊട്ടാ–
ത്തിഴകളിൽ നമ്മളെ
കോർത്തുനിർത്താം.
കററകിടാവേ നീ വന്നാലു,
മെൻകണ്ണി–
ലിററുമീയുപ്പുനുണഞ്ഞാലും!
ഈ വൃത്തവീഥിയി,–
ലന്തമറേറാ–
രാവർത്തനത്തിൻ വിരസതയിൽ
തേഞ്ഞകുളമ്പൂന്നിയിത്രനാളും
തേടിയതെന്തെന്നറിയാതെ,
ആകാശനീലിമ

മോർമ്മകരം നൊട്ടി–
നുണയ്ക്കയാം.
പോരികെ–
ന്നോമനേയിച്ചുററുവട്ടത്തിൽ:
യക്ഷിപ്പാലച്ചുവടുകളിൽ മരു–
പ്പച്ചയിൽ, കാനലൊഴുക്കുകളിൽ
കൂത്താടിവെമ്പലാർന്നുഴറി–
ക്കുതിയ്ക്കുന്ന
കുഞ്ഞിക്കിടാവേ, നിനക്കായി
ഓരോ ഞരമ്പും
പിഴിഞ്ഞെടുക്കാം.
ചോരിവായ്ക്കുള്ളിൽ
ചുരത്തിവീഴ്ത്താം.
ഈ നിത്യദു:ഖത്തിൻ

നക്കിത്തുവർത്തിനി–
ന്നമ്മ പഴങ്കഥ പാടുമ്പോൾ–
അന്തിച്ചുകപ്പു
തളംകെട്ടിനില്പൂ
അറവുപുരയുടെ കോലായിൽ.
ഇച്ചുടുവീർപ്പിന്റെ
വററാത്ത വാത്സല്യ
മിററിത്തുളിച്ചുവീണിക്കാണും
ചുററുവട്ടത്തിലെങ്ങാനും–
കററക്കിടാവേ,
നിനക്കായൊരുതളിർ
ദർഭക്കുരുന്നു പൊടിച്ചെങ്കിൽ!

—○—

ഷ്യവർഗ്ഗശത്രുക്കളുടെ കൈയിൽക്കിടന്നു കളിച്ച്, ശാസ്ത്രവിജ്ഞാനം വിററു കാശാക്കാൻ അവർക്കു കഴിയുന്നു. ഹിററ്ലർ, മുസ്സലിനി ഫ്രാങ്കോ. സലാസർ, സ്ട്രോഡം എന്നീ സ്വേച്ഛാധിപതികളുടെ പാവകളായി മാറിപ്പോയ ശാസ്ത്രജ്ഞന്മാരുടെ പാതകങ്ങളെ ആർക്കാണു വിസ്മരിക്കാൻ കഴിയുക?

ഉന്നതവ്യക്തിത്വമുള്ളവന് നിസ്സാരകാര്യങ്ങളിൽ മനസ്സ് പൂഴ്ത്തിവയ്ക്കാൻ കഴിയുകയില്ല. പ്രശസ്തിയ്ക്കും അംഗീകാരത്തിനും സമ്മാനത്തിനും സ്തുതിഗീതങ്ങൾക്കും വേണ്ടി അവൻ പാഞ്ഞുനടക്കുകയില്ല. മഹത്വമുള്ളവൻ ഉന്നതലക്ഷ്യങ്ങളിലേക്കു കണ്ണയക്കുന്നു. ഈ ലോകജീവിതരംഗത്ത് ശാശ്വതസ്മരണയ്ക്കു വിധിക്കപ്പെട്ടിരിക്കുന്ന ശാസ്ത്രജ്ഞൻ ഈ വിധത്തിൽ വിനയാന്വിതരായിക്കഴിഞ്ഞുകൂടുമെന്നായിരിക്കും പൊതുജനവിശ്വാസം. എന്നാൽ പല ശാസ്ത്രജ്ഞന്മാരുടെയും ജീവിതയാഥാർത്ഥ്യങ്ങൾ വിശകലനം ചെയ്തു നോക്കുമ്പോൾ അവർക്ക് നിഷ്കാമകർമ്മജന്യമായ ഉന്നതവ്യക്തിത്വത്തിന്റെ പരമോന്നത്യം പ്രാപിക്കാൻ കഴിഞ്ഞിട്ടില്ലെന്നു ബോധ്യമാവും. ആർഷഭാരതത്തിലെ മഹർഷിവര്യന്മാരായിരുന്ന പൗരാണികശാസ്ത്രജ്ഞന്മാരുടെ ജീവിതതേജസ്സ് ഇന്ന് ഒരു അപൂർവ്വവസ്തുവാണ്.

വിനയമുള്ളവർ തുറന്നമനസ്സോടുകൂടി പ്രവർത്തിക്കും; ആശയങ്ങൾ സ്വമേധയാ കൈമാറും. തന്റെ ചിന്തകളും നിഗമനങ്ങളും ലോകശ്രേയസ്സിനുവേണ്ടി വിനിയോഗിക്കാൻ എളുപ്പവഴിയെന്ത് എന്ന് ആലോചിക്കും. എന്നാൽ ചില ശാസ്ത്രജ്ഞന്മാർ ഇങ്ങനെയായിരുന്നില്ല.

ശാസ്ത്രരംഗത്ത് മത്സരവും രഹസ്യവും കൊടികുത്തിവാണിട്ടുണ്ട്. സാമൂഹ്യശാസ്ത്രജ്ഞനായ റോബർട്ട് കെ. മെർട്ടന്റെ ഗവേഷണം ഇതു തെളിയിക്കുന്നു. ലോകത്തിലെ പ്രസിദ്ധരായ ശാസ്ത്രജ്ഞന്മാരുടെ ജീവിതചരിത്രങ്ങളാണദ്ദേഹം നിരീക്ഷണവിധേയമാക്കിയത്.

ഫലം: ഗലീലിയോ, ന്യൂട്ടൻ, ഡെസ് കാർട്ടിസ്, ലീബ്നിറ്റ്സ്, ലാസ്കൽ, ഫാരഡേ, ലിസ്റ്റർ, ഡേവി എന്നീ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിത്തങ്ങളും ആശയങ്ങളും സംബന്ധിച്ച് മത്സരങ്ങളിലും വാദപ്രതിവാദങ്ങളിലും ഏർപ്പെടുകയുണ്ടായി. ചില കണ്ടുപിടിത്തങ്ങളുടെ അവകാശം തങ്ങൾക്കാണെന്ന് അവർ സിദ്ധാന്തിച്ചിരുന്നു. ഗലീലിയോ തന്റെ ആശയങ്ങൾ രഹസ്യമായിരിക്കുന്നതിനുവേണ്ടി പ്രത്യേക സമ്പ്രദായങ്ങൾ ഉപയോഗിച്ചാണ് രേഖകൾ തയ്യാറാക്കിയിരുന്നത്.

കാൽക്കുലസ് കണ്ടുപിടിച്ച ലീബ്നിസിനെ പരാജയപ്പെടുത്താൻവേണ്ടി ഐസക് ന്യൂട്ടൻ പരിശ്രമിച്ചിരുന്നു. അദ്ദേഹം റോയൽ സൊസൈററിയുടെ പ്രസിഡൻറ് എന്ന പദവി ദുരുപയോഗപ്പെടുത്തി, തന്റെ സുഹൃത്തുക്കളടങ്ങിയ ഒരു കമ്മീഷനെ നിയമിച്ച് ന്യൂട്ടനാണ് ആ കണ്ടുപിടിത്തത്തിന്റെ പ്രണേതാവ് എന്ന് പ്രഖ്യാപിപ്പിക്കാൻ കഠിനയത്നം നടത്തി. അങ്ങനെ ആ ബഹുമതി തന്റേതാക്കണമെന്നായിരുന്നു ന്യൂട്ടന്റെ മോഹം.

ഇതൊക്കെ പഴയ കഥയാണെന്നു പറഞ്ഞേക്കാം. എന്നാൽ സ്ഥിതി ഇന്നും വലിയ വ്യത്യാസമില്ലാതെ തുടരുകയാണ്. പ്രസിദ്ധിയ്ക്കും സ്ഥാനമാനങ്ങൾക്കും അംഗീകാരത്തിനുംവേണ്ടി, ഉയർന്ന മാനുഷികമൂല്യങ്ങൾ ചവിട്ടിത്തള്ളിക്കൊണ്ട് ഈ രംഗത്ത് ധാരാളംപേർ ഉന്നതശ്രേണികളിലേക്ക് കടന്നുപോകുന്നുണ്ട്. നോബൽ സമ്മാനത്തിനുവേണ്ടിപ്പോലും വളഞ്ഞവഴികളിൽക്കൂടി മത്സരങ്ങൾ നടക്കുന്നു. നോബൽസമ്മാനം നേടിയ ജെയിംസ് വാട്സന്റെ In the double helix എന്ന കൃതി ഇതിനു തെളിവാണ്.

ശാസ്ത്രജ്ഞന്മാരുടെ ജീവിതം, പ്രവർത്തനം, ലക്ഷ്യം എന്നിവ സംബന്ധിച്ച് മൗലികവും പ്രായോഗികവുമായ ഗവേഷണങ്ങൾ നടത്തേണ്ടതുണ്ട് എന്നു മുകളിൽ സൂചിപ്പിച്ച വസ്തുതകൾ തെളിയിക്കുന്നു. എങ്കിൽ മാത്രമേ ശാസ്ത്രജ്ഞന്മാരുടെ പ്രവർത്തനങ്ങൾക്ക് ആധാരശിലയായിരിക്കേണ്ട പുതിയ മൂല്യബോധം സൃഷ്ടിക്കാൻ കഴിയൂ; അവ്യവസ്ഥിതമായിപ്പടർന്നു കിടക്കുന്ന ഗവേഷണമേഖലയെ പരിനിഷ്ഠിതധർമ്മങ്ങൾക്കുള്ളിലൊതുക്കാൻ സാധ്യമാവൂ. ഇല്ലെങ്കിൽ ശാസ്ത്രജ്ഞശല്യം മനുഷ്യവർഗ്ഗത്തിന് ഒരു പുതിയ വിപത്ത് പ്രദാനംചെയ്യേക്കും. അതൊഴിവാക്കാൻ പുതിയ വെളിച്ചം ആവശ്യമാണ്.

—o—

മുഖം

കാനേഷ് പൂനൂര്

"**അ**തേതായാലും വേണ്ട"— അവൾ പറഞ്ഞു,

"നിങ്ങൾ കൂടി ഇവിടെ ഇല്ലാത്ത സ്ഥിതിയ്ക്ക് പ്രത്യേകിച്ചും."

നാരായണപ്പണിക്കർ ചിരിച്ചു. അയാൾ പൗഡറിടുകയായിരുന്നു.

"അതു ശരിയാണോ സുമീ, നമ്മുടെ വീടിവിടെയുള്ളപ്പോൾ രമേശൻ ലോഡ്ജിൽ താമസിച്ചുന്ന് കേട്ടാൽ അമ്മായി എന്തു വിചാരിയ്ക്കും?"

അവൾ അയാളുടെ ഷൂസിൽവീണ പൗഡറിന്റെ പുള്ളിക്കുത്തുകൾ ടവ്വൽകൊണ്ടു തുടച്ചു കൊടുത്തു.

"എന്നാലും അതു വേണ്ടെന്നു തന്നെയാണു ഞാൻ പറയുന്നത്."

അവളുടെ മുഖത്തെ ഹിരണ്മയകാന്തികളിൽ വെറുപ്പിന്റെ നിഴലുകൾ ചേക്കേറുന്നത് അയാൾ ശ്രദ്ധിച്ചു. അത് ഒപ്പിക്കളയാനെന്നോണം അയാൾ ചുണ്ടുകൾ മെല്ലെ കവിളിൽ ചേർത്തു.

"നിനക്കു സൂക്ഷിക്കാനാനറിയാമല്ലോ. നിന്റെ കഴിവിൽ എനിക്കൊട്ടും വിശ്വാസക്കുറവില്ല, പോരേ."

അവൾ മിണ്ടിയില്ല. സൂട്ട് കെയ്സെടുത്ത് പിൻതുടരുമ്പോൾ, കാലുകൾ ഇത്രയും അകററിവെച്ചില്ലായിരുന്നെങ്കിൽ ഭർത്താവിന്റെ നടത്തയ്ക്ക് കൂടുതൽ ഭംഗിയുണ്ടാകുമായിരുന്നു എന്നവൾ ഓർത്തു.

നമ്മുടെ പ്രായം നിർണ്ണയിക്കുന്നതിൽ ചിലപ്പോൾ ചെറിയ ഒരംഗ ചലനം പോലും വലിയ പങ്കു വഹിക്കുന്നു എന്നു വിചാരിക്കുകയും ചെയ്തു.

ടാക്സി തിരിച്ചു നിറുത്തുകയായിരുന്നു ഡ്രൈവർ. കാറിന്റെ പിൻപുറം തട്ടി പൂമരം കിലുങ്ങി. പേരറിയാത്ത പൂക്കൾ ചിരിച്ചു.

പിൻസീററിൽ കയറിയിരുന്നുകൊണ്ടയാൾ ഓർമ്മിപ്പിച്ചു.

"ഇന്നു വൈകീട്ടത്തെ വണ്ടിക്കാണവൻ വരിക. കഴിയുമെങ്കിൽ ഒന്നു സ്റ്റേഷനിലോളം ചെല്ലൂ. വഴിയറിയാതെ വിഷമിച്ചാലോ?"

കാർ ഒരു കറുത്ത പൊട്ടായി വളവു തിരിഞ്ഞപ്പോൾ അവളുടെ മനസ്സിൽ അമർഷം നുരയുകയായിരുന്നു.

തന്റെ അനിയത്തി ജെസ്സി മോളെ കുപ്പക്കുഴിയിലേയ്ക്ക് ഉന്തിയിട്ട ആ പിക്കിരിച്ചെറുക്കന്റെ ഉണ്ടക്കണ്ണുകൾ ഇപ്പോഴും ഓർമ്മയിലുണ്ട്. പിന്നീടൊരിയ്ക്കലും കണ്ടിട്ടില്ല എങ്കിലും അവന്റെ തലതിരിഞ്ഞ വളർച്ചയെപ്പററി അപ്പഴപ്പോഴായി കേട്ടുകൊണ്ടിരുന്നു.

"എന്തിനാണവന്റെ കാര്യത്തിൽ ഇത്ര ഉൽക്കണ്ഠ കാണിക്കുന്നത്? അത്രമാത്രം വലിയ ബന്ധമൊന്നുമല്ലല്ലോ."

ഭർത്താവ്, ആശുപത്രിയിൽ കിടക്കുന്ന ആ പെൺകുട്ടിയെപ്പററി പറഞ്ഞപ്പോഴാണ് ഒരിയ്ക്കൽ ചോദിച്ചത്.

"ചെറിയ ബന്ധമേയുള്ളൂ. പക്ഷേ, അവന്റെ അച്ഛനാണ് എനിയ്ക്കു ജീവിതം തന്നത്."

—അറിയാമായിരുന്നു. മുഴക്കുടിയനായ അച്ഛന്റെ മുന്നിൽ കോളേജിൽ പോകാൻ വേണ്ടി കണ്ണു നിറച്ച ചെറുപ്പക്കാരനെക്കുറിച്ച് ഒരിയ്ക്കൽ പറഞ്ഞിരുന്നു.

— തന്റെ ഭർത്താവായിരുന്നു അത്.

"പോടാ, പോ. നീയിപ്പം മജിസ്ട്രേട്ടും എമാനും ഒന്നും ആകണ്ട."

രമേശന്റെ അച്ഛൻ പുറത്തു തട്ടി ആശ്വസിപ്പിച്ച് ടൗണിലെ കോളേജിലേയ്ക്കു വിളിച്ചു കൊണ്ടു പോകുകയാണു ചെയ്തത്.

പക്ഷേ, രമേശൻ പഠിച്ചില്ല. പതിനഞ്ചും നായും പുലിയും കളിച്ചും ഇരച്ചു

ബീഡി വെച്ചും സമയം പോക്കി. വളരെ കഴിഞ്ഞാണു നല്ല ബുദ്ധി തോന്നി കോളേജിൽ ചേർന്നതു്.

മൂന്നു തവണ പ്രീഡിഗ്രിക്കു തോററു. ഇപ്പോൾ നാലാം പ്രാവശ്യം പരീക്ഷ എഴുതാൻ വരികയാണു്.

ഭർത്താവു രമേശിനെപ്പററി പറയുമ്പോഴൊക്കെ മുഖത്തു മുറിവിന്റെ വലിയ പാടുള്ള സിനിമയിലെ ആ വില്ലനെയാണോർമ്മ വരിക: പൊട്ടിപ്പോയ മഞ്ഞക്കണ്ണിന്റെ മറുവശത്തു് തിളങ്ങുന്ന ഒററക്കണ്ണിലെ ക്രൂരത.

കൗമാരത്തിലേ കരിഞ്ഞുപോയ ഒരു പുഷ്പം. ആ പെൺകുട്ടിയുടെ പേരെന്തായിരുന്നു?

കല്യാണിയെന്നോ കാത്ത്യായനി എന്നോ?

ഒരു നട്ടുച്ച.

കോറത്തുണിയുടെ ഒരു ബ്ലൗസ് പീസു കാണിച്ചാണത്രെ മോഹിപ്പിച്ചതു്.

അമ്മായി ഊണു കഴിച്ചു മയങ്ങുകയായിരുന്നു.

അകത്തെ എച്ചിലുകൾ തുത്തു വാരുകയും പാത്രം മോറിക്കമഴ്ത്തുകയുമായിരുന്നു അവൾ.

വെള്ളയിൽ നീലപ്പൂക്കളുള്ള ആ തുണി കാൺകെ അവൾ തോൾ കീറിയ തന്റെ കമ്മീസിലേയ്ക്കു നോക്കിയിരിയ്ക്കാം.

ഒടുക്കം ഭയം ഒരു നനുത്ത നാണത്തിലൊളിപ്പിച്ചു് നിശ്ശബ്ദമായി വഴങ്ങിയിരിയ്ക്കാം.

ഒടുക്കം ചോരപ്പൂക്കൾ കണ്ടപ്പോൾ—

“ഹമ്മേ!”

“ഇങ്ങനെയൊരു പിശാചിനെയാണല്ലോ ദൈവമേ ഞാൻ വയററിൽ ചുമന്നതു്.”

അമ്മായി പൊട്ടിക്കരഞ്ഞു.

ആസ്പത്രിയിൽ കിടക്കുന്ന പെൺകുട്ടിയെ കാണാൻ ഭർത്താവു പോയിരുന്നു.

അവൾ പിന്നീടൊരിക്കലും സംസാരിച്ചിട്ടില്ല. അന്നു്, ഉച്ചതളർച്ചയിൽ പുറത്തു വരാതെ തൊണ്ടയിൽ മുട്ടിത്തിരിഞ്ഞ ആ രോദനം ഒരിയ്ക്കലും മോചനമില്ലാതെ ഇപ്പോഴും അവളുടെ ഉള്ളിലുഴലുന്നുണ്ടാവണം.

അവൾ പല്ലുകൾ ഞെരിച്ചു.

—അവനെ സ്വീകരിക്കാനാണു താൻ പോകേണ്ടതു്.

ഇത്രയും നേരം മുററത്തു തന്നെ നില്ക്കുകയായിരുന്നു എന്നു് അപ്പോഴാണോർത്തതു്.

അകത്തേക്കു കടന്നു. ഒന്നും ചെയ്യാനില്ല.

അവൾ റേഡിയോ ഓൺ ചെയ്തു. സ്റ്റേഷനുകൾ പലതും നിശ്ശബ്ദമാണു്. ഒടുക്കം ഫിലിപ്പ്സിന്റെ അടഞ്ഞ തൊണ്ടയിൽ കിഷോറിന്റെ ശബ്ദം ചിലമ്പി.

എത്രയോ നാളായി ഇതൊന്നു നന്നാക്കാൻ കൊടുക്കണമെന്നു വിചാരിക്കുന്നു.

റേഡിയോ ഓഫ് ചെയ്തിട്ടു് അവൾ കിടന്നു. ഫെമിനയുടെ പേജുകൾ വിരൽത്തുമ്പുകളിലൂടെ ഊർന്നു പോയി.

രമേശന്റെ മുഖം ഭീതിദമായ ഒരസ്വസ്ഥതയായപ്പോൾ അവൾ മയങ്ങാൻ ശ്രമിച്ചു.

* * *

നിമിഷങ്ങളുടെ കാലടിവെപ്പിൽ അവൾ മറെറാരു പാദപതനശബ്ദത്തിനുവേണ്ടി കാതോർത്തു.

വഴിയറിയാതെ വിഷമിച്ചിരിക്കുമോ? വീടു ചോദിച്ചു ചോദിച്ചു്.

ഒടുക്കം സൈൻ ബോർഡ് കണ്ണിൽപ്പെടാതിരിക്കില്ല.

— നാരായണപ്പണിക്കർ—ഔട്ടു്.

നാലരയ്ക്കല്ലേ വണ്ടി?

ഇപ്പോൾ ആറിനു് അഞ്ചു മിനിട്ടു്.

ഇനി വരില്ലെന്നുണ്ടോ?

വീടു കണ്ടുപിടിക്കാനുള്ള ബുദ്ധിമുട്ടോർത്തു വല്ല ലോഡ്ജിലും.

സുമതി അസ്വസ്ഥയായി. അവൾ സ്വയം ഉള്ളിൽ ഒരു പടനിലമൊരുക്കുകയായിരുന്നു. പ്രതിരോധത്തിനായി സംഭരിച്ച ശക്തി വെറുതെയാകുന്നതുപോലെ. ഇപ്പോൾ അവൾക്കു തോന്നുന്നു ശത്രു വഴിമാറിക്കളഞ്ഞതുപോലെ.

മൂർച്ചകൂട്ടി വെച്ച വാളിനെ ഓർത്തു വ്യാകുലപ്പെട്ടു അവൾ.

പെട്ടെന്നു് നിശ്ശബ്ദതയിൽ ഒരു മന്ദ്രധ്വനി. അവൾ പിടഞ്ഞെണീററു. സാരി ശരിയാക്കി കണ്ണാടിയിൽ പതിഞ്ഞ തന്റെ പ്രതിച്ഛായയ്ക്കു മുമ്പിൽ അവൾ ഒരു നിമിഷം നിന്നു.

മുടി പിന്നിലേയ്ക്കിട്ടു് രണ്ടു നിമിഷംകൂടി അവൾ നിന്നുപോയി.

കാളിംഗ്ബെൽ ഒരിക്കൽക്കൂടി നിശ്ശബ്ദതയിൽ താളംപിടിച്ചു. അവൾ വാതിൽ തുറന്നു.

മുമ്പിൽക്കണ്ട ചെറുപ്പക്കാരന്റെ മുഖത്തു മുറിപ്പാടില്ല. വശ്യമായ ചിരിയല്ല. നേർത്ത മീശ. മുടിയുടെ കുറവു മറയ്ക്കാൻ വേണ്ടിയാവണം വലതുവശത്തു നെററിയിലേയ്ക്കു കോതിയിട്ടിരിക്കുന്നു. അതിനു താഴെ കണ്ണുകളിൽ ജിജ്ഞാസമാത്രം.

“നരേട്ടൻ എവിടെപ്പോയതാ?”

“തൃശ്ശൂരിൽ. രണ്ടാഴ്ച കഴിയും വരാൻ.”

അവൾ ചിരിച്ചില്ല. അവൻ നേരെ നോക്കുന്നില്ലെന്നു തോന്നി. അല്ലെങ്കിൽ അതൊരു തോന്നൽമാത്രമാണോ?

“ചേച്ചിക്കെന്നെ മനസ്സിലായില്ലെന്നു തോന്നുന്നു. ഏട്ടൻ പറഞ്ഞില്ലേ? രമേശൻ.”

ഇപ്പോൾ അവൾ ചിരിച്ചു.

“കൈ കഴുകില്ലേ? പെട്ടി താഴെ വെച്ചോളൂ.”

അവൾ സ്വീകരണമുറിക്കു തൊട്ടുള്ള ചെറിയ മുറി തുറന്നു.

രമേശനു് ഇവിടെ കിടക്കാം.”

കിടക്കവിരി ശരിയാക്കി പുറത്തുകടക്കുന്നതിനു മുമ്പുതന്നെ അവൻ അകത്തു കടന്നു.

എന്തിനാണവൻ തനിക്കു സൗകര്യമായി കടന്നുപോകാൻ കഴിയാത്തവിധം വാതിൽ നിറഞ്ഞുനിൽക്കുന്നതു്?

സ്ത്രീകളുമായി ഫ്രീയായി ഇടപഴകാൻ ഇടവരാതെ വളർന്ന പുരുഷന്മാർ കാണിക്കുന്ന ചാപല്യങ്ങളെക്കുറിച്ചു് എവിടെയോ വായിച്ചതവൾ ഓർത്തു.

“അമ്മായിക്കു അസുഖൊന്നുംല്യല്ലോ”

“ഇല്ല”

സ്പർശിക്കാതിരിക്കാൻ ശ്രദ്ധിച്ചു് അവൾ പുറത്തുകടന്നു.

“ഇത്തവണെങ്കിലും രക്ഷപ്പെടണംന്നുണ്ടു്. ഞാനിപ്പഴേ കുളിച്ചു വായനതൊടങ്ങട്ടെ.”

ഹണി ബി ബ്രാൻഡി-ഓരോതുള്ളിയിലും ഫ്രാൻസിന്റെ വീര്യം ഉൾക്കൊള്ളുന്നത്



ഹണി ബി ബ്രാൻഡി മുത്തികുടിച്ചു നോക്കൂ-അതു നിങ്ങൾക്ക് ഫ്രാൻസിലെത്തിയ അനുഭൂതി പകരും.

ഹണി ബി
ബ്രാൻഡി

അവൾ സംസാരം നീട്ടിക്കൊണ്ടുപോകാൻ ഇഷ്ടപ്പെട്ടില്ല. തോർത്തും സോപ്പും കുളിമുറിയിൽവെച്ച് അടുക്കളയിൽ കയറി.

"ചായയും പലഹാരവും ഒരാൾക്കുകൂടി വേണം."

വെള്ളമനത്തുകയായിരുന്ന വേലക്കാരി തലയാട്ടി.

അപ്പോഴാണ് പുസ്തകത്തിന്റെ കാര്യം അവൾക്കോർമ്മവന്നത്. വടക്കേതിലെ മണി വായനശാലയിലേക്ക് പുറപ്പെട്ടു പോയിട്ടുണ്ടാവുമോ?

"തോമസ് ഹാർഡി"യേയും ചുമന്ന് അവൾ വേലിക്കലേക്കുചെന്നു നീട്ടിവിളിച്ചു.

ഇല്ല. മണി പോയിരിക്കുന്നു. സാറയാണു പറഞ്ഞത്.

തിരിച്ചുവന്ന് അകത്തേക്കു കടക്കുമ്പോൾ കുളിമുറിയിൽനിന്നും പൊട്ടിച്ചിരി.

"വെള്ളമെടുത്ത് വേഗം മാറിത്തന്നില്ലെങ്കിലേ തലക്കിട്ട് ഞാൻ കിഴുക്കും"—രമേശന്റെ സ്വരം.

വേലക്കാരി കിണുങ്ങുന്നു.

—എത്ര വേഗം!

അവൾക്കൊരു വിറയലാണ് വന്നത്.

"രാധേ"—അവൾ ഉറക്കെ വിളിച്ചു.

"മുററത്തുണങ്ങാനിട്ടതൊക്കെ എടുത്തില്ലേ നീ"

* * *

സുന്ദരമായ സ്വപ്നം നഷ്ടപ്പെട്ടതിൽ സുമതിക്കു ദുഃഖം തോന്നി. പുറത്തു മഴയുടെ സംഗീതം ഉച്ചസ്ഥായിയിലാവുന്നു. സമയം എത്രയായിക്കാണും?

അവൾ എണീററു. വാൾ ക്ലോക്കിൽ മൂന്നു മണി. പുറത്തെ മുറിയിൽ വെളിച്ചം.

രമേശൻ ഉറങ്ങിയിട്ടില്ല. മടിയൻ മല ചുമക്കും എന്നാണല്ലോ. "ചേച്ചീ, ചേച്ചീ"

പെട്ടെന്നായിരുന്നു വിളി.

"എന്തേ?" അവൾ ഉച്ചത്തിൽ ചോദിച്ചു.

"കുറച്ചു വെള്ളംവേണം. വല്ലാത്ത ദാഹം"

പെട്ടെന്നവൾ പല്ലു ഞെരിച്ചു. ഈ മഴയത്തോ ദാഹം? വെള്ളത്തിനുതന്നെയോ?

"രമേശനു് ഒരു സാരി വേലിമേൽ കിടക്കുന്നതുകണ്ടാലും മതീന്നാ നാട്ടാര് പറയ്ണത്. ബന്ധുംല്ല, പ്രായുംല്ല മംഗലത്തെ അപ്പൂട്ടൻ പറേ്യ"—രമണിയേട്ടത്തി ഒരിക്കൽ പറഞ്ഞതാണ്.

—ഇങ്ങനെയാണ് തുടക്കം. അമർഷം അവൾ കടിച്ചമർത്തി. വാതിൽ തുറന്ന് കൂജയിലെ വെള്ളം വെച്ചു നീട്ടി. അവൻ കൂജ തൊണ്ടയിലേക്കു കമിഴ്ത്തുന്നതു നോക്കിനിന്നു.

"എല്ലാം വായിച്ചതാണ്. ഒരുപ്രാവശ്യെങ്കിലും റിവൈസ് ചെയ്തില്ലെങ്കിൽ ഓർമ്മയിൽ നിൽക്കില്ല്യ"

രമേശൻ മുഖത്തുനോക്കുന്നില്ലെന്നവൾ ശ്രദ്ധിച്ചു. കൂജവാങ്ങി വാതിലടച്ച് കുററിയിട്ടു.

കിടക്കയിലിരിക്കവേ എവിടെയോ സ്വയം നഷ്ടപ്പെട്ടതുപോലെ സുമതിക്കു തോന്നി. എന്തിനാണ് താൻ വിമ്മിഷ്ടപ്പെടുന്നതെന്നവൾക്കു മനസ്സിലായില്ല. ക്ലോക്കിന്റെ ശബ്ദം മൗനത്തിനു കുത്തും കോമയുമിടുന്നു.

മനസ്സിന്റെ ഏതു ഭാഗമാണ് ആർദ്രമാകുന്നത്.

വിജനമായ പുളിനപ്പരപ്പിലൂടെ തിണ്ടിടിച്ചു നടന്നു പോകുന്ന കാലുനനഞ്ഞ യാത്രക്കാരനാരാണ്?

അവൾ വാതിൽ തുറന്നു.

എരിയുന്ന ടാബിൾലാംബിന്റെ മുന്നിൽ പുസ്തകത്തിൽ മുഖമമർത്തി രമേശൻ ചാഞ്ഞുകിടക്കുന്നു. എണ്ണയില്ലാത്ത മുടിയിൽ ചെമ്പിച്ച [illegible] മഞ്ഞ വൃത്തം.

"രമേശാ" അവൾ തട്ടിവിളിച്ചു.

ഉറക്കത്തിന്റെ ഭാരമുള്ള കൺപോളകൾ തുറക്കാൻ തിടുക്കപ്പെട്ട് അവൻ നേരെയിരുന്നു.

"കുറച്ചെങ്കിലുമുറങ്ങാതെ എങ്ങനെയാ നാളെ പരീക്ഷയെഴുതാ? ഉറങ്ങിക്കോളൂ രമേശൻ"

അവൻ മന്ദഹസിച്ചതേയുള്ളൂ. തന്റെ ഉലഞ്ഞ മുടിയും സാരിമറക്കാത്ത മാറത്തെ മുഴുത്ത വെളുപ്പിന്റെ തുണ്ടും അവൻ ശ്രദ്ധിച്ചുഴുങ്ങുകയാണോ?

പറയേണ്ട വാചകം അവളുടെ നാവിൻ തുമ്പത്തുണ്ട്.

"ഛീ മാറിനിൽക്കെടാ മുമ്പിൽനിന്നു"

ഏതു സിനിമയിലായിരുന്നു അങ്ങനെയൊരു രംഗം.

"ഉറങ്ങുന്നില്ലെങ്കിൽ രമേശന്നു കുറച്ചു കാപ്പിയുണ്ടാക്കിത്തരട്ടേ?"

കസേരയോടു് ചേർന്നുനിന്നുകൊണ്ടാണവൾ ചോദിച്ചതു്. അവൻ നിഷേധാർത്ഥത്തിൽ തലയാട്ടിയതേയുള്ളു.

കണ്ണുകൾ പുസ്തകത്തിലെ അക്ഷരങ്ങൾ കോരിയെടുക്കാൻ ശ്രമിക്കുമ്പോൾ നിദ്രയുടെ ദ്വാരങ്ങളിലൂടെ അവ വീണുപോകുന്നു എന്നവൾക്കു തോന്നി. കൂജയിൽനിന്നല്പം വെള്ളമെടുത്തവൾ അവന്റെ മുഖത്തു കുടഞ്ഞു. എന്നിട്ടു് കുലുങ്ങിച്ചിരിച്ചു.

അവൻ പിടഞ്ഞെഴുന്നേറ്റിരുന്നു. ആ ചിരിയുടെ തിരമാല അടങ്ങിയശേഷം അവൾ മന്ദഹാസത്തോടെ ആരാഞ്ഞു:

"ഞാനൊരു കാര്യം ചോദിച്ചാൽ സത്യം പറയുമോ?"

എന്താണെന്ന അർത്ഥത്തിൽ രമേശൻ നോക്കി. അവളുടെ കണ്ണുകളിലെ തിളക്കം, തിരതല്ലുന്ന മാദകഭാവം ശ്രദ്ധിക്കാതെ അവൻ പറയാൻ തയ്യാറായി ഇരുന്നു.

"പറയുമോ രമേശ്?"

അവൾ അവന്റെ ചുമലുകളിൽ രണ്ടു കൈകൊണ്ടും പിടിച്ചു കുലുക്കി.

"അവൾ സുന്ദരിയായിരുന്നോ?"

"ആര്?"

"കുറേ പേരുണ്ടല്ലോ അല്ലേ?" — സുമതി മറ്റൊരു ചിരിയുംകൂടി തീ കൊളുത്തി.

അവൻ ഒന്നുമറിയാത്തതുപോലെ ഇരുന്നതേയുള്ളു.

"ആ ആസ്പത്രിയിൽ കിടന്ന പെണ്ണേ."

"ആയിരുന്നു" എന്നു പറയുമ്പോൾ രമേശന്റെ മുഖത്തു പ്രകടമായ ആ ഉദാസീനഭാവം അവൾ നോക്കിനിന്നു. തളർച്ച മഞ്ഞുപോലെ തന്നിൽ വ്യാപിക്കുന്നുവോ എന്നു സുമതി സംശയിച്ചു.

എങ്കിലും ഒരിക്കൽക്കൂടി അവൾ പിടിച്ചുനിൽക്കാൻ ശ്രമിച്ചു.

"എന്താ വായിക്കാനുള്ളതുകൊണ്ടാണോ രമേശിനു് ഇത്ര ദേഷ്യം?"

അവൻ ചിരിച്ചു:

"ഞാൻ മുഴുവൻ വായിച്ചുകഴിഞ്ഞു. എനിക്കുറക്കംവരുന്നു."

മേശയിലേക്കു ചായ്ച്ച അവന്റെ മു

(ശേഷം 51-ൽ)



ജുബായും തൊപ്പിയും വരുത്തിവച്ച വിന

ഖദർജ്ജുബ്ബാമൂലം എനിക്കു രണ്ടു തവണ അല്പം ചില പ്രയാസങ്ങൾ നേരിട്ടു. ആ സംഭവങ്ങൾ പിന്നീടു് ഓർക്കുമ്പോഴൊക്കെ രസത്തിനേ വകനൽകിയിട്ടുള്ളു.

ഞാൻ ജനിച്ച കാലഘട്ടം (1922) എന്റെ വീട്ടിനെസംബന്ധിച്ചിടത്തോളം ഖദർമയമായിരുന്നു. ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യയിലുടനീളം ദേശീയത ഉണർന്നെണീറ്റ കാലഘട്ടമാണല്ലോ അതു്. അയിത്താചരണത്തിനു് എതിരായി ഗാന്ധിജി അഴിച്ചുവിട്ട പ്രസ്ഥാനങ്ങളെല്ലാം സ്വാഭാവികമായും കേരളത്തിലും, പിന്നോക്കസമുദായ പ്രവർത്തകരെ ഗാന്ധിസത്തിലേക്കു് ആകർഷിച്ചു. എന്റെ അച്ഛൻ എസ്. എൻ. ഡി. പി.-യോഗത്തിന്റെ ഒരു പ്രധാന പ്രവർത്തകനായിരുന്നു. ശ്രീ. ടി. കെ. മാധവന്റെയും മറ്റും നേതൃത്വത്തിൽ അന്നു് നടന്നുവന്ന അയിത്തോച്ചാടന—മദ്യവർജ്ജന പ്രചരണപരിപാടികളിൽ അച്ഛനും ആണ്ടിറങ്ങി. കുടുംബത്തിൽ കല്യാണാദികാര്യങ്ങൾ നടത്തുന്ന ആഘോഷത്തോടെയാണു് അക്കാലത്തു് ഇത്തരം പൊതുക്കാര്യങ്ങൾ അവർ നടത്തിപ്പോന്നതു്: ചെയ്യുന്ന കാര്യത്തിന്റെ അർത്ഥമോ വ്യാപ്തിയോ ശരിക്കു മനസ്സിലാക്കിയില്ലെങ്കിൽക്കൂടി കുടുംബാംഗങ്ങളും ഇണങ്ങരുമായ ആബാലവൃദ്ധം ജനങ്ങളും ഈ പരിപാടികളിൽ ഏതെങ്കിലുംവിധത്തിൽ പങ്കെടുത്തുപോന്നു. മദ്യവർജ്ജന സമ്മേളനങ്ങൾ, ഹരിജനോദ്ധാരണ സമ്മേളനങ്ങൾ എന്നിവ അന്നു് ഞങ്ങളുടെ വീട്ടിലും പരിസരങ്ങളിലുംവച്ചു നടന്നിട്ടുള്ളതു് വലിയ സദ്യവട്ടങ്ങളോടുകൂടിയാണെന്നു കേട്ടിട്ടുണ്ടു്. ഇവയുടെകൂട്ടത്തിൽപ്പെട്ട ഒരിനമായിരുന്നു ഖാദിപ്രചരണം. ഖദർവസ്ത്രങ്ങൾവാങ്ങി ഉടുക്കുക എന്നതിൽമാത്രമൊതുങ്ങുന്നതായിരുന്നു ഖാദിപ്രചരണം. തക്ളിയിലും ചർക്കയിലും നൂൽനൂൽക്കുകയെന്നതു് അതിൽ പ്രധാനമായിരുന്നു. എനിക്കു് മൂന്നുനാലു വയസ്സു പ്രായമായകാലത്തു് എന്റെ വീട്ടിലും അയൽവീടുകളിലുംപെട്ട മിക്കവാറും എല്ലാവരുംതന്നെ തക്ളിയും കൈയിൽതൂക്കി നൂൽനൂത്തുകൊണ്ടുനടക്കുന്നതു് എന്നും എന്റെ ഓർമ്മയിലുണ്ടു്. എന്റെ വീട്ടിൽ അനേകം ചർക്കാകളും ഉണ്ടായിരുന്നു. തക്ളി എന്നതു് ഏതാണ്ടു് ഒരുവക പമ്പരംതന്നെ. ഇടതുകയ്യിൽ പിടിച്ചിരിക്കുന്ന പഞ്ഞിയിൽനിന്നു് അതു കറങ്ങുമ്പോൾ നൂൽ നീണ്ടുവരും. അങ്ങനെ ഓരോ ആളും പരമാവധി കൂടുതൽ നൂൽ നൂൽക്കുക എന്നതു് ഇന്ത്യയുടെ സ്വാശ്രയ പരിപാടിയിൽ (വിദേശവസ്ത്ര ബഹിഷ്കരണത്തിൽ) ഗാന്ധിജി നിർദ്ദേശിച്ച ഒരു ആകർഷകമായ പരിപാടിയായിരുന്നു. ഈ പരിപാടി നടപ്പിലാക്കാനുള്ള യത്നത്തിൽ എന്റെ അച്ഛനു് വളരെയധികം ധനം ചെലവഴിക്കേണ്ടിവന്നിട്ടുണ്ടു്. വീട്ടിലെ വസ്തുവകകളിൽനിന്നു് ധാരാളമായി ലഭിച്ചുപോന്ന ആദായത്തിനു പുറമേ, അക്കാലത്തു് സിംഗപ്പൂർ സ്ളിപ്പ്‌വേ എന്ന എൻജിനീയറിംഗ് കമ്പനിയിൽ ഭേദപ്പെട്ട ഒരു ഉദ്യോഗത്തിൽ കഴിഞ്ഞ ഞങ്ങളുടെ ഏറ്റവും മൂത്ത ജ്യേഷ്ഠൻ പ്രതിമാസം വലിയൊരു തുകവീതം അച്ഛനു് അയച്ചുകൊടുത്തുപോന്നു. ശരാശരി ആയിരം രൂപ എന്നായിരുന്നു കണക്കു്. അക്കാലത്തു് നൂറു് നാളികേരത്തിന്റെ വില ഒന്നേകാൽ രൂപയും ഒരുപറ നെല്ലിന്റെ വില പത്തു് ചക്രവും (36 പൈസ) ആയിരുന്നു എന്നോർക്കുക. ആയിരം രൂപയ്ക്കു് അക്കാലത്തുണ്ടായിരുന്ന മൂല്യം ഇതിൽനിന്നു് ഊഹിക്കാം. എന്നാൽ ഈ മണിയാർഡർ വാങ്ങിയാൽ കിട്ടുന്നദിവസംതന്നെ അതു തീർക്കുക എന്നതിൽ പ്രത്യേക നിഷ്ഠതന്നെ അച്ഛനു് ഉണ്ടായിരുന്നു, എന്നാണറിവ്. അന്നത്തെ അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട ചെലവിനം കായംകുളത്തെ ഖദർസ്റ്റോറിൽ കയറി ധാരാളം ഖദർവസ്ത്രങ്ങൾ വാങ്ങുക എന്നതായിരുന്നു. വീട്ടിൽ അക്കാലത്തു് സ്ഥിരതാമസമുള്ള പത്തുമുപ്പതു് അംഗങ്ങൾക്കുമാത്രമല്ല, അയൽവീടുകളിലെ അനേകർക്കുംവേണ്ടിയാണീ കോളു്. ഏറ്റെടുത്തിരിക്കുന്ന പ്രസ്ഥാനം വിജയിപ്പിക്കുക എന്നതിൽ നമ്മുടെ പഴയ നാട്ടുപ്രമാണിമാർക്കുണ്ടായിരുന്ന വാശി പ്രസിദ്ധമാണല്ലോ. തോറ്റു മാറുന്നതു് കുടുംബസ്ഥിതിക്കു പറ്റിയ ഏർപ്പാടല്ല!

അങ്ങനെ ബാല്യാൽപ്രഭൃതി ഞാനും ഖദർധാരിയാണു്. എനിക്കു് അന്നു് അനുവദിച്ചിട്ടുള്ള വസ്ത്രം രണ്ടേരണ്ടിനംമാത്രം. കോണകവും ഒരു തോർത്തുമുണ്ടും. രണ്ടും കട്ടിഖദർതന്നെ. ഇതിൽ കോണകമെങ്കിലും കട്ടികുറഞ്ഞ ഒരു തുണിയായെങ്കിൽ എന്നു് ഞാൻ ചിലപ്പോൾ ആഗ്രഹിച്ചിട്ടുണ്ടു്. ചില [illegible] നല്ല പട്ടുകോണകവും [illegible] കാണുമ്പോൾ ഈ മോഹം [illegible] പക്ഷേ, [illegible] ഫലം! അച്ഛന്റെ [illegible] അവിടെയുമെത്തും. നിയമം [illegible]. അതു ലംഘിച്ചാൽ അനുഭവിക്കേണ്ടിവരുന്ന ശിക്ഷ കഠിനവും. നല്ല വള്ളിച്ചൂരൽ എപ്പോഴും പുരയുടെ വാരിക്കു് വിശ്രമിക്കുന്നുണ്ടാകും. അക്കാലത്തു് എന്റെ ഏറ്റവും വലിയ ഒരാഗ്രഹമായിരുന്നു ഒരു നിക്കർ (അണ്ടർ

വെയർ)ഇടുകയെന്നതു്. ഷർട്ടു് ഇടുകയെന്ന ആശ സഫലമായതുപോലും എനിക്കു് എട്ടുവയസ്സായശേഷമാണു്. ഉടുപ്പിടുന്നതു് അത്ര നല്ല സദാചാരമായി അക്കാലത്തു് ഞങ്ങളുടെ നാട്ടുമ്പുറത്തു് കരുതിയിരുന്നില്ല—വിശേഷിച്ചും പിള്ളേർ! ഒരു ഷർട്ടില്ലാത്തതിന്റെ വിഷമം ഏററവുമധികം അനുഭവിച്ച ഒരു സന്ദർഭം ഞാനിന്നും ഓർക്കുന്നു. ഞാൻ നാലാംക്ലാസ്സിൽ പഠിക്കുന്നയവസരത്തിലാണു് തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശന വിളംബരമുണ്ടായതു്. നാട്ടിൽ അതൊരു വലിയ ഉത്സവത്തിന്റെ അന്തരീക്ഷംതന്നെ സൃഷ്ടിച്ചു—വിശേഷിച്ചും; തീണ്ടൽജാതിക്കാരായ പിന്നോക്കവിഭാഗങ്ങൾക്കിടയിൽ. ക്ഷേത്രപ്രവേശനം ലഭിച്ചതിലുള്ള ആനന്ദം പ്രകടിപ്പിക്കാനും വിളംബരം പുറപ്പെടുവിച്ച ശ്രീ ചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിനോടുള്ള ഭയഭക്തിബഹുമാനങ്ങൾ പ്രകടിപ്പിക്കാനുമായി ഞങ്ങളുടെ വീട്ടിൽനിന്നു് നാലുമൈലകലെ ഒരു ഖാദികേന്ദ്രത്തിൽവച്ചു് ഒരു മഹായോഗം കൂടുവാൻ നിശ്ചയിച്ചിരുന്നു. സമീപപ്രദേശത്തെ എല്ലാ സ്ക്കൂളുകളിൽനിന്നും കുട്ടികളെ ഘോഷയാത്രയായി അവിടേക്കു കൊണ്ടുപോകുന്നുണ്ടു്. അങ്ങനെ എന്റെ സ്ക്കൂളിൽനിന്നും കുട്ടികൾ കൊടിപിടിച്ചു് ഘോഷയാത്രയായി പോകേണ്ടതുണ്ടു്. എനിക്കന്നു് എട്ടുവയസ്സാണു് പ്രായം. വളരെദൂരം ചുററിക്കറങ്ങി കാൽനടയായി പോകണമെന്നതും കൂട്ടുകാരിൽ പലർക്കും ഷർട്ടു് ഉണ്ടാകുമെന്നതിനാലും എനിക്കുമൊരു ഷർട്ടു കിട്ടിയിരുന്നെങ്കിൽ എന്നു് ഞാൻ ആശിച്ചുപോയി. ആശിക്ക മാത്രമല്ല, അതില്ലാത്ത പേരിൽ ഞാൻ മനമൊന്നു കരയുകയും ചെയ്തു. അന്നു് ഉടുത്തുകൊണ്ടു പോകാനാകട്ടെ ഒരു സമൊന്ത മുണ്ടുമില്ല. ഉള്ളതാണു് മുഷിഞ്ഞതാനും. അതിനാൽ നീളം കൂടിയ ഒരു ഖദർഷാൾ എടുത്തുടുത്തു കൊണ്ടായിരുന്നു അന്നത്തെ എന്റെ ഘോഷയാത്ര — അതോ വിലാപയാത്രയോ?

പിന്നെ വളരെക്കാലം കഴിയുന്നതിനു മുൻപുതന്നെ, എനിക്കു ഷർട്ടു കിട്ടിത്തുടങ്ങി. ഉപ്പുചാക്കുമാതിരി കട്ടികൂടിയ ഖദർതന്നെ. ഇതിന്റെ കനമൊന്നു കുറഞ്ഞുകിട്ടിയെങ്കിൽ എന്നായി പിന്നത്തെ പ്രാർത്ഥന:

പതിനഞ്ചാം വയസ്സിൽ വിദ്യാഭ്യാസം തിരുവനന്തപുരത്തേക്കു മാറിയതോടെ എന്റെ വേഷവിധാനവും പുരോഗമിച്ചു. സ്റ്റേററ് കാൺഗ്രസ്സ് പ്രാരംഭകാലമാണു്. ഞാൻ ഒരു നേതാവിന്റെ മോഡലായി. വലിയമുണ്ടു്, നീണ്ടജൂബാ, ഗാന്ധിത്തൊപ്പി! അക്കാലത്തു് ഈ വേഷത്തിൽ നടക്കുന്നതു് പലപ്പോഴും അപകടത്തിനിടയാക്കുമായിരുന്നു. കാൺഗ്രസ്സുകാരെ വഴിക്കിട്ടും സമ്മേളനസ്ഥലങ്ങളിൽവച്ചും റൗഡികൾ തല്ലുക സാധാരണമായിരുന്നു. മലയാള പത്രാധിപർ എം: ആർ: മാധവവാര്യർ കെ. പി: നീലകണ്ഠപ്പിള്ള എന്നിവരെ റൗഡികൾ അടിച്ചു് പരുക്കേല്പിക്കയും മിസ്സ് ആനിമസ്ക്രീന്റെ വീട്ടിൽ കയറി ഉടുതുണിവരെ മോഷ്ടിക്കുകയും ചെയ്തതു് ആ കാലത്താണു് ഇതൊക്കെ പോലീസിന്റെ അറിവോടും പ്രേരണയിലുമത്രേ: ഇതൊക്കെയാണു് സ്ഥിതിയെങ്കിലും ചെറുപ്പക്കാർക്കിടയിൽ കാൺഗ്രസ്സ് അനുകൂലമായ ആവേശം വളർന്നുവന്നതേയുള്ളു. പേട്ടയിലുള്ള എന്റെ ലോഡ്ജിലെ താമസക്കാരായ ഞങ്ങൾ മൂന്നുപേർ എന്നും വൈകുന്നേരം ഈ വേഷങ്ങളണിഞ്ഞു് സ്റ്റാററ്യു — പുളിമൂടുവഴി തമ്പാനൂരേക്കു നടക്കുക പതിവാക്കി. പോലീസിനോടുള്ള ഒരു വെല്ലുവിളി എന്ന നിലയ്ക്കുതന്നെ. പോലീസ്‌വാൻ അന്നു് സദാ റോന്തു് ചുററിക്കൊണ്ടിരുന്നു. തമ്പാനൂർ റെയിൽവേസ്റ്റേഷൻ മൈതാനത്തു് അന്നു് മിക്കവാറും എല്ലാ വൈകുന്നേരങ്ങളിലും കാൺഗ്രസ്സ് യോഗങ്ങൾ കാണും. തുടർന്നു ലാത്തിച്ചാർജ്ജുകളും അസാധാരണമല്ല. അപൂർവ്വം ചിലപ്പോൾ വെടിവയ്പുകളും നടന്നിട്ടില്ലെന്നില്ല. ഇതിനെല്ലാം ഞങ്ങൾ സാക്ഷികളാണു്. കൂട്ടുകാർ പോലീസിനെ കല്ലെറിഞ്ഞിട്ടുണ്ടെങ്കിലും ഞാനൊരിക്കലും അങ്ങനെ ചെയ്തിട്ടില്ല. എന്നാൽ നിയമേന ഞാൻ എല്ലായ്പോഴും, പാലായനംചെയ്തു് ലാത്തിച്ചാർജ്ജുകളിൽനിന്നു് നിരപായം രക്ഷപ്പെട്ടിരുന്നു.

ഒരു വൈകുന്നേരം ഞങ്ങൾ മൂവർ കാൺഗ്രസ്സ് വേഷമണിഞ്ഞു് വഞ്ചിയൂർ വഴി ഞെളിഞ്ഞു നടക്കവേ, പെട്ടെന്നു് ഒരു പോലീസ്‌വാൻ വന്നു് ബ്രേക്കിട്ടു.

(ശേഷം 51-ൽ)

അനുഭൂതിയുടെ ആഴങ്ങളിൽ എന്തു സംഭവിക്കുന്നു!

നരേന്ദ്രപ്രസാദ്

നാല്

ഈ കാര്യത്തെ വിശദീകരിച്ചുകൊണ്ടു് ഡേവിഡ് മർഗോളീസ് പറയുന്നു: "ഒരു രാഷ്ട്രീയ സന്ദർഭത്തിനു സമാനമായ ധർമ്മമാണു സാഹിത്യത്തിന്റേതെങ്കിൽ, അതു് അമൂർത്തമായിത്തീരുന്നു; അതു് അതിന്റേതായ ഗുണവിശേഷങ്ങൾ നഷ്ടപ്പെടുത്തുന്നു; ബാക്കിവരുന്ന സാധനത്തെ, ഏതെങ്കിലുമൊരു കപടസിദ്ധാന്തമായി വെട്ടിക്കുറയ്ക്കുകയും ചെയ്യാം." (ഉദാ. ദേവാസുരയുദ്ധം വർഗ്ഗസമരവും ശാകുന്തളം സമ്പന്നവർഗ്ഗത്തിന്റെ കാമവെറിയുമായിത്തീരുന്നു.) ഇതുമാത്രമല്ല ദോഷം. കലാകാരന്മാർ എന്തുചെയ്യണമെന്നു് രാഷ്ട്രീകൾ തീരുമാനിക്കുകയും ചെയ്യുന്നു. "തൊഴിലാളികളുടെ പേരി"ലായിപ്പോയതിനാൽ ഈ ഏർപ്പാട് സുഗമമായി ഇത്തരം വിമർശനത്തിനൊരു പ്രത്യാഘാതമായിരുന്നു കോഡ്വൽ. എന്നാൽ ഒരു സമൂഹത്തിന്റെ അവബോധം ഭരണവർഗ്ഗത്തിന്റെ അവബോധമാണെന്ന ആശയം "മിഥ്യയും യാഥാർത്ഥ്യവും" എന്ന ഗ്രന്ഥത്തിന്റെ അവസാനത്തെ അദ്ധ്യായത്തിൽ അവതരിപ്പിക്കുന്നതോടെ, വിപ്ലവത്തിനു മുമ്പുള്ള സമൂഹത്തിൽ സാഹിത്യത്തിനു യാതൊരു ധർമ്മവുമില്ലെന്ന നിലപാടിൽ അറിയാതെ കോഡ്വൽ എത്തിപ്പെടുന്നു. പ്രാചീന സമ്പദ്‌വ്യവസ്ഥകളിലോ മുതലാളിത്തത്തിന്റെ ആദ്യകാലത്തിലോ മാത്രമേ സമൂഹത്തിന്റെ അവബോധം ഭരണവർഗ്ഗത്തിന്റേതാകുന്നുള്ളു. കലാകാരന്റെ അവബോധവും കവിയിലുള്ള സംഘടിതവികാരവും ഈ സമൂഹത്തിന്റെ അവബോധമല്ല എന്ന കാര്യവും ഉണ്ടു്. ഇവയൊന്നും കോഡ്വൽ ആലോചിച്ചിട്ടില്ല.

ഒന്നുകിൽ മുതലാളിത്തത്തിനനുകൂലമാകണം, അല്ലെങ്കിൽ എതിരാകണം— ഇങ്ങിനെയായിരുന്നു സാഹിത്യത്തെക്കുറിച്ചുള്ള സങ്കല്പം മുപ്പതുകളിൽ. ഇന്നാകട്ടെ അതല്ലെങ്കിലിതു് എന്നനില ലോകത്തില്ല. സോഷ്യലിസ്റ്റ് വിപ്ലവത്തെക്കുറിച്ചുതന്നെയുള്ള സങ്കല്പങ്ങൾ അത്രമാത്രം വ്യക്തമല്ല.

ബൂർഷ്വാസമൂഹത്തിലെ സാഹിത്യകൃതികളുടെ ഭാവാത്മകമായ (Positive) ധർമ്മം കാണാൻകഴിഞ്ഞില്ലെന്നതാണു് കോഡ്വലിന്റെ ന്യൂനത. പ്രത്യേക കൃതികൾ അപഗ്രഥിക്കാതിരുന്നതാണു് ഇതിനു കാരണം. കോഡ്വൽ കുറുക്കുവഴികൾ തേടിപ്പോയി എന്നു് കോൺഫോർത്ത് പറഞ്ഞതു് വളരെ ശരി.

കോഡ്വൽ സങ്കല്പിച്ചരീതിയിൽ ധർമ്മാന്വേഷണപരമായ കല നമ്മുടെ കാലത്തു് ഉണ്ടായിക്കൊണ്ടിരിക്കുന്നു. തൊഴിലാളിവർഗ്ഗസാഹിത്യം ഇല്ലെങ്കിലും, മനുഷ്യന്റെ വൈകാരികസ്വാതന്ത്ര്യത്തിലേക്കു നയിക്കുന്ന അനവധി കലാരൂപങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. നമ്മുടെ ആഗ്രഹങ്ങളെ വളരെയേറെ ഉയർത്തുന്നതരത്തിൽ പുനഃസമ്മേളിപ്പിക്കുന്ന ഈ കൃതികളിൽ സോഷ്യലിസവും മററുമില്ല. എന്നാൽ ഈ സമൂഹം വേലികെട്ടുകൾ ഉയർത്തുന്ന അഭിലാഷങ്ങളാണു് ഇത്തരം കൃതികൾ ഊതിയുയർത്തുന്നതു്. അവ നേടിയെടുക്കുന്ന വൈകാരികപുനഃസംഘടനം യാഥാർത്ഥ്യമാക്കാനുള്ള ബുദ്ധിപരമായ ശ്രമം സോഷ്യലിസത്തിലാവും ചെന്നു നില്ക്കുന്നതു്. അതുകൊണ്ടു് കോഡ്വലിന്റെ സിദ്ധാന്തത്തിലല്ല, സിദ്ധാന്തം പ്ര

യോഗിച്ചിടത്താണ് കുഴപ്പം സംഭവിച്ചതെന്നു പറയാം.

ഈ സന്ദർഭത്തിൽ 1930 – കളിലെ ബ്രിട്ടീഷ് മാർക്സിസ്റ്റ് നിരൂപണത്തെ നമുക്കൊന്നു പരിശോധിക്കാം. ഇന്ന് ബ്രിട്ടീഷുകാർ ആ സമ്പ്രദായം വിട്ടെങ്കിലും നാം വിട്ടിട്ടില്ലാത്തതുകൊണ്ട് ഈ പരിശോധന പ്രസക്തമാണ്. അതിന്റെ പശ്ചാത്തലത്തിൽ നോക്കുമ്പോഴാണ് കോഡ്‌വെലിന്റെ നേട്ടം ശ്രദ്ധേയമാണെന്നു മനസ്സിലാകുന്നത്.

മുപ്പതുകളിലെ മാർക്സിസ്റ്റ് നിരൂപകർ ചില മാർക്സിസ്റ്റ് സ്ഥാപനകൾ (concepts) സ്വീകരിച്ചു; പക്ഷേ മാർക്സിസ്റ്റ് രീതി (method) അവർക്കപരിചിതമായിരുന്നു. ഇന്നും എല്ലാവർക്കും പ്രശ്നം രീതിയാണ്. മാർക്സിസ്റ്റാശയങ്ങൾ കലയുടെ മേഖലയിൽ പ്രയോഗിക്കാമെന്ന കാര്യം പൊതുജനസമക്ഷം അവതരിപ്പിച്ചത് ഈ മുപ്പതുകാരാണ്. "നിലനില്പ് അവബോധത്തെ നിർണ്ണയിക്കുന്നു" എന്ന ആശയത്തെ സൂത്രവാക്യമാക്കുകയായിരുന്നു ഏററവും എളുപ്പം. ഇതു ചെയ്തവരിൽ പ്രമുഖൻ എഡ്‌വേർഡ് അപ്‌വേർഡ് (Edward Upward) ആയിരുന്നു. വാദത്തിന്റെ ഉപജ്ഞാതാവ് ആർ. ഡി. ചാർക്സ് (R. D. Chargues). സംഗതി വന്നുവന്ന്, ഭൗതികമായ നിലനില്പിന്റെ വസ്തുതകളുമായി ബന്ധപ്പെട്ടതാണ് കല എന്നായി. നോവലിന്റെ ഉത്ഭവത്തെക്കുറിച്ചു പറഞ്ഞിടത്ത് റാൽഫ് ഫോക്സ് ഇത് ഉപയോഗിച്ചു. സാമൂഹ്യശാസ്ത്രപരമായ പ്രാധാന്യം അതിനുണ്ടായിരുന്നു. മേല്പത്തൂരും ഗുരുവായൂർ ക്ഷേത്രവും തമ്മിലുള്ള ബന്ധത്തെപ്പററി ഒരു വരണ്ട പണ്ഡിതൻ പഠിച്ചെഴുതിയാൽ കിട്ടുന്ന ഒരുതരം സാമൂഹ്യശാസ്ത്രമുണ്ടല്ലോ, അതുപോലെയൊന്ന്. എഴുത്തുകാരന്റെ പശ്ചാത്തലവും എഴുത്തും തമ്മിലുള്ള ബന്ധത്തെ മുൻനിർത്തി എഴുതിയുണ്ടാകുന്ന ഏർപ്പാടായിരുന്നു അത്.

അവബോധത്തെയും സാഹിത്യത്തെയും സാമൂഹ്യമായ നിലനില്പ് നിർണ്ണയിക്കുന്നുവെന്ന് പരക്കെ അംഗീകരിക്കപ്പെട്ടു. എന്നാൽ ആ അവബോധത്തെക്കുറിച്ചുള്ള അറിവ് തീരെ പരിമിതമായിരുന്നു. രാഷ്ട്രീയാവശ്യങ്ങൾക്കു കലയെ ഉപയോഗിക്കുന്നതിനുമുമ്പ്, കലയുടെ ധർമ്മത്തെക്കുറിച്ചു ചർച്ചചെയ്യേണ്ടതായിരുന്നു. പക്ഷേ മുറിയുടെ മൂലയിലെവിടെയോ വിപ്ലവം മുട്ടയിട്ടിട്ടുണ്ടെന്നു വിചാരിച്ചുപോയതിനാൽ, അവർ നേരംകളയാതെ സാഹിത്യം ചെയ്തുതീർക്കേണ്ട കാര്യങ്ങൾ തീരുമാനിക്കാൻ തുടങ്ങി. സോഷ്യലിസത്തിനുവേണ്ടിയുള്ള സമരത്തിൽ സഹായിക്കുക എന്നതായിരുന്നു ആസന്നധർമ്മം. ഇതുതന്നെ കലയുടെ ധർമ്മമെന്ന് അവർ വാദിച്ചുശരിപ്പെടുത്തി. അവർ സാഹിത്യത്തെ ഭാഷാപരമായ ആയുധമായിട്ടും, മനുഷ്യാവബോധത്തെ ഉയർത്താനുള്ള ഒരു പാരയായിട്ടും (lever), പ്രവർത്തനത്തിനുള്ള ഒരു തയാറെടുപ്പായിട്ടും കണ്ടു. എല്ലാ കലയും പ്രചരണമാണെന്നു സുവിശേഷിച്ചത് എറിക്ഗിൽ (Eric gill). സോഷ്യലിസ്റ്റ് വിപ്ലവം വരുത്തുന്നതിന്റെ മഹിമ അനുഭവിപ്പിക്കാൻ നമ്മെ സഹായിക്കുന്ന സാഹിത്യം കിട്ടിയേ അടങ്ങൂ എന്ന് അപ്‌വേർഡ്. [ഈ അപ്‌വേർഡിനെ ശ്രദ്ധിക്കുക. ഈ മാന്യൻ മാർക്സിസത്തിന്റെ കെട്ടിക്കിടക്കുന്ന ജലത്തിൽ മുട്ടയിട്ടു. മുട്ടകൾ ചെറുപുഴുക്കളെപ്പോലെ ഒഴുകിനടക്കുന്നു. എഴുപതുകളിൽപോലും ആ മുട്ടകൾ നമ്മുടെ നാട്ടിൽവച്ചു വിരിഞ്ഞ് ചിറകു മുളപ്പിച്ചിട്ടുള്ളതു കാണാം.] പുരോഗമനശക്തികളുടെ സുഹൃത്താണ് കലയെന്ന് എഫ്. ഡി. ക്ലിങ്ങെൻഡർ (F. D. Klingender). അപ്‌വേർഡ് വീണ്ടും പറഞ്ഞു: "ഭാവിയിൽ എഴുത്തുകാർ ദുരന്തകഥനത്തെ (tragedy) ഏററവും ഫലവത്തും ഗൗരവപൂർണ്ണവുമായ സാഹിത്യരൂപമായി കരുതുകയില്ല എന്നു നാം കരുതുന്നു: കാരണം ട്രാജഡി മനുഷ്യന്റെ പരാജയത്തെയാണല്ലോ ചിത്രീകരിക്കുന്നത്." സാഹിത്യം ആസ്വദിക്കുവാനോ മാർക്സിസം മനസ്സിലാക്കുവാനോ കഴിവില്ലാത്ത, ഉറക്കെ ശബ്ദമുണ്ടാക്കുന്ന ഒരു തകരപ്പാട്ടയായി ഹൈമൻ (Hyman) അദ്ദേഹത്തെ വിലയിരുത്തിയിട്ടുണ്ട്. അപ്‌വേർഡിന്റെ കുപ്രസിദ്ധമായ മറെറാരു പ്രസ്താവം ശ്രദ്ധിക്കുക: "ഒരു ആധുനിക ഗ്രന്ഥം നല്ലതാകുന്നത് സോഷ്യലിസ്റ്റ് നിലപാടെടുക്കുമ്പോഴാണ്; ഗ്രന്ഥകാരൻ സോഷ്യലിസ്റ്റല്ലെങ്കിൽ അയാളുടെ രചനകൾ കപടമായിരിക്കും." [ചെറുകാടും കെ. പി. ജി. യും മാത്രം ആധുനികസാഹിത്യകാരന്മാരാകുന്നതും അങ്ങിനെതന്നെ.]

ഈ നിരൂപണസമ്പ്രദായം ഒരു മാർക്സിസ്റ്റ് സൗന്ദര്യവീക്ഷണം സൃഷ്ടിച്ചില്ലെന്നു പറയേണ്ടതില്ലല്ലോ. സാഹിത്യത്തിന്റെ ഉത്തരവാദിത്വത്തെക്കുറിച്ച് അവർ അന്നു സംസാരിച്ചു. പക്ഷേ, സാഹിത്യം ജീവിതത്തിൽ എന്തു ചെയ്യുന്നു എന്നതിനെപ്പററി ഒന്നുമറിയില്ലായിരുന്നു. അതിനാൽ അത്തരം ചർച്ചകൾ ഉപരിപ്ലവമായിത്തീർന്നു. എങ്കിൽകൂടി ഒരു മാർക്സിസ്റ്റ് സൗന്ദര്യവീക്ഷണം ഉണ്ടാകേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്താൻ ആ ചർച്ചകൾ ഉപകരിച്ചു. അവിടെ നിന്നാണ് കോഡ്‌വെലിന്റെ തുടക്കം. എന്താണ് സാഹിത്യം? മനുഷ്യലോകത്തിൽ അതിന്റെ സ്ഥാനമെന്ത്? ഈ മൗലികപ്രശ്നങ്ങൾ കോഡ്‌വെലിനെ മഥിച്ചു.

കോഡ്‌വെൽ കലാധർമ്മത്തെ നിർവ്വചിച്ചെങ്കിലും ഭാവുകത്വത്തെക്കുറിച്ച്, സൗന്ദര്യാഭിരുചിയെക്കുറിച്ച്, വേണ്ടവിധത്തിൽ ചർച്ച ചെയ്തില്ല. ഏതു സാഹിത്യസിദ്ധാന്തവും ഒരു ഘട്ടത്തിൽ ശുദ്ധമായ സൗന്ദര്യത്തിന്റെ കാര്യം പ്രതിപാദിച്ചേ പററൂ. മററു നിരൂപകർ രാഷ്ട്രീയപ്രവർത്തകരായിരുന്നു; അവരോട് ക്ഷമിക്കുക. എന്നാൽ കോഡ്‌വെലിന് നീതീകരണമില്ല. സാഹിത്യത്തിന്റെ ധർമ്മനിർവ്വഹണത്തിൽ സൗന്ദര്യം എന്തു പങ്കു വഹിക്കുന്നുവെന്ന് അദ്ദേഹത്തിനു പറയാൻ കഴിഞ്ഞിട്ടില്ല.

ഒരു സാഹിത്യകൃതി അതിനു ജന്മംകൊടുത്ത സമൂഹത്തെ പ്രതിഫലിപ്പിക്കുന്നുവെന്നു പറഞ്ഞാൽ അതൊരു നിരൂപണമാനദണ്ഡമാകുന്നില്ല. മനുഷ്യൻ സാമൂഹ്യജീവിയാണെന്നു പറയുന്നതുപോലെ നിരുപദ്രവകരമായ ഒരു പ്രസ്താവമാണത്. സാഹിത്യത്തിന്റെ ധർമ്മം എന്നു പറയുമ്പോൾ [illegible] മാനദണ്ഡമുണ്ടാകുന്നു. മനുഷ്യന്റെ സാദ്ധ്യതകൾ സാക്ഷാൽക്കരിക്കാൻ വേണ്ടി ഏററവും കൂടുതൽ സംവേദനക്ഷമത (sensitivity) അവബോധത്തിനു നല്കുന്ന സാഹിത്യം നല്ല സാഹിത്യം; മനുഷ്യനെ തിരുമ്മിക്കിടത്തുന്ന (emotional massage) സാഹിത്യം ചീത്ത സാഹിത്യം. ഇത്രയും കോഡ്‌വെലിന്റെ നേട്ടമാണ്. പക്ഷേ, ഈ നിഗമനത്തിലെത്തിച്ചേരുന്നത് സൗന്ദര്യാനുഭൂതിപരമായ മാനദണ്ഡങ്ങൾ കൊണ്ടാവണം. ധർമ്മത്തെക്കുറിച്ചുള്ള മാനദണ്ഡങ്ങൾ കലാസൃഷ്ടിയിൽ നേരിട്ടു പ്രയോഗിക്കാനാവില്ല. ഇതാണ് കോഡ്‌വെലിന്റെ പരിമിതി.

മാർക്സിസ്റ്റ് രീതിയിൽ ലോകത്തെ വ്യാഖ്യാനിക്കുക മാത്രമല്ല, ലോകത്തിന്റെ രീതി അനുസരിച്ച് മാർക്സിസത്തെ വികസിപ്പിക്കാനും കോഡ്‌വെൽ ശ്രമിച്ചു. കലയെ ആസ്വദിക്കുന്നതിന് മാർക്സിസം തടസ്സമല്ലെന്ന് അദ്ദേഹം തെളിയിച്ചു. സാഹിത്യവും മനുഷ്യന്റെ സഹജപ്രകൃതിയുമായുള്ള ബന്ധം കോഡ്‌വെൽ മനസ്സിലാക്കി. അതിനാൽ സാഹിത്യത്തിനു പററാത്തതൊക്കെ സാഹിത്യം ചെയ്യണമെന്നോ, പററുന്നതൊക്കെ വേണ്ടെന്നോ അദ്ദേഹം പറഞ്ഞില്ല. സാഹിത്യം, കോഡ്‌വെലിന് ഒരു ചരിത്രവസ്തുതയല്ല. അത് സജീവമാണ്, ജീവിതത്തിന്റെ ഭാഗമാണ്. സാഹിത്യധർമ്മമാണ് സൗന്ദര്യശാസ്ത്രത്തിന്റെ കേന്ദ്രപ്രശ്നമെന്നദ്ദേഹം കരുതി. സമവാക്യങ്ങളെയും ശ്രുതികളെയുംകാൾ സങ്കീർണ്ണമായി, സാഹിത്യം മനസ്സിന്റെ മേൽ നടത്തുന്ന പ്രവർത്തനം വിശദീകരിക്കണമെന്ന് അദ്ദേഹം വിചാരിച്ചു

ഒരു മായികബോധം (illusion) സൃഷ്ടിച്ച് കല മനുഷ്യനെ മാററുന്നുവെന്നും, മാറിയ മനുഷ്യൻ ഈ മായികബോധത്തെ യാഥാർത്ഥ്യമാക്കാൻ ശ്രമിക്കുന്നുവെന്നും കോഡ്‌വെൽ കണ്ടു. തന്റെ ജീവച്ഛക്തി സമൂഹത്തിലേക്കു പ്രക്ഷേപണം ചെയ്യുന്ന മനുഷ്യനും, സമൂഹത്താൽ സംവിധാനം ചെയ്യപ്പെട്ട ജീവച്ഛക്തിയുടെ ഉടമയായ മനുഷ്യനും തമ്മിലുള്ള ആന്തരവൈരുദ്ധ്യമെന്ന വൈയക്തികാനുഭവമാണ് സാഹിത്യത്തിന്റെ ഈററില്ലമെന്നു കോഡ്‌വെൽ കണ്ടു. ഇതിന് മാർക്സിസ്റ്റ് നിരൂപണം എന്നും കോഡ്‌വെലിനോട് നന്ദി പറയണം.

കോഡ്‌വെലിന്റെ ഉത്തരങ്ങൾ നിസ്സാരമാണ്; ഇന്നത്തെ അവസ്ഥയുമായി ബന്ധം കുറഞ്ഞവയാണ്. എന്നാൽ മാർ

ക്സിസ്റ്റുസാഹിത്യസിദ്ധാന്തം ശ്രദ്ധിക്കേണ്ട മൗലികച്ചോദ്യങ്ങൾ അദ്ദേഹം നിർവ്വചിച്ചു. ആ ചോദ്യങ്ങളെ ഒരിക്കലും ഒഴിവാക്കാൻ സാദ്ധ്യമല്ല—കലയെ മനസ്സിലാക്കാൻ കഴിവുള്ള ഒരു ലോകവീക്ഷണമാണ് മാർക്സിസമെന്ന് നാം തെളിയിക്കാനാഗ്രഹിക്കുന്നെങ്കിൽ.

നാല്പതുകളിൽ ഇവിടത്തെ കമ്മ്യൂണിസ്റ്റ് നിരൂപകർ ഈ ചോദ്യങ്ങൾ ഏറ്റെടുത്തില്ല. അവർ അദ്ദേഹത്തെ കീറിമുറിച്ച്, റെഡിമെയിഡ് ഉദ്ധരണികളെടുത്ത് നെറ്റിയിലൊട്ടിച്ചുവച്ചു. ഇന്നും മാറ്റം വന്നിട്ടില്ല. കലാകാരൻ തങ്ങൾ വിചാരിക്കുന്നതു ലേശം ഭംഗിയായി പറയാത്തതിൽ രോഷംപൂണ്ട് അവർ സമകാലികസാഹിത്യത്തിന്റെ ധർമ്മം നിഷേധിക്കുന്നു. മൗലികമായ പ്രശ്നങ്ങളുടെ ദ്വാരങ്ങൾ മുദ്രാവാക്യങ്ങളുടെ ആപ്പുകൾ വച്ചടയ്ക്കുന്നു, നഗരജീവികളും മദ്ധ്യവർത്തികളുമായ ചെറുപ്പക്കാരുടെ ശബ്ദകോലാഹലങ്ങളിലേക്ക് മാർക്സിസ്റ്റു നിരൂപണം പതിച്ചുകൊണ്ടിരിക്കുന്നു. മടിയന്മാരും നിർമ്മുഖന്മാരും കഴിവുകളുടെ കൂമ്പടഞ്ഞുപോയവരുമായ അവർ തറവാട്ടു കാരണവന്മാരുടെ ഉപാലംഭങ്ങൾ ഏറ്റുപറഞ്ഞു ചുവന്ന അപ്പങ്ങൾ വാങ്ങിത്തിന്നുന്നു. കലയുടെ മെച്ചം വോട്ടിട്ടു തീരുമാനിക്കുന്നു. ഉജ്ജ്വലമായതെല്ലാം സാധാരണക്കാരനു നിഷേധിക്കാൻവേണ്ടി സാധാരണക്കാരുടെ പേരു പറയുന്നു. സൗന്ദര്യവീക്ഷണം ഒറ്റയിലും രാഷ്ട്രീയവീക്ഷണം മറ്റൊറയിലുമാക്കിയ വിഭക്തവ്യക്തിത്വങ്ങളായ കലാകാരന്മാരെ ഈ പ്രവണത സൃഷ്ടിക്കുന്നു. ഹ്രസ്വദൃഷ്ടികളായിപ്പോയതിൽ നാം പശ്ചാത്തപിക്കുക; ജീവിതത്തിലേക്കും സാഹിത്യത്തിലേക്കും വരിക. ആ ചോരപ്പുഴകളിൽ പോലും സ്വന്തം ചോദ്യങ്ങൾ ചോദിക്കുകയും കീറ്റ്സിനെ സ്നേഹിക്കുകയും ചെയ്ത കോഡ്വെൽ അതിനു നമ്മെ സഹായിക്കും. കോഡ്വെലിനെ അനുകരിച്ചുകൂടാ; അധഃകരിക്കുകയാണു വേണ്ടത്. ഒഴിവാക്കുകയും ചെയ്തുകൂടാ.

(അവസാനിച്ചു.)

* * *

സാറാതോമസ്സിന്റെ നോവൽ

അർച്ചന

ജോലി കഴിഞ്ഞ് വർക്ക്ഷോപ്പിൽനിന്നും പുറത്തിറങ്ങുമ്പോൾ ശ്രീദേവിയെ കാണാനുള്ള ആഗ്രഹം മനസ്സിനെ പ്രലോഭിപ്പിച്ചുകൊണ്ടിരുന്നു. പക്ഷേ, സങ്കോചം അതിനനുവദിച്ചതുമില്ല. ശ്രീദേവി തന്നെ ഫോണിൽവിളിക്കുന്ന ദിവസം പ്രതീക്ഷിച്ച് കഴിഞ്ഞു. രണ്ടാഴ്ചകൾ കഴിഞ്ഞപ്പോൾ ആ പ്രതീക്ഷ മങ്ങി. ഒരു മെഡിക്കൽവിദ്യാർത്ഥിനിയുടെ തിരക്കുപിടിച്ച ജീവിതത്തിൽ തന്നെ കൂടെക്കൂടെ ഓർമ്മിക്കണമെന്ന് പ്രതീക്ഷിച്ചിട്ടു കാര്യമില്ലല്ലോ: അങ്ങിനെ സമാധാനപ്പെടാൻ ശ്രമിച്ചു.

ഒരു ശനിയാഴ്ചയാണ്. പണിതു കൊണ്ടിരുന്ന കാറിന്റെ ജോലി പൂർത്തിയായപ്പോൾ അനന്തൻ മാനേജരോട് പറഞ്ഞിട്ട് നേരത്തെ വീട്ടിലേക്ക് മടങ്ങി. രാത്രി ഉറക്കമിളച്ച് പണിചെയ്തതിന്റെ ക്ഷീണം തീർത്ത് ഒന്നുറങ്ങണമെന്നാണ് കരുതിയത്. പക്ഷേ ഫെബ്രുവരിമാസത്തിലെ കുളിർമ്മയുള്ള അപരാഹ്നത്തിൽ ഉറക്കം ഉപേക്ഷിച്ചതുപോലെ. ശ്രീദേവിയുടെ പുഞ്ചിരിതൂകുന്ന രൂപം അനുവാദം കാത്ത് നിൽക്കാതെ ഉറക്കത്തിന്റെ തിരശ്ശീലയിൽ ഉണർവ്വുള്ള ചിത്രങ്ങൾ സൃഷ്ടിക്കുകയാണ്. യുക്തിക്ക് നിരക്കാത്ത നിർവ്വചിക്കാനാവാത്ത മധുരതരമായ ഒരു ചാഞ്ചല്യം മനസ്സിൽ വിട്ടുമാറാതെ കൂടിയതുപോലെ: തനിക്ക് എന്ത് സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നയാൾ ആശ്ചര്യപ്പെട്ടു: ജോലി മതിയാക്കി നേരത്തെ പോന്നത് അബദ്ധമായി. പ്രത്യേകിച്ച് ഒന്നും ചെയ്യാനുമില്ല. ഉറക്കമൊട്ടും വരുന്നതുമില്ല. ശ്രീദേവിയെ ഒന്ന് കണ്ടിരുന്നെങ്കിൽ— വല്ലപ്പോഴുമെങ്കിലും ചെന്ന് കാണണമെന്ന് അഭിപ്രായപ്പെട്ടതുമല്ലേ? പിന്നെ കൂടുതൽ ചിന്തിക്കാൻ മിനക്കെട്ടില്ല. വേഗംതന്നെ പുറപ്പെടുകയായി.

ചൗക്കിദാറിന്റെ കൈവശം ശ്രീദേവിയുടെ പേര് എഴുതിയ ചിറ്റ് അകത്തേക്ക് കൊടുത്തയച്ചപ്പോൾ മനസ്സ് ചഞ്ചലപ്പെട്ടുകൊണ്ടിരുന്നു. ഈ സന്ദർശനം വേണ്ടിയിരുന്നോ? എന്ത് കാരണമാണ് പറയേണ്ടത്? ശ്രീദേവിക്ക് ഇഷ്ടപ്പെട്ടില്ലെങ്കിലോ—

പ്രസന്നതയുടെ പുഞ്ചിരിയുമായി ശ്രീദേവി അടുത്തെത്തിയപ്പോൾ മനസ്സ് കുളിരണിഞ്ഞു.

“അനന്തനെ കണ്ടിട്ട് മാസങ്ങളായല്ലോ. ഒന്ന്‌രണ്ട് പ്രാവശ്യം വിളിച്ച് നോക്കിയാലോ എന്ന് വിചാരിച്ചതാണ്. പിന്നെ മടിച്ചു. വർക്ക്ഷോപ്പിൽ ജോലിക്കിടയിൽ മിനക്കെടുത്തണ്ട എന്ന് കരുതി”

“എപ്പോൾ വേണമെങ്കിലും വിളിക്കാവുന്നതേയുള്ളൂ. അത്ര വലിയ ജോലിത്തിരക്കൊന്നുമില്ല”

അദ്ധ്യായം അഞ്ച്

“പിന്നെ അനന്തന് വല്ലപ്പോഴും ഒന്ന് വന്നുകൂടെ.”

“വരാൻ മടിയുണ്ടായിട്ടല്ല. എപ്പോഴും എപ്പോഴും വന്നാൽ ഇവിടെ ഹോസ്റ്റലിലുള്ളവർ തന്നെ എന്ത് വിചാരിക്കും? വേണ്ടാത്ത തെറ്റിദ്ധാരണകൾ ഉണ്ടായാൽ

“എന്ത് തെറ്റിദ്ധാരണ. മറ്റുള്ളവരെ പേടിച്ച് ജീവിക്കാൻ ഒക്കുമോ. പിന്നെ എന്റെ കൂട്ടുകാർ— അവർ അനന്തനെ എന്റെ ബന്ധുവായിട്ടാണ് മനസ്സിലാക്കിയിരിക്കുന്നത്.”

“ഏ”

എന്താ പ്രതിഷേധമുണ്ടോ— അനന്തൻ ആദ്യം വന്നപ്പഴേ കൊള്ളസംഘവുമായി എനിക്ക് വല്ല ഇടപാടുമുണ്ടോ എന്ന് ചോദിച്ച് അവർ കളിയാക്കിയതാണ്.”

അനന്തൻ ചിരിച്ചുപോയി.

“ഞാനും വിട്ട് കൊടുത്തില്ല. അനന്തൻ എന്റെ അടുത്ത ബന്ധുതന്നെയാണെന്ന് പറഞ്ഞു.”

സുഹൃത്തുക്കളുടെ മുൻപിൽപോലും താൻ ബന്ധുവാണെന്ന് തുറന്ന് പ്രഖ്യാപിക്കാൻ അവൾ ഒരുമ്പെട്ടെന്നോ.

“ഓ, അങ്ങിനെ വേണ്ടിയിരുന്നില്ല.”

പറഞ്ഞതിങ്ങിനെയായിരുന്നെങ്കിലും മനസ്സ് അഭിമാനംകൊള്ളുകയായിരുന്നു. ഒന്ന് കണ്ട് പോകണമെന്ന ഉദ്ദേശമേ ഉണ്ടായിരുന്നുള്ളു. സന്ധ്യ മയങ്ങിയപ്പോഴാണ് പോകാൻ എണീറ്റത്. സൈക്കിളിൽ എത്തിയ പാൻവാലയുടെ മസാലക്കപ്പലണ്ടിയും കൊറിച്ച് പഴയ കഥകൾ പറഞ്ഞിരുന്നപ്പോൾ നേരം പോയതറിഞ്ഞില്ല. തെക്കേമഠത്തിലെ ശ്രീദേവിക്കുഞ്ഞും താനുംതമ്മിലുള്ള അന്തരം വളരെ കുറഞ്ഞതുപോലെ.

പിന്നത്തെ പ്രാവശ്യം ശ്രീദേവിയെ കാണാൻ പുറപ്പെട്ടപ്പോൾ മുൻപ് തോന്നാറുള്ള സങ്കോചം വിട്ടകന്നിരുന്നു.

വർക്ക്ഷോപ്പിൽ തിരക്കൊഴിഞ്ഞ ഒരു ദിവസം. വേനലവധി കഴിഞ്ഞ് ശ്രീദേവി വന്നിരിക്കയില്ല എന്ന സംശയത്തോടെയാണ് ഹോസ്റ്റലിൽ ചെന്നത്. ഗേറ്റ് കഴിഞ്ഞ് അകത്ത് കടന്നപ്പോൾ നാലുപാടും നോക്കി. ബെഞ്ചുകൾ ഒക്കെ മിക്കവാറും വിജനമാണ്. ശ്രീദേവി വന്നിട്ടില്ലെന്ന്തന്നെ തീർച്ചയാക്കി ചൗക്കിദാറിനോട് തിരക്കാതെതന്നെ തിരിച്ച് പോകാൻ തുടങ്ങിയതാണ്.

“അനന്താ.”

“പുറകിൽനിന്നൊരു വിളി.” തിരിഞ്ഞു നോക്കി. പോർട്ടിക്കോവിൽ തൂണിന്റെ മറവിലായി ശ്രീദേവി! എവിടെയോ പോകാൻ തയ്യാറായതുപോലെ ഒരുങ്ങിയിട്ടുണ്ട്.

വേഗം നടന്നടുത്തു.

“അനന്തൻ വന്നതുപോലെ തിരിച്ചു നടന്നതു—?”

ഇവിടെ കാണുകയില്ലെന്ന് തന്നെ വിചാരിച്ചു. അവധിക്ക് സിംലായിലോ,



സ്വർണ്ണാഭരണ സേവിംഗ്സ് സ്കീം
വമ്പിച്ച ആനുകൂല്യങ്ങൾ
ആകർഷകമായ വ്യവസ്ഥകൾ
ഉടനെ അംഗമായി ചേരുക
ഫാഷൻ ജ്വല്ലറി. തൃശ്ശൂർ

A—ഡിവിഷൻ 20ക. വീതം 30 തവണ
B—ഡിവിഷൻ 10ക. വീതം 30 തവണ
ആരംഭം: 1976 സെപ്തംബർ 10-ാംതീയതി
വ്യവസ്ഥകൾക്ക് ഉടൻ എഴുതുക. Phone office 21428

മെന്നിത്താളിലോ പോയിക്കാണുമെന്ന് കരുതി."

"ശരിയാണ്. ചേട്ടനും ചേട്ടത്തിയും പോയിരിക്കുകയാണ്. അവരുടെ കൂടെ ഞാനു പോയിട്ടും കാര്യമില്ലല്ലോ. അതുകൊണ്ട് നേരത്തെ ഇങ്ങ് പോന്നു."

അവളുടെ മുഖം മങ്ങിയിരുന്നു.

അനന്തൻ സംഭാഷണവിഷയം മാറ്റിക്കൊണ്ട് പറഞ്ഞു.

"എവിടെയോ. പോകാൻ തയ്യാറായി നിൽക്കുകയാണല്ലേ— ഞാൻ താമസിപ്പിക്കുന്നില്ല."

"അനന്തനല്ല താമസിപ്പിക്കുന്നത്. നന്ദിനിയുടെ ബോയ്ഫ്രണ്ടാണ്. അത് കണ്ടില്ലേ അശോകമരത്തിന്റെ തണലിൽ —! ഞങ്ങൾ പോകാൻ ഇറങ്ങിയപ്പോൾ അയാളും വന്നു. ഇനി എപ്പോഴാണോ പോകുന്നത്." പോക്ക് മുടങ്ങിയതിലുള്ള ഇച്ഛാഭംഗം നിഴലിട്ട വാക്കുകൾ

"എവിടെയാണ് പോകേണ്ടത്?"

അതിനുത്തരം പറയാതെ ഒരു നിമിഷം ആലോചിച്ചിട്ട് അവൾ ചോദിച്ചു.

"അനന്തന് എന്റെ കൂടെ ഇവിടെ അടുത്തൊരിടംവരെ വരാമോ."

"തീർച്ചയായും."

"ബുദ്ധിമുട്ടാവില്ലല്ലോ."

"അതെന്താണ് അങ്ങിനെ ചോദിച്ചത്."

"ഞാൻ അമ്പലത്തിലേക്കാണ് പോകുന്നത്."

"ഏ."

അനന്തന്റെ കണ്ണുകളിൽ വിസ്മയമായിരുന്നു.

"അതാണ് ബുദ്ധിമുട്ടാവില്ലേ എന്ന് ചോദിച്ചത്. അനന്തൻ നിരീശ്വരവാദിയോ മറ്റോ ആണോ?"

"അങ്ങിനെയൊന്നുമല്ല. ദൈവങ്ങളോട് പിണക്കമൊന്നുമില്ല പിന്നെ പൂജിക്കാനും പോകാറില്ല"

"ഞാനും അമ്പലത്തിൽ പോയിട്ട് വളരെ നാളുകളായി. ഇന്ന് എന്റെ പുറന്നാളാണ്."

"ഓ."

അയാൾ അമ്പരപ്പോടെ ശ്രീദേവിയുടെ മുഖത്ത് നോക്കി. ശ്രദ്ധാപൂർണ്ണമായും ആ സുന്ദരാകാരത്തിൽ പതിഞ്ഞത് അപ്പോഴാണ്.

വീതികസവുള്ള കോടി കവിണി സാരി, നെറ്റിയിൽ ചന്ദനക്കുറി. കുളിച്ച് വിതിർത്തിട്ട തലമുടിയിൽ ചെമ്പകമാല — കണ്ണുകൾ പിൻവാങ്ങാൻ മടിച്ചു നിന്നു.

"പുറന്നാളായിട്ട് അമ്പലത്തിൽ പോകണമെന്നു ഒരു നിഷ്ഠയുണ്ട്. അമ്മയ്ക്ക് അത് നിർബന്ധമായിരുന്നു. ഇന്നമ്മയില്ല— അമ്മയുണ്ടായിരുന്നപ്പോൾ —!"

പെട്ടെന്ന് അവൾ തുടരാതെ നിർത്തി. അനന്തന്റെ മനസ്സും ഓർമ്മകളിലേക്ക് വഴുതിവീണു. ശ്രീദേവിയുടെ പുറന്നാളിന് തെക്കേ മഠത്തിലെ അമ്മ കാട്ട്ഗ്ലാസ്സ് നിറഞ്ഞു തുളുമ്പി തനിയ്ക്ക് വിളമ്പി തരാറുള്ള ശർക്കരപായസത്തിന്റെ മാധുര്യം. ഓർമ്മകളിൽ തുരുമ്പിച്ച് കിടന്ന ഒരു കണ്ണ് കൂടി മിനുക്കപ്പെട്ടത് പോലെ.

ഗോമതി നദിയെ തഴുകി എത്തുന്ന കുളിർക്കാറ്റ്. ചില്ലകൾ കൂട്ടി പിണഞ്ഞ് കാറ്റിൽ ആടുന്ന ആര്യവേപ്പുകൾ! അവയുടെ തണൽപറ്റി ശ്രീദേവിയോടൊപ്പമുള്ള നടത്തം — മനസ്സ് ഉത്സാഹത്തുടിപ്പോടെ ആനന്ദനൃത്തം ചെയ്യുകയായിരുന്നു.

റോഡിൽനിന്നും നദീതീരത്തേക്ക് ഇറങ്ങാനുള്ള തുക്കായ പടവുകൾ! അങ്ങ് താഴെ പടർന്ന് പന്തലിച്ച് കൂറ്റൻ ആലിന്റെ ചുവട്ടിൽ കരിങ്കല്ല്കൊണ്ട് നിർമ്മിച്ച് വെള്ളതേച്ച ചെറിയ അമ്പലം! മണിഅടിച്ച് തൊഴുത് പ്രസാദം വാങ്ങിക്കാൻ പോകുന്ന ഭക്തജനങ്ങൾ.

പടവുകൾ ഇറങ്ങി ഒറ്റയടിപാതയിലൂടെ നടന്നു. ഇടുങ്ങിയ നടവാതിലിന് നേരെ കൽപ്പടിയിൽ പ്രസാദവുമായി പൂജാരി! നെറ്റിയിലും ശരീരത്തും ലോഭം കൂടാതെ വരകുറികൾ — കുടവയറിനുമീതെ അയഞ്ഞുകിടക്കുന്ന പൂണൂല്, നനച്ച് നിറം മങ്ങിയ പാളത്താറ്. കണ്ടു മറന്ന ഓർമ്മകൾ പുതുക്കപ്പെടുന്നതുപോലെ. വർഷങ്ങൾക്ക് ശേഷം ഒരു അമ്പലനടയിൽ എത്തിയിരിക്കുകയാണ്. അനന്തൻ കൗതുകത്തോടെ അകത്തേക്ക് നോക്കി. ഹനുമാൻജിയുടെ കുങ്കുമ കുറികൾ അണിഞ്ഞ കരിങ്കൽ പ്രതിഷ്ഠ ചുവട്ടിൽ മങ്ങിക്കത്തുന്ന കൽവിളക്കുകൾ. ശ്രീദേവിയുടെ കണ്ണുകളിൽ ഭക്തിരസം. മണിയടിച്ച് പ്രാർത്ഥനയിൽ ലയിച്ച് നിൽക്കുകയാണ്, ആ കാഴ്ച കൺകുളിർക്കെ കണ്ട്

കൊണ്ടു് അനന്തനും.

പ്രസാദം വാങ്ങി അനന്തന്റെ നേരെ തിരിഞ്ഞു.

“എന്താ അനന്തൻ മാറിനില്ക്കുന്നതു്. പ്രാർത്ഥിയ്ക്കാൻ ഒന്നുമില്ലേ.”

“പ്രാർത്ഥിക്കാനോ”, അനന്തൻ ചിരിച്ചുപോയി. പ്രാർത്ഥിച്ചു് കാര്യം നേടാമെന്നുള്ള വിശ്വാസം കുട്ടിക്കാലത്തു് തന്നെ നശിച്ചുപോയിരുന്നു. പിന്നെ പ്രത്യേകിച്ച് എന്തെങ്കിലും നേടാനുള്ള മോഹവും ഇല്ല— ഇല്ലെന്നോ? നിമിഷനേരത്തേയ്ക്കു് മനസ്സു് തർക്കിച്ചു് നിന്നതുപോലെ. അപ്പോൾ തന്റെ ഹൃദയത്തിലെ മോഹങ്ങളുടെ ശ്മശാനത്തു് എങ്ങു് നിന്നോ ഈയിടെ പ്രത്യക്ഷപ്പെട്ടിരിക്കുന്ന, യുക്തിക്കു് നിരക്കാത്ത, പുതുനാമ്പുകളോ? ഓ. തനിക്കെന്താണു്?— വഴി വിട്ടുപായുന്ന മനസ്സിനെ നിയന്ത്രിക്കാനുള്ള മാർഗ്ഗം എന്താണു്?

“അനന്തനെന്താണു് ആലോചിക്കുന്നതു്. ഇതാ പ്രസാദം വാങ്ങിക്കൂ.”

ശ്രീദേവിയുടെ നെററിയിൽ പുതുതായി വരച്ച കുങ്കുമരേഖ. കണ്ണുകളിൽ സംതൃപ്തി. കൈവെള്ളയിൽ വെച്ചു് കൊടുത്ത പ്രസാദത്തിനു് പ്രത്യേകമാധുര്യമുള്ളതുപോലെ.

“അനന്തനു് ധൃതിയില്ലെങ്കിൽ നമുക്കു് കുറച്ചു് നേരം ആൽത്തറയിൽ ഇരുന്നിട്ടു് പോകാം.”

വർഷകാലത്തെ വെള്ളപ്പാച്ചിലിൽ കല്ലുകൾ അടർന്നിളകിപ്പോയ വിസ്തൃതമായ ആൽത്തറ. പടർന്നു് പന്തലിച്ച ആലിന്റെ ഊന്നുവേരുകൾ കെട്ടു് പിണഞ്ഞു് മണൽത്തിട്ടയിൽ ആഴ്ന്നിറങ്ങി ഒരുതരം മേൽക്കൂര സൃഷ്ടിച്ചിരിക്കയാണു്. തമിഴ്നാട്ടിൽ കാണാറുള്ള ആയിരംകാൽമണ്ഡപങ്ങളുടെ പ്രതീതി. നദിയുടെ അക്കരെ കരിമ്പിൻ തോട്ടങ്ങളുടെ പുറകിലായി മറഞ്ഞുകൊണ്ടിരിക്കുന്ന സായാഹ്നസൂര്യൻ. അടിവെച്ചടിവെച്ചു് ഒഴുകുന്ന തെളിമയാർന്ന ഗോമതി. കൽത്തൂണു് പോലെ ഉറച്ച ഊന്നു് വേരിൽ ശ്രീദേവി ചാരി ഇരുന്നു. അനന്തൻ മടിച്ചു് നിന്നതേയുള്ളൂ.

“എന്തു് കൊണ്ടോ, ഈ ചെറിയ അമ്പലവും പരിസരവും ഞാൻ വളരെ ഇഷ്ടപ്പെടുന്നു.” ഇവിടെ കഴിച്ചുകൂട്ടുന്ന നിമിഷങ്ങളിൽ ഒരു പ്രത്യേകസമാധാനവും സ്വസ്ഥതയും ഒക്കെയാണു്.”

“ഇവിടെ പതിവായി വരാറുണ്ടോ?”

“ഉണ്ടായിരുന്നു.”

അനന്തനതു് ഒരത്ഭുതമായിരുന്നു.

“വഴിവിട്ടു് മാറിയുള്ള തോണിക്കാരുടേയും, ഡോബികളുടെയും ഈ അമ്പലം ഞാൻ എങ്ങിനെ കണ്ടുപിടിച്ചു എന്നല്ലേ—” കഥ കേൾക്കുന്നതിലേറെ, ആ സാമീപ്യത്തിനായുള്ള ഔൽസുക്യത്തോടെ കുറച്ചു് അകന്നു് മാറി അനന്തനും ഇരുപ്പുറച്ചു. അടുക്കും ചിട്ടയുമില്ലാതെ പാകിയുറപ്പിച്ച കൽത്തൂണുകൾ പോലെയുള്ള ഊന്നുവേരുകളുടെ പശ്ചാത്തലത്തിൽ ആൽമരത്തിൽ കുടികൊള്ളുന്ന സൗന്ദര്യദേവതപോലെ ശ്രീദേവി. ആ മുഖത്തു് നോട്ടം ഉറപ്പിയ്ക്കാൻ ധൈര്യം വന്നില്ല.

അരുതാത്ത മേഖലയിലാണു് നില്ക്കുന്നതു്. അപ്രാപ്യമായതു് ഉൾക്കൊള്ളാനാണു് ഹൃദയം വെമ്പുന്നതു്. ബുദ്ധിയുടെ വിലക്കുകൾ കൊണ്ടു് പിടിവിട്ടു് പായുന്ന മനസ്സിനെ തളച്ചിടാനുള്ള ശ്രമമായിരുന്നു. സൗഹൃദത്തിന്റെ മാധുര്യം ഊറുന്ന സംഭാഷണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.

“വാസ്തവത്തിൽ ഇവിടെ വന്നിട്ടു് ഒരാളോടു് മാത്രമേ മനസ്സു് കൊണ്ടു് അടുക്കാൻ കഴിഞ്ഞുള്ളൂ. ശ്യാംസുന്ദരി. അവൾ ഹനുമാൻജിയുടെ ഒരാരാധികയായിരുന്നു. അവൾക്കു് കൂട്ടായിട്ടാണു് ഇവിടെ വന്നുതുടങ്ങിയതു്. ആദ്യമൊക്കെ ഒരു കാഴ്ചക്കാരി മാത്രമായിരുന്നു. പിന്നെ, പിന്നെ ഈ അന്തരീക്ഷം എന്നെ സ്വാധീനിയ്ക്കാൻ തുടങ്ങി. ശ്യാംസുന്ദരി കഴിഞ്ഞ വർഷം ജയിച്ചു് പോയതിൽ പിന്നെ ഇവിടെ വന്നിട്ടില്ല.”

സ്മരണകളുടെ പിടിയിൽ അമർന്നതുപോലെ കുറച്ചു് നേരത്തേക്കു് അവർ ഒന്നും മിണ്ടിയില്ല. പിന്നെ പറഞ്ഞു് വന്നതിന്റെ തുടർച്ചയെന്നോണം പറഞ്ഞു.

“അവൾ പോയശേഷം എനിക്കു് ഫ്രൻഡ്സായി ആരും ഇല്ലെന്നു് തന്നെ

പറയാം. എല്ലാവരോടും ഒരുവിധം ലോഹ്യത്തിൽ കഴിയുന്നു എന്നു മാത്രം. വാസ്തവത്തിൽ ഇപ്പോൾ ഒരാവശ്യത്തിന്ന് സമീപിക്കാനുള്ള സ്വാതന്ത്ര്യം അനന്തനോടു മാത്രമേയുള്ളു."

ആ മുഖത്ത് സൗഹൃദത്തിന്റെ തെളിമയുള്ള പുഞ്ചിരി.

അനന്തന്റെ ഹൃദയത്തിൽ ശക്തിയായ വേലിയേറ്റം. എന്താണ് കേട്ടത്. ശ്രീദേവി തന്നെ സുഹൃത്തായി കണക്കാക്കിയിരിക്കുന്നു എന്ന് തന്നെയല്ലേ, മനസ്സ് നിറഞ്ഞ് സംതൃപ്തി. താമരപ്പൂവും, കരിവണ്ടും പോലെ ശ്രീദേവിയും അനന്തനും സുഹൃത്തുക്കൾ. പെട്ടെന്ന് ആ ഉപമയാണ് മനസ്സിൽ തോന്നിയത്.

പരസ്പരബന്ധമില്ലാത്ത അപ്രധാനമായ എത്രയേറെ വിഷയങ്ങളിലേക്കാണ് തുടർന്നുള്ള സംഭാഷണം കടന്നു ചെന്നത്. ശ്രീദേവിയുടെ ജീവിതവീക്ഷണവും വിചാരങ്ങളും തന്റേതിൽ നിന്നും എത്ര വിഭിന്നമാണെന്ന് അനന്തൻ ഓർത്തുപോയി, ശ്രീദേവിയെ സംബന്ധിച്ചിടത്തോളം ജീവിതം സുഖിക്കാനും രസിക്കാനുമുള്ളതാണ്. അശുഭചിന്തകൾക്ക് ഒന്നും ആ മനസ്സിൽ സ്ഥാനമില്ല. തനിക്കോ? ഒന്നുമൊന്നുമറിയാത്ത കുട്ടിക്കാലം മുതൽ ജീവിതം ഇരുൾ മൂടിയതായിരുന്നു. വളർന്ന് വലുതായിട്ട് പോലും ആ ഇരുൾ പരപ്പ് നീങ്ങിക്കിട്ടിയിരുന്നില്ല. ഭാവിയെപ്പറ്റി ചിന്തിക്കുമ്പോഴും വിരസതയുടെ ആവർത്തനങ്ങൾ മാത്രമേ പ്രതീക്ഷിക്കാൻ കഴിഞ്ഞുള്ളു. അതെ, വ്യക്തിപരമായി എതിർ ധ്രുവങ്ങളിൽ ആണ് സ്ഥിതി ചെയ്യുന്നതെങ്കിലും തങ്ങൾ സുഹൃത്തുക്കൾ ആയി കഴിഞ്ഞിരിക്കുന്നു.

ശ്രീദേവിയുമായി ഒത്ത് കഴിയുന്ന നിമിഷങ്ങളുടെ ഹൃദ്യത നിർവികാരത തളം കെട്ടിയിരുന്ന തന്റെ ഹൃദയത്തിൽ പുളകത്തിന്റെ പനിനീർപൂക്കൾ വിരിയുകയാണ്. തുരുമ്പിച്ച കമ്പികളിൽ ശ്രുതി മധുരമായ ഗാനങ്ങൾ! മൃദുലഭാവങ്ങൾ ഘനീഭവിച്ച ഹൃദയത്തിൽ മോഹത്തിന്റെ നീർക്കുമിളകൾ. ആലിന്റെ കൊമ്പുകളിൽ കിളികൾ ചേക്കേറുന്ന ശബ്ദം കേട്ടാണ് മടങ്ങാൻ എണീറ്റത്.

“ഇതിന് മുൻപ് വന്നപ്പോഴൊരിക്കലും ഇത്രയും സമയം ഇവിടെ ഇരിക്കാൻ കഴിഞ്ഞിട്ടില്ല. ഞങ്ങൾ തനിച്ചായത് കൊണ്ട് ഇരുട്ടുന്നതിനുമുൻപ് മടങ്ങിയിരുന്നു. ഇന്ന് ഇത്രയും സമയം ഇവിടെ കഴിച്ചുകൂട്ടാൻ കഴിഞ്ഞതിൽ വളരെ സംതൃപ്തി തോന്നുകയാണ്. അനന്തന് പ്രത്യേകം താങ്ക്സ് പറയേണ്ടിയിരിക്കുന്നു.” അവളുടെ കണ്ണുകൾ വാചാലങ്ങളായിരുന്നു. നനവിന്റെ കുളിർമ എന്താണെന്ന് മറന്ന് കിടന്നിരുന്നു. പാറപോലെ കട്ടിയായിരുന്ന അനന്തന്റെ മനസ്സ് കുളിർക്കുകയായിരുന്നു.

കേരള
ദിനേശ് ബീഡി
കണ്ണൂർ

ശ്രീദേവിയുമായി കഴിച്ചുകൂട്ടിയ നിമിഷങ്ങളുടെ ഹൃദ്യതയിൽ സ്വയം മറന്ന് എത്ര സമയം ഉറക്കം വരാതെ കിടന്നു എന്നറിഞ്ഞുകൂട.

നേരം പുലർന്നപ്പോൾ ഒരു പുതിയ ഉന്മേഷം കൈവന്നതുപോലെ. യാന്ത്രികമായി ചെയ്ത് തീർക്കാറുള്ള പ്രഭാതകർമ്മങ്ങളിൽ ഒരു പ്രത്യേക രസം. പൈപ്പിൽനിന്നും ബക്കറ്റിൽ വെള്ളം നിറച്ചത് പാടിമറന്ന ഏതോ ഗാനം മൂളികൊണ്ടാണ്. മനസ്സിന്റെ ഭാവവ്യത്യാസത്തിന് വ്യാഖ്യാനം കൊടുക്കാനാവാതെ ബുദ്ധി കുഴങ്ങുകയായിരുന്നു. താഴംപൂവിന്റെ സുഗന്ധംപോലെ ശ്രീദേവിയുടെ സാന്നിദ്ധ്യം മനസ്സിൽ തങ്ങിനിൽക്കയാണ്.

വർക്ക്ഷാപ്പിലെ ഫോൺ ശബ്ദിക്കുമ്പോഴെല്ലാം മനസ്സ് പ്രതീക്ഷയോടെ തുടിക്കും. ശ്രീദേവിതന്നെയായിരിക്കും എന്നാശിച്ചുപോകും. എങ്കിലും അവളുടെ ക്ഷണം കാത്തിരിക്കാൻ അനന്തൻ മിനക്കെട്ടില്ല. രണ്ടാഴ്ച കൂടുമ്പോഴെങ്കിലും ഹോസ്റ്റലിൽ ചെന്ന് കാണുന്നത് മിക്കവാറും ഒരു പതിവാക്കി. ഏതെങ്കിലും കാരണവശാൽ കാണാൻ തരപ്പെട്ടില്ലെങ്കിൽ ഒരുതരം നഷ്ടബോധം മനസ്സിനെ കീഴ്പ്പെടുത്തിയിരുന്നു. കണ്ണുകൾ അവളുടെ സുന്ദരദൃശ്യത്തിനായി ദാഹിക്കുകയാണ് കാതുകൾ ആ ശബ്ദത്തിനായി കൊതിക്കയാണ്.

തന്നെ സംബന്ധിച്ചിടത്തോളം ശ്രീദേവിയുമായുള്ള ബന്ധം തന്റെ ബുദ്ധിയുടെ സകല നിയന്ത്രണങ്ങളേയും പൊട്ടിച്ചെറിഞ്ഞ് പുതിയൊരു മേഖലയിൽ എത്തിയിരിക്കയാണ്. ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് ഒഴുക്കോടെ തെന്നി നീങ്ങുന്ന സംഭാഷണത്തിൽ തിങ്ങിനിന്ന സൗഹൃദവും ഇടക്കിടയുള്ള കുസൃതിച്ചിരിയും ഓർത്ത് ഓർത്ത് ആസ്വദിക്കാനായി ഒരു പിശുക്കന്റെ കരുതലോടെയാണ് മനസ്സിൽ കൂട്ടിവെച്ചത്.

(തുടരും)

* * *

പിതാമഹൻ

വി കെ എൻ

അടച്ചിട്ട വാതിലിനകത്തെ സമ്മേളനം അതിരഹസ്യമായിരുന്നു. പുറത്ത് ഒരക്ഷരം കേട്ടിരുന്നില്ല.

വൈസ്രോയുടെ പത്നി സമ്പാദിച്ചതൊക്കെ കളഞ്ഞു കുളിച്ചവിവരം സർ ചാത്തു ആമുഖമായി പറഞ്ഞു.

രഹസ്യക്കാരെ നല്ല നിലയ്ക്കു നിർത്തിയില്ലെങ്കിൽ ഇങ്ങിനെയൊക്കെ സംഭവിക്കും. നിയമസഭാ സ്പീക്കർ ചെന്താമര പിഷാരടി പറഞ്ഞു.

കാമം ചെയ്താൽ പോരാ, കാമസൂത്രംകൂടി വായിച്ചിരിക്കണം – ശങ്കുണ്ണിവാരിയർ പറഞ്ഞു.

അദ്ധ്യായം പതിനേഴ്

ആസ്തിവിഭജനം

മാലശേഖരിച്ചത് വെളിയിട്ട തോട്ടക്കാരനെ പ്രോസിക്യൂട്ട് ചെയ്യാൻ നിയമമില്ലെന്ന് അഡ്വക്കേറ്റ് ജനറൽ ഗോപാല മേനോൻ വിസ്തരിച്ചു.

അതുകൊണ്ട് കൊച്ചിയെ ടച്ച് ചെയ്ത് പോകാനാണ് സായ്പിന്റെ പരിപാടി – സർ ചാത്തു പറഞ്ഞു.

എത്ര സംഖ്യവേണംപോലും?– ചെന്താമരപിഷാരടി ചോദിച്ചു.

ഒന്നരക്കോടി.

പൂർണ്ണത്രയീശ!

കാര്യമെന്തെന്നാൽ – സർ ചാത്തു പറഞ്ഞു – കഷ്ടിച്ച് രണ്ടുകോടിരൂപയേ ഖജനാവിലുള്ളു. സംഖ്യതരില്ലെന്നു പറഞ്ഞാൽ സായ്പ് ഇവിടെ കേന്ദ്രഭരണം ഏർപ്പെടുത്തി അതു മുഴുവൻ തുടച്ചുകൊണ്ടു

പോകും.

അതു സമ്മതിക്കുവയ്യെന്നായി ശങ്കുണ്ണി വാരിയർ

പിഷാരടി എന്തു പറയുന്നു?

മുഴുവൻ മൂലധനവും കൊണ്ടുപോകുന്നതിനു് ഞാനും എതിരാണു്.

നാമും രാജ്യത്തിനുവേണ്ടി കുറെ കഷ്ടപ്പെട്ടതല്ലേ?

അതെ.

നമുക്കും എന്തെങ്കിലും ലഭ്യം വേണ്ടേ?

വേണ്ടേ എന്നോ? വേണംതാനും എന്നാണു് പറയേണ്ടതു്.

എന്നാൽ സർ ചാത്തു പറഞ്ഞു– രണ്ടു ലക്ഷം രൂപാവീതം മേനോനും വാരിയർക്കും പിഷാരടിക്കും എടുക്കാം.

ഒരു ടെൻതൌസണ്ടു് പ്രൈസിൽ കവിഞ്ഞു് ഒരു കാശും പ്രതീക്ഷിക്കാതിരുന്ന മൂവർക്കും ആനന്ദമൂർഛകാരണം ഒരു കൊച്ചു ശബ്ദംപോലും പുറപ്പെടുവിക്കാൻ കഴിഞ്ഞില്ല.

വൈത്തിക്കു് ഒരു ലക്ഷവും നാം അനുവദിച്ചിരിക്കുന്നു – പ്രധാനമന്ത്രി പറഞ്ഞു – പുറമെ പെൻഷനുമുണ്ടാവുമല്ലോ. പോരേ വൈത്തീ?

കിടപ്പതു് കല്യാണം എന്നാണു് തമിഴിൽ ചൊല്ലു്, സർ. കൂടുതലായി എനിക്കൊന്നും പറയാനില്ല.

സർ ചാത്തു എത്ര മോഷ്ടിക്കാൻ പോകുന്നു?– അഡ്വക്കററു് ജനറൽ ചോദിച്ചു.

എനിക്കൊന്നും വേണ്ട.

അതു പററില്ല.

അല്ല. വേണ്ട: കാലയാപനത്തിനുള്ളതു് പുഴക്കര മാളികയിലുണ്ടു്. അതുമതി.

പണത്തോടുള്ള കോടീശ്വരൻെറ വൈമുഖ്യത്തിൽ സദസ്യർ ആശ്ചര്യം പ്രകടിപ്പിച്ചു.

അഡ്വക്കററു് ജനറൽ ചോദിച്ചു.

ഏഴര പൊട്ടന്മാർ ഫെഡറൽ കോടതി കയറിയസ്ഥിതിക്കു് നാമിനി ഈ രാജ്യം ഭരിക്കണോ?

വേണ്ട – സർ ചാത്തു പറഞ്ഞു – കാലിയായ ഖജനാവുമായി കൈകാര്യം കേന്ദ്രം ഏറെറടുത്തോട്ടെ.

പ്രൊസീജിയർ?

അസംബ്ലികൂടി നമുക്കു തീരുമാനിക്കാം.

വളരെ നല്ലതു്.

വൈസ്രോയി വന്നുകഴിഞ്ഞാലുടൻ ഇപ്പോൾ നിശ്ചയിച്ച സംഖ്യ നിങ്ങളുടെ കൈകളിലെത്തും. ഭദ്രമായി സൂക്ഷിച്ചുകൊൾക.

ഒരു പൈസ പുറത്തെടുക്കില്ല, എന്നാൽ പോരേ?

മതി.

എന്നാണു് വെള്ളക്കാരൻ വരുന്നതു്?

അടുത്താഴ്ച.

വാതിക്കൽ മുട്ടു്. വൈത്തി പോയി തുറന്നു. എക്കൌണ്ടൻറു് ജനറലാണു്.

എന്നാൽ നാം പിരിയുകയല്ലേ?– സർ ചാത്തു ചോദിച്ചു.

സദസ്സു് കലങ്ങി.

കണക്കപ്പിള്ള അകത്തു കടന്നു. വാതിൽ പുറത്തു നിന്നു് ബന്ധിച്ചു് വൈത്തി തൻെറ മുറിയിലേക്കു പോയി.

എക്കൌണ്ടൻറു് ഇരിക്കു - സർ ചാത്തു പറഞ്ഞു.

ജനറാൾ ആസനസ്ഥനായി.

അഞ്ചു കോടിയിൽപരം കാശു് ഖജനാവിനെ വീർപ്പുമുട്ടിക്കുന്നു എന്നല്ലേ ഇന്നലെ പറഞ്ഞതു്?—പ്രധാനമന്ത്രി ചോദിച്ചു.

അതെ, സർ.

ഇന്ത്യാഗവമ്മെണ്ടു് സംസ്ഥാനത്തെ ഭരണം ഏറെറടുക്കാൻ പോകുന്ന സ്ഥിതിക്കു് കോശം നമുക്കു് കാലിയാക്കണ്ടേ?

വേണം.

കടലാസ്സും പെൻസിലും കൊണ്ടുവന്നിട്ടില്ലേ?

ഉവ്വു്.

എന്നാൽ കുറിച്ചോളൂ.

കേട്ടെഴുതു് എടുക്കാൻ പാകത്തിൽ എക്കൌണ്ടൻറു് പെൻസിൽ തുപ്പൽ കൂട്ടി നനച്ചു.

സർ ചാത്തു പറഞ്ഞു.

വൈസ്രോയിക്കു് ഒന്നരകോടി രൂപ. ബാങ്കു് ഓഫു് ഇംഗ്ലണ്ടിലേക്കു് ചെക്കു് എക്കൊണ്ടു് പേയി ഓൺലി. അദ്ദേഹം കപ്പൽ കയറുന്നതിനു തലേന്നു് രാത്രി മുഖദാവിൽ ഏല്പിക്കുക.

ഞാൻ നേരിട്ടു് ഏല്പിക്കണോ, സർ?

അതാണു് മര്യാദ.

ശരി, സർ.

പിന്നെ, രണ്ടുകോടി രൂപ വീതം എനിക്കും കുഞ്ഞിരാമനും. പണമായിട്ടു്.

എപ്പോൾ, സർ,

വൈസ്രോയിക്കു് ചെക്കു കൊടുക്കുന്നതിനു മുമ്പായിട്ടു്.

എവിടെ തരണം, സർ?

വീട്ടിൽ ലേഡീഷാററനെ ഏല്പിച്ചാൽ മതി.

രണ്ടുപേരുടേയും?

അതെ.

അപ്പോൾ അഞ്ചര കോടിക.

എക്കൌണ്ടൻറു് കൂട്ടിയതിൽ പിഴച്ചിട്ടില്ല—സർ ചാത്തു പറഞ്ഞു. ഇനി ലക്ഷങ്ങളുടെ കണക്കാണു്.

കണക്കപ്പിള്ള പെൻസിൽ കൂർപ്പിച്ചു.

സർ ചാത്തു പറഞ്ഞു:

ചെന്താമര പിഷാരടിക്കു്—രണ്ടുലക്ഷം രൂപ.

ചെക്കു്?

ചെക്കു്.

ശങ്കുണ്ണിവാരിയർക്കു്— രണ്ടു ലക്ഷം. ചെക്കു്.

അഡ്വക്കേററു് ജനറലിനു്— രണ്ടു ലക്ഷം ചെക്കു്.

വൈത്തിക്കു്— ഒരു ലക്ഷം ചെക്കു്.

ബാക്കി വൈസ്രോയിയുടെ സന്ദർശനത്തിനു ചിലവു്. ആകെ ബാക്കി—ഖജനാവു് കാലി.

എക്കൌണ്ടൻറു് സമസ്തവും കുറിച്ചെടുത്തു.

എല്ലാം ശരിയായില്ലേ? സർ ചാത്തു ചോദിച്ചു.

ഉവ്വ്.

എന്നാൽ പൊയ്ക്കോളൂ.

എക്കൌണ്ടൻറു് തല ചൊറിഞ്ഞു.

ഈ രാജ്യത്തെ ഉന്നതരായ സിവിലുദ്യോഗസ്ഥന്മാർക്കു് എന്താണു് പരക്കെ ഒരു തല ചൊറിച്ചിൽ?—സർ ചാത്തു ചോദിച്ചു—കൃമികീടബാധയുണ്ടെങ്കിൽ വല്ല ലോഷനും വാങ്ങി പുരട്ടിക്കൂടേ?

അതല്ല സർ.

പിന്നെന്താണു്?

ഇത്രയും സഖ്യ പലയിനത്തിലും എഴുതിത്തള്ളേണ്ടതുണ്ടു്.

നമുക്കറിയാം.

രാപകൽ പണിയെടുക്കണം.

അതും ശരിയാണു്.

അതുകൊണ്ടു് എനിക്കുമെന്തെങ്കിലും—

സർ ചാത്തു ചിരിച്ചു.

ഞാനതു മറന്നു. കഠിനാദ്ധ്വാനത്തിനു് ഓവർടൈമായി പത്തു രൂപ കണക്കെഴുതി എടുത്തുകൊൾക.

അതു പോരാ; സർ.

പിന്നെ?

ഇരുപത്തഞ്ചുറുപ്പികയെങ്കിലും വേണം.

പ്രധാനമന്ത്രിയുടെ മുഖം ചുവന്നു.

വാതിൽ തുറന്നു് വൈത്തിയെ വിളിച്ചാട്ടെ.

പ്രൈവററ് സെക്രട്ടറി ധൃതിയിൽ കടന്നു വന്നു.

വൈത്തി സർ ചാത്തു പറഞ്ഞു—ഇയാളുടെ കയ്യിൽ നിന്നു് ഖജനാവിന്റെ താക്കോൽ മേടിക്കു. കുറച്ചു കണക്കെഴുതാനുണ്ടു്.

എക്കൗണ്ടന്റു് ഭ്രാന്തനായി.

സർ;

ഊം? എന്തേ?

ഇവിടുന്നു് കല്പിച്ചു തരുന്നതു മതി.

എത്ര?

പത്തുറുപ്പിക.

പാഠം പഠിഞ്ഞാ?

പഠിഞ്ഞു.

ഇനി നമുക്കു മുന്നിൽ വേഷംകെട്ടുമോ?

ഇല്ല.

ദി ചീക്ക് ഓഫ് അൻ എക്കൗണ്ടന്റ്?—സർ ചാത്തു ഇംഗ്ലീഷിൽ പറഞ്ഞു.—ശരി, പോ.

(തുടരും)

വെയിലും നിഴലും പിണഞ്ഞു കിടക്കുന്ന മുററം.

സ്കറിയാ ചാരുകസേരയിൽ മലർന്നു കിടക്കുകയായിരുന്നു.

"വരണം ജോസേ."

തെങ്ങിനു തടംതോണ്ടുകയായിരുന്ന കറുത്തു മെലിഞ്ഞ യുവാവു് അകത്തുനിന്നു് ഒരു കസേര പുറത്തെടുത്തു.

ജോസ് ഇരിക്കുമ്പോൾ സ്കറിയാ സുഹൃത്തിനോടു പറഞ്ഞു:

"ജോസിനെ അറിയാമല്ലോ? ഞങ്ങൾ സഹപ്രവർത്തകരാണു്."

"കറിയാച്ചനെ ഒന്നു കാണണമെന്നു കരുതി ഇരിക്കയായിരുന്നു: സൗകര്യമായി ഒന്നു സംസാരിക്കണം."

നോവലെററു് രണ്ടു്

"എന്താ ജോസേ."

അയാളുടെ കഷണ്ടിയിൽ വെയിലിന്റെ തിളക്കം.

"പെങ്ങൾക്കു് ഒന്നു രണ്ടു് ആലോചനയൊക്കെയുണ്ടു്: വീടു് ശരിയാക്കാതെ ഒന്നും നടക്കില്ല."

"ഒരു വീടു വയ്ക്കാനുള്ള വീതിയില്ല. അല്ലേ?"

"ഉം. കറിയാച്ചനറിയാമല്ലോ: വീടിനു പുറകിലോട്ടുള്ള കുറേസ്ഥലം കറിയാച്ചനെടുത്തിട്ടു് ഏതെങ്കിലും ഒരു വശംകൂടി അല്പം തന്നാൽ വീടുവയ്ക്കാനുള്ള വീതി കിട്ടുമായിരുന്നു."

സ്കറിയാ ഒരു നിമിഷം ചിന്തയിലാണ്ടു. പിന്നീടു് ജോസിനു സിഗററു കൊടുത്തുകൊണ്ടു പറഞ്ഞു:

"ഞാൻ പറയുമ്പോൾ ജോസിനു വിഷമം തോന്നും: നിങ്ങളുടെ പറമ്പിനു മൂന്നു വശവും എന്റെ സ്ഥലമാണു്—"

"അതുകൊണ്ടാണല്ലോ ഇതു പറഞ്ഞതു്: പുറകിലുള്ള സ്ഥലം എടുത്താൽ അതു കറിയാച്ചന്റെ പറമ്പിനോടു ചേർന്നു കിടക്കും."

"പക്ഷേ, അതൊരു അസൗകര്യമാണു്. എനിക്കൊരു മതിൽ കെട്ടണമെങ്കിൽ നിങ്ങളുടെ പറമ്പിനു മൂന്നു വശവും—"

അയാൾ അവന്റെ സിഗററിനു തീ കൊളുത്തി.

"നടുക്കു് ഞങ്ങളുള്ളതു കറിയാച്ചനു് ഒരു അസൗകര്യമാണെന്നറിയാം."

"അങ്ങനെയല്ല ഞാൻ പറഞ്ഞതു്."

അയാളുടെ മുഖഭാവം അളക്കാനാവാതെ അവൻ ഇരുന്നു.

"നടുക്കുനിന്നു ഞങ്ങളങ്ങു മാറിയാലോ?"

അയാൾ ചിരിച്ചു.

"ഇപ്പോൾ ഞങ്ങൾ താമസിക്കുന്നിടത്തു് ഒരു കിണറുണ്ടു്. അതുകൂടെ ഉണ്ടായിരുന്നാൽക്കൊള്ളാമെന്നു തോന്നിയതുകൊണ്ടാണു് അവിടെത്തന്നെ ഒരു അഡ്ജസ്റ്റുമെന്റു് നടത്താമോയെന്നു ചോദിച്ചതു്."

സ്കറിയാ പിന്നെയും ചിരിച്ചു.

ചിരിക്കു പുതിയ അർത്ഥങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

"ഇനിയുള്ള മാർഗ്ഗം കറിയാച്ചനു് സ്ഥലം മുഴുവൻ തരികയെന്നതാണു്. പകരം തെക്കേഅററത്തോ വടക്കേ അററത്തോ ചതുരമൊപ്പിച്ചു് അല്പം സ്ഥലം തരണം. ഒരു വീടുവയ്ക്കാനുള്ള വീതി. അങ്ങനെ ആയാൽ കറിയാച്ചനു് സ്ഥലം മുഴുവൻ ഒററപ്ലോട്ടായി കിടക്കുകയും ചെയ്യും."

അതിർത്തിയുടെ വേരുകൾ

അയാൾ നിശ്ശബ്ദനായി പുകച്ചുരുളുകളിലേക്കു നോക്കിയിരുന്നു.

"ഞങ്ങൾ തരുന്നതിൽ അല്പം കുറച്ചുകിട്ടിയാലും മതി. ഒരു ലോൺ കിട്ടും. അതുകൊണ്ടു വീടുവയ്ക്കാമെന്നു കരുതിയാണു്."

"തെക്കുവശം എന്റെ മൂത്ത മകന്റെ പേരിൽ എഴുതിപ്പോയി. വടക്കുവശം രണ്ടാമന്റെ പേരിലും. അതുകൊണ്ടു് അതും സാധിക്കില്ല. ജോസിനു വിഷമം തോന്നരുതു്."

ജോസ് ലെച്ചിരുന്നു.

നിശ്ശബ്ദതയുടെ ഒരു നിമിഷം.

"മക്കളുടെ പേരിൽ എഴുതിയതും കറിയാച്ചന്റെ കയ്യിലാണല്ലോ. ഞങ്ങളുടെ സ്ഥലം പകരം എഴുതാവുന്നതല്ലേയുള്ളൂ."

"ഇല്ല, അതു ബുദ്ധിമുട്ടാണു്."

"കറിയാച്ചൻ ആലോചിച്ചു പിന്നീടു മറുപടി പറഞ്ഞാൽ മതി."

"ഇതിൽ ആലോചിക്കാനൊന്നുമില്ല."

ഇനിയെന്തുപറയണമെന്നറിയാതെ ജോസ് ഇരുന്നു. പുരയിടത്തിലെ ജോലിക്കാർ ശ്രദ്ധിക്കുന്നുണ്ടു്.

"ശരി. ഞാനിറങ്ങട്ടെ."

എഴുന്നേററു.

"ഒന്നും തോന്നരുതു്."

അല്പം നടന്നിട്ടു തിരിഞ്ഞുചെന്നു് ജോസ് പറഞ്ഞു:

"ഞങ്ങൾ താമസിക്കുന്ന സ്ഥലം വിററിട്ടുപോകാനും തയ്യാറാണു്. എവിടെയായാലും ഒരു വീടുവയ്ക്കണം."

"എനിക്കിപ്പോൾ സ്ഥലത്തിന്റെ ആവശ്യമില്ല ജോസേ: എങ്കിലും നിങ്ങളെ സഹായിക്കാൻവേണ്ടി ഞാനതു വാങ്ങാം."

"ശരി. എന്തു വിലതരും?"

"നിങ്ങളുടെ സ്ഥലമല്ലേ, തെക്കുവശത്തു് ഞാൻ വാങ്ങിയതു്. അതിനെക്കാൾ അല്പം കൂടുതൽ വിലതരാം."

ഒററി ഒഴിപ്പിക്കാനുള്ള തിരക്കിൽ ഒററ ദിവസംകൊണ്ടു ഉറച്ച കച്ചവടം.

"സെന്റിനു നൂറുരൂപാവെച്ചല്ലായിരുന്നോ അതു്?"

"അതേ."

"മൂന്നുകൊല്ലംമുമ്പു് ഒററി ഒഴിപ്പിക്കാനുള്ള വാശിക്കു്—"

"അല്പം കൂടുതൽ തരാമെന്നു പറഞ്ഞല്ലോ."

"കുറേക്കൂടി തെക്കുമാറി വഴിസൗകര്യമില്ലാത്തിടത്തു് കഴിഞ്ഞ ആഴ്ചയിൽ ഒരു സ്ഥലത്തിന്റെ ആധാരം നടന്നു. അതു നൂറുരൂപാ നിരക്കിൽ."

ജോയിക്കുട്ടി പാലത്തുങ്കൽ

"അതൊക്കെ ശരിയാണു്. എനിക്കു

സ്ഥലം ആവശ്യമുണ്ടായിട്ടല്ലെന്നു് ജോസിനു് അറിയാമല്ലോ."

"പത്തു സെൻററിനു് കറിയാച്ചൻ തരുന്ന വിലകൊണ്ടു് അഞ്ചുസെൻററ് വാങ്ങിക്കാൻ കഴിയേണ്ടേ?"

"എനിക്കു നിർബ്ബന്ധമില്ല."

"ശരി."

ജോസ് നടന്നു.

വീട്ടിൽ ചെല്ലുമ്പോൾ എന്താണു പറയുക?

വിവരം കേട്ടപ്പോൾ അന്തോനി പേപ്പർ മടക്കുകയും നിവർത്തുകയും ചെയ്തു. പത്രം മേശപ്പുറത്തിട്ടു് അയാൾ എഴുന്നേററു. ഒരു ചുവടു പോലും മുന്നോട്ടു വയ്ക്കാനാവാതെ നിന്നു. എങ്കിലും എങ്ങോട്ടെല്ലാമോ സഞ്ചരിച്ചുകൊണ്ടിരിക്കയാണെന്നു് അയാൾക്കു തോന്നി. പാദങ്ങൾ നിരന്തരം ഒരു യാത്രയുടെ താളങ്ങളിൽ.

"ഇതു ഞാൻ പ്രതീക്ഷിച്ചതു തന്നെ."

ശബ്ദം ദുർബ്ബലമായിരുന്നു

"പക്ഷേ, നീ പറയുമ്പോൾ—നിങ്ങൾ ഒരുമിച്ചു പ്രവർത്തിക്കുന്നവരല്ലേ?"

"ഞാനിറങ്ങുന്നു."

തങ്കപ്പനു് നിർദ്ദേശങ്ങൾ വയ്ക്കാനില്ലായിരുന്നു.

"ഞാനും വരുന്നു."

അന്തോനി.

മകൻ വിളിച്ചു മാററി നിർത്തി ഉപദേശിച്ചു:

"കുടിക്കാനാണെങ്കിൽ പോകണ്ട."

"നിനക്കെന്താ? അതിനെൻറ കൈയിൽ കാശുണ്ടോ."

ജോസ്, അന്തിത്തിരക്കുകളിൽ ഞെരുങ്ങുന്ന വീടിൻെറ വീതി അളന്നു.

വീതി കുറഞ്ഞ ഒരു വീടിൻെറ ചിത്രം മനസ്സിൽ.

ഞെങ്ങിയിറങ്ങി.

വൈകിട്ടു തിരിച്ചെത്തിയപ്പോൾ അമ്മയോടു പറഞ്ഞു:

"നമുക്കു് ഉള്ള സ്ഥലത്തു വയ്ക്കാൻ പററിയ വീതികുറഞ്ഞ വീടിനു പ്ലാൻ വരയ്ക്കാൻ ഏർപ്പാടു ചെയ്തു."

അമ്മയുടെ കണ്ണുകളിൽ തിളക്കം.

അകത്തെ മുറിയിലേക്കു നടക്കുമ്പോൾ—തറയിൽ അഴിഞ്ഞുകിടക്കുന്ന ഉടുതുണിയിൽ നിറയെ ചെമ്മണ്ണുമായി അന്തോനി ബോധമില്ലാതെ കിടന്നുരുളുന്നു.

അമ്മ ഒന്നും പറയാതെ അടുക്കളയിലേക്കു പോയി.

വയ്യ.

എല്ലാം നശിച്ചാലും ഈ മനുഷ്യൻ അടങ്ങില്ലേ?

വീടിനു പിന്നിലുള്ള മുററത്തിറങ്ങി.

അതിരിൽ, ക്രൂരമായ ഒരനുഭവമായി ഇരുട്ടിനു് ആഴം വർദ്ധിപ്പിക്കുന്ന ആഞ്ഞിലി.

മൂന്നു്

പ്ലാനും എസ്റ്റിമേററും വാങ്ങി വീട്ടിലെത്തുമ്പോൾ ഉന്മേഷം തോന്നി.

പ്ലാനിലെ വരകളിലേക്കു നോക്കിയിരിക്കുമ്പോൾ ആകർഷകമായ ഒരു കെട്ടിടം സജീവമായി ആവിർഭവിക്കുന്ന കാഴ്ച.

അമ്മയോടു് പുതിയ വീടിനെക്കുറിച്ചു സംസാരിച്ചു.

ലോൺ.

പലരേയും കാണണം.

മുററത്തേക്കു് ഇറങ്ങാൻ തുടങ്ങുമ്പോഴാണു വഴിയിൽ കാർ വന്നു നിന്നതു്.

പൊടി ഉയർന്നു.

സ്കറിയാ.

അയാളുടെ മുഖത്തു മധുരതരമായ അനുഭൂതിയായി പടരുന്ന ചിരി.

വേണ്ട.

"വീടുവയ്ക്കാൻ വീതിയില്ലാത്തതുകൊണ്ടു കിട്ടുന്ന വിലയ്ക്കു് സ്ഥലം വിൽക്കേണ്ടി വരും. മൂന്നുവശവും എൻെറ സ്ഥലമായതുകൊണ്ടു് മററാരും ഈ തുണ്ടു പുരയിടം വാങ്ങില്ല. എൻെറ കൈയിൽത്തന്നെ വന്നു വീഴും."

സത്യമാണോ?

സ്കറിയാ പറഞ്ഞതായി അറിഞ്ഞു.

ശരിയായിരിക്കും. അല്ലാതെ, ഈ വിശദാംശങ്ങൾ എങ്ങനെ അറിയാനാണു്?

തെക്കുവശവും വടക്കുവശവും മക്കളുടെ പേരിൽ എഴുതിപ്പോയി പോലും.

"ജോസിനു പരിഭവം തോന്നരുതു്."

സ്കറിയാ അടുത്തെത്തിയിരിക്കുന്നു.

"ഏയ്. എനിക്കെന്തിനാ പരിഭവം?"

ഒന്നും തന്നെ ബാധിക്കുന്നില്ലെന്നു ഭാവിച്ചു.

ഉള്ളു് നീറിപ്പിടയുന്നു.

നിസ്സാരവിലയ്ക്കു സ്ഥലം തട്ടിയെടുക്കാൻ കാവൽ.

ഉള്ള സ്ഥലത്തു പററിയ വീടിനു പ്ലാൻ ചെയ്യുന്നെന്നു കേൾക്കുമ്പോൾ ആ മുഖം മഞ്ഞളിക്കും. അതു് ഹൃദ്യമായ ഒരു കാഴ്ചയായിരിക്കും.

"കറിയാച്ചനോടു സംസാരിച്ച ശേഷം ഞാനൊരു തീരുമാനം എടുത്തിരിക്കയാണു്. ഉള്ള വീതിയിൽ ഒരു വീടു വയ്ക്കുക."

ഞെട്ടുമെന്നു കരുതി.

"ഏതായാലും നിങ്ങൾക്കൊരു വീടു് ആവശ്യമാണു്."

സ്കറിയായുടെ മുഖത്തു് അതേഭാവം.

ഒരു പക്ഷേ, അയാൾക്കു് ഇപ്പോഴും വിശ്വാസമായിരിക്കയില്ല. സൗകര്യമില്ലാത്ത ഈ സ്ഥലത്തു നല്ലൊരു വീടു് പണിയാനാവില്ലെന്നു് കരുതുന്നുണ്ടാവണം.

"ജോസ് വീടു വയ്ക്കുന്നെങ്കിൽ, എന്തു സഹായവും ഞാൻ ചെയ്യും."

പൊള്ളയായ വാക്കുകൾ!

വേണ്ട.

എന്തിനീ അഭിനയം?

വെറുതെ നോക്കുക മാത്രം ചെയ്തു.

എന്താണു ചിരിക്കാൻ പോലും കഴിയാത്തതു്?

ഭാവങ്ങൾ ഇത്ര പ്രകടമാവരുതു്.

ഈ ലോകത്തു ജീവിക്കണമല്ലോ.

"ആ ആഞ്ഞിലി മുക്കാൽ ഭാഗവും എൻെറ പറമ്പിലാണു്."

ഞെട്ടി. എന്താണയാൾ പറഞ്ഞു വരുന്നതു്?

"പക്ഷേ, നിങ്ങൾ വീടു വയ്ക്കുന്നെങ്കിൽ അതു വെട്ടിയെടുത്തു് ഉരുപ്പടികൾ ഉണ്ടാക്കിക്കൊള്ളൂ. ഇനി എന്നോടു ചോദിക്കുകപോലും വേണ്ട."

എന്തു്?

വിശ്വസിക്കാൻ കഴിയുന്നില്ലല്ലോ.

സ്കറിയായെക്കുറിച്ചു രൂപപ്പെട്ട അഭിപ്രായങ്ങൾ തിരുത്തിക്കുറിക്കണമെന്നോ?

വിശാലതയിലേക്കു നീളുന്ന ശാഖകളിൽ നൃത്തം ചെയ്യുന്ന ഇലകളുമായി ഉയർന്നു നിൽക്കുന്ന ആഞ്ഞിലി.

സ്കറിയായുടെ മനസ്സു്!

എന്തേ, നേരത്തെ ഇതു മനസ്സിലാവാഞ്ഞതു്?

ഇദ്ദേഹത്തെയാണല്ലോ സംശയിച്ചതു്.

കഷ്ടം!

ജോസ് നന്ദി പറഞ്ഞു.

സന്തോഷം അടക്കാനായില്ല.

സ്കറിയാ പുരയിടത്തിലേക്കു കയറി. ജോലിക്കാരുണ്ടാവും.

ഉടനെ ഒരാൾ സൈക്കിളിൽ കുപ്പികളുമായി നീങ്ങും.

അതാണു മെച്ചം—ഷാപ്പിൽ പോയിരുന്നു കുടിച്ചു് വഴിവക്കിൽ കാലിടറി വീഴുന്നതിനേക്കാൾ.

എത്ര പ്രാവശ്യം പറഞ്ഞു.

വീണ്ടും മനസ്സിൽ ആഞ്ഞിലിയുടെ ചിത്രം;

കൈയിൽ ഒതുക്കാനാവാതെ, ഘനീഭവിച്ച ദുഃഖമായി വികസിച്ചു നിൽക്കുന്നു.

ലോൺ കിട്ടുന്നതിനുള്ള ശ്രമങ്ങളുമായി ഒരു പകൽ.

സായാഹ്നത്തിൽ മടങ്ങിയെത്തുമ്പോൾ മുൻവശത്തെ മുറിയിൽ അന്തോനി—

"അച്ചായാ, ഇന്നു കറിയാച്ചനെ കണ്ടു."

ജോസിന്റെ സന്തോഷം.

"എന്താ?"

"വീടു പണിയുമെങ്കിൽ ആഞ്ഞിലി മുറിച്ചെടുത്തോളാൻ പറഞ്ഞു. ഇനി ചോദിക്കുക പോലും വേണ്ടെന്നു്."

അന്തോനിയുടെ കണ്ണുകളിൽ വിസ്മയം.

"നീ ഇപ്പറയുന്നതു സത്യമാണോ?"

"അതേ."

"ശരി. എങ്കിൽ മരംവെട്ടുകാരനെ കണ്ടു് ഏർപ്പാടുചെയ്യാം."

അന്തോനി എഴുന്നേററു.

പക്ഷേ, സംശയിച്ചുനിന്നു.

"നീ അയാളോടു് ഒന്നുകൂടി ചോദിച്ചേക്കു്. മരംവെട്ടിക്കഴിയുമ്പോൾ പ്രശ്നമാവരുതു്."

"ഇല്ല. ഒന്നും ചോദിക്കാനില്ല. അച്ചായൻ ആഞ്ഞിലിവെട്ടാൻ ഏർപ്പാടു ചെയ്യു്."

അന്തോനി പുറത്തേക്കിറങ്ങി.

ജോസ് ആഞ്ഞിലിയുടെ അടുത്തെത്തി.

ശാഖകൾ ഒന്നൊന്നായി താഴെ വീഴുന്നു.

ഒരു പ്രദേശം മുഴുവൻ ഇലകളും എറുമ്പും.

കൂററൻ മരത്തിൽ വടങ്ങളുടെ ബന്ധനം.

മഴുവിന്റെ [illegible]—

ഒരതികായന്റെ പതനം.

അടിപതറിയാൽ.

ജോസിനു ചിരിക്കണമെന്നു തോന്നി.

ഒരു വീടിനുവേണ്ട തടി ഉരുപ്പടികൾക്കു മുഴുവനും ഈ ആഞ്ഞിലി മതിയാവും.

അന്തോനി തിരികെയെത്തി.

"വെട്ടുകാരനെ കണ്ടു. നാളെ കാലത്തു വന്നു വെട്ടാമെന്നാണു് പറഞ്ഞിരിക്കുന്നതു്. നീ കറിയാച്ചനോടു പറഞ്ഞേക്കു്."

"ഇനി അതിന്റെ ആവശ്യമുണ്ടോ?"

"വേണം. അതാ മര്യാദ."

നടന്നു.

സ്കറിയായുടെ പുഞ്ചിരി,

അഭിവാദനങ്ങൾ!

ആദ്യമേ നന്ദി പറഞ്ഞു. പിന്നെ, മരം വെട്ടാൻ ഏർപ്പാടുചെയ്ത കാര്യം.

"ആഞ്ഞിലി വെട്ടാൻ പററില്ല.

ഇടിത്തീ.

സ്കറിയായുടെ മുഖത്തു് മുമ്പെങ്ങുമില്ലാത്ത ഗൗരവം.

"കറിയാച്ചൻ പറഞ്ഞിട്ടല്ലേ, അതു വെട്ടാൻ ഏർപ്പാടുചെയ്തതു്."

"നിങ്ങൾ ഈ സ്ഥലം എനിക്കുതന്നിട്ടു് വേറെ എവിടെയെങ്കിലും ഒരു വീടു വയ്ക്കുകയാണെങ്കിൽ അന്നു വെട്ടിയെടുത്തോളാനാണു ഞാൻ പറഞ്ഞതു്."

പുതിയ വിശദീകരണം.

"അല്ല, ഇവിടെ ഉള്ള സ്ഥലത്തു വീടു വയ്ക്കുന്നെന്നു ഞാൻ വ്യക്തമായിപ്പറഞ്ഞു. അപ്പോഴാണു് ആഞ്ഞിലി വെട്ടിയെടുത്തോളാൻ പറഞ്ഞതു്."

"പററില്ല. ആഞ്ഞിലി എനിക്കുംകൂടി അവകാശപ്പെട്ടതാണു്."

"അതുകൊണ്ടാണല്ലോ കറിയാച്ചന്റെ വാക്കു കേട്ടിട്ടു് മരംവെട്ടാൻ ഏർപ്പാടു ചെയ്തതു്."

"വേണ്ട. വെട്ടണ്ട."

ജോസ് നിശ്ശബ്ദനായി നിന്നു.

പിന്നീടു്—

"കറിയാച്ചനോടു ഞാൻ ആഞ്ഞിലി ചോദിച്ചോ?"

അയാൾ മറുപടി പറഞ്ഞില്ല.

"ഇങ്ങോട്ടു പറഞ്ഞിട്ടു് ഇപ്പോൾ വാക്കു മാറുന്നതെന്തിനാ?"

വീണ്ടും നിശ്ശബ്ദത.

"പരിഹസിക്കുകയായിരുന്നോ?"

സ്കറിയാ മുഖം നമിച്ചു.

"ആഞ്ഞിലി വെട്ടുന്നില്ല. പക്ഷേ, ഉള്ള സ്ഥലത്തു പണിയാവുന്ന ഒരു വീടു ഞങ്ങൾ വയ്ക്കും."

വീടുവയ്ക്കാൻ കഴിയില്ലെന്നു കരുതി, വെല്ലുവിളിയായി അവതരിപ്പിച്ചതാണോ ആഞ്ഞിലി ദാനംചെയ്യുന്ന കാര്യം

തിരികെ നടന്നു.

മനസ്സിൽ വളർന്നുനിൽക്കുന്ന ആഞ്ഞിലി.

"എന്തു പറഞ്ഞു?"

അന്തോനിയുടെ ഉത്കണ്ഠ

"ഇപ്പോൾ വെട്ടണ്ടെന്നു്."

"കണ്ടോ ഞാൻ പറഞ്ഞില്ലേ? അയാൾ സമ്മതിക്കില്ല. നിനക്കു ലോകപരിചയം കുറവാ. അതുകൊണ്ടാ ഇതൊക്കെ വിശ്വസിക്കുന്നതു്."

"എന്നോടു നേരെപറഞ്ഞ കാര്യമല്ലേ?"

ജോസിന്റെ ശബ്ദം ഉയർന്നു

പിന്നെ ചിന്തിച്ചു.

എന്തിനു് ഒച്ചയെടുക്കണം.

"മരംവെട്ടുകാരനോടു ചെന്നുപറഞ്ഞേക്കാം."

അന്തോനി പുറത്തേക്കിറങ്ങി.

ജോസ് നോക്കി.

ആഞ്ഞിലി ഇലപ്പടർപ്പിൽ തടഞ്ഞുനിർത്തിയിരിക്കുന്നതു് അന്ധകാരമാണു്. വ്യാഖ്യാനിക്കാനാവാത്ത ഭാവങ്ങൾക്കു് ആവരണമായി നിന്നുചിരിക്കുന്ന ഇലകൾ.

നാലു്.

പ്രഭാതത്തിന്റെ ഈർപ്പവും കാക്കകളുടെ ആരവവുമായി ആകാശത്തിലേക്കു നിവർന്നുനിൽക്കുന്ന ആഞ്ഞിലി.

കിണററുകരയിൽനിന്നു ജോസ് നോക്കി.

നോക്കുന്തോറും സ്കറിയയുടെ മനസ്സു കണ്ടു.

തടിക്കു നല്ല കാഠിന്യമുണ്ടാവും.

വായ്ത്തലകൾ മടക്കുന്ന കാതൽ.

അല്ല. വാഗ്ദത്തഭൂമിയുടെ അകലങ്ങളിലേക്കു് ആവാഹിക്കുന്ന ഭൂതമാണു് ഈ കൂററൻ വൃക്ഷം.

വാശി ഏറി.

വേഗം കുളിച്ചൊരുങ്ങി.

പ്ലാനും എസ്റ്റിമേററും അപേക്ഷകളും എടുത്തു വീട്ടുമുററത്തുകൂടെ കുതിച്ചെത്തുന്ന ബസിനുവേണ്ടി കാത്തുനിൽക്കാതെ നടന്നു.

ഉച്ചച്ചൂടിൽ ഉദിച്ച വിയർപ്പുചാലുകൾ കർച്ചീഫിൽ ഒപ്പിയെടുത്തു് വീട്ടിൽ തിരിച്ചെത്തുമ്പോൾ—

"നിന്നെ വിചാരിച്ചു് ഞാനൊന്നും പറഞ്ഞില്ല."

മലയാളനാട്ടു്

വാരിക

വരിസംഖ്യാനിരക്കു്

ഒരുവർഷത്തേക്കു്	40–00രൂ.
ആറുമാസത്തേക്കു്	20–00രൂ.
ഒററപ്രതി	00–75സ.

വിദേശങ്ങളിൽ അയയ്ക്കുന്നതിനു് വരിസംഖ്യാനിരക്കിൽനിന്നും പോസ്റ്റേജ് കൂടുതലായിരിക്കുന്നതാണു്.

—മാനേജർ.

അന്തോനിയുടെ തിളയ്ക്കുന്ന ശബ്ദം.

"എന്താ?"

ജോസ് പിതാവിന്റെ മുഖത്തേക്കു നോക്കി.

"അയാൾ എന്നെ ആളുവിട്ടു് വിളിപ്പിച്ചു."

"ആരു്?"

"കറിയാ."

അന്തോനി ഒരു ബീഡിക്കുററി ഞെരിച്ചു പുറത്തെറിഞ്ഞു.

"അയാൾ എന്നോടു ചോദിച്ചു, ആരു പറഞ്ഞു ആഞ്ഞിലി വെട്ടാനെന്നു്. വെട്ടില്ലല്ലോ— എന്നു ഞാൻ മറുപടി കൊടുത്തു. അപ്പോൾ വെട്ടാൻ ഏർപ്പാടു ചെയ്തതെന്തിനെന്നായി അയാൾ. വൈകുന്നേരമായിരുന്നെങ്കിൽ ഞാൻ വല്ലതും പറഞ്ഞുപോയേനെ."

ഭാഗ്യം.

സിരകളിൽ ലഹരിയൊഴുകുന്ന വൈകുന്നേരമല്ലല്ലോ.

"കാലത്തും വൈകിട്ടുമെല്ലാം ഒരുപോലെ സംസാരിക്കത്തക്കവിധം ജീവിക്കരുതോ?"

അന്തോനി മകന്റെ കണ്ണുകളിലേക്കു തറഞ്ഞുനോക്കി.

"നീയെന്നെ മര്യാദപഠിപ്പിക്കാൻ പോകയാണോ?"

"അതു പോട്ടെ എന്നിട്ടെന്തു പറഞ്ഞു? അതാണല്ലോ അറിയേണ്ടതു്."

ജോസ് തിടുക്കംകൂട്ടി

"ഞാൻ നിന്നെ വിചാരിച്ചു. എന്തെങ്കിലും പറഞ്ഞാൽ നിനക്കുംകൂടി മോശ

മല്ലേ?"

ഈ വിചാരം എപ്പോഴും ഉണ്ടായിരിക്കട്ടെ.

പക്ഷേ, ജോസ് നിശ്ശബ്ദനായി കേട്ടിരുന്നു.

"വിവരമുള്ള ആൾ ചുമതലപ്പെട്ട ആളോടു പറഞ്ഞതാണെന്നു കരുതി ഞാൻ മരംവെട്ടുകാരനെ കണ്ടു. കാര്യങ്ങൾ അങ്ങനെയല്ലെന്നറിഞ്ഞു് എൻെറ തെറ്റു് ഞാൻ തിരുത്തി—ഇത്രയുമാണ് ഞാൻ പറഞ്ഞതു്. വിവരമുണ്ടെങ്കിൽ ആലോചിച്ചു മനസ്സിലാക്കട്ടെ."

വിവരമുള്ള ആൾ ചുമതലപ്പെട്ട—

കൊള്ളാം.

ജോസിനു പിതാവിനെക്കുറിച്ച് അഭിമാനംതോന്നി.

"പിന്നെ തിരികെപ്പോരാൻനേരത്തു ഞാൻ പറഞ്ഞു: ആഞ്ഞിലി എൻെറ പറമ്പിലാണ് മുക്കാൽഭാഗവും. കറിയാച്ചനു വേണമെങ്കിൽ അതു് വെട്ടിയെടുക്കാം. രണ്ടുമാസത്തിനകം. അതു കഴിഞ്ഞാൽ അതിലെ ചവറുവെട്ടാൻപോലും ഞാൻ സമ്മതിക്കില്ല."

ജോസ് ചിരിച്ചു.

കാര്യങ്ങൾ തിരിച്ചായിരിക്കുന്നു.

രണ്ടുമാസം കഴിഞ്ഞു,

സ്കറിയാ ആഞ്ഞിലി വെട്ടിയില്ല,

അന്തോനിയുടെ വീടു പൊളിച്ചുമാററി.

പിന്നിൽ തീ എരിയുന്ന ചെറിയ കൂര.

പഴയവീടു നിന്നിടത്തു് പുതിയ വീടു വളരെവേഗം ഉയർന്നു.

അതിർത്തിയോടുചേർന്ന ഭിത്തികൾ കെട്ടിപ്പൊക്കുമ്പോൾ സ്കറിയാ ചിലരോടൊക്കെപ്പറഞ്ഞു:

"മേച്ചിലോടിൽനിന്നു് എൻെറ പുരയിടത്തിൽ വെള്ളംവീഴട്ടെ, അപ്പോൾക്കാണാം പുതിയ കെട്ടിടത്തിൽ താമസിക്കുന്ന കാര്യം."

വാക്കുകൾ പലരിൽനിന്നു് ആവർത്തിച്ചു കേട്ടപ്പോൾ ജോസ് ചിരിച്ചു.

"വടക്കുവശത്തു് നല്ലൊരു വീടുവയ്ക്കണമെന്നു് എന്നോടു കറിയാച്ചൻ പറഞ്ഞിരുന്നു: ഈ വീടു് ഉയരുന്നതു കണ്ടപ്പോൾ പറഞ്ഞു, അതു വേണ്ടെന്നു്."

—ആശാരി.

സന്തോഷമായി.

ഈ വീടു് അയാളുടെ പ്രതീക്ഷയ്ക്കപ്പുറമാകട്ടെ.

വീടും കുളിമുറിയും കക്കൂസും.

ഭിത്തിയിൽനിന്നു് വശങ്ങളിലേക്കു് അധികം ചായ്ച്ചിറക്കിയില്ല.

ഉള്ള വീതിയിൽ മുകളിൽ കോൺക്രീററു്.

വർണ്ണഭംഗി വരുത്തിക്കഴിഞ്ഞപ്പോൾ, ഗ്രാമത്തിലെ പുതുമയുള്ള ആകർഷകമായ ആദ്യത്തെ വീടു്.

പുരമുകളിൽനിന്നു മഴവെള്ളം സ്കറിയായുടെ പുരയിടത്തിലേക്കു വീഴുന്നുമില്ല.

തോൽവി സമ്മതിക്കട്ടെ.

അന്തോനി ബോധംകെടുവോളം മദ്യപിച്ചു സന്തോഷം വ്യക്തമാക്കി,

സ്കറിയാ കുറേക്കാലത്തേക്കു് പുരയിടംകാണാനെത്തിയുമില്ല.

അയൽക്കാരും വഴിപോക്കരും പുതിയ രീതിയിലുള്ള വീടു് കയറിക്കാണാനെത്തി.

അതിരിൽ അപ്പോഴും നിൽക്കുന്ന ആഞ്ഞിലിയിലേക്കു് ജോസ് നോക്കി.

ഇലകളുടെ മർമ്മരം.

* * *

കഥ

സുരേന്ദ്രതിവാരി

നാടകത്തിലല്ലാത്ത രംഗം

ബാനർജി ഭാര്യയുടെ ചോദ്യങ്ങൾക്കൊന്നും ഉത്തരം പറഞ്ഞില്ല. ആണിയിൽ തൂക്കിയിട്ടിരുന്ന സഞ്ചിയുമെടുത്തുകൊണ്ടു അദ്ദേഹം വേഗം വീട്ടിൽനിന്നും പുറപ്പെട്ടു. ഭാര്യ അതേമട്ടിൽ നിന്നു. അദ്ദേഹം എന്തെങ്കിലും തന്നോടു പറയുമെന്നു് അവൾ പ്രതീക്ഷിച്ചു. പക്ഷേ, ബാനർജി അവളെ ഒന്നു നോക്കിപോലുമില്ല.

വീട്ടിൽനിന്നും അല്പം നടന്നാൽ ബസ്സ് സ്റ്റോപ്പായി. ബാനർജി ധൃതിവച്ചു് അങ്ങോട്ടു നടന്നു. പക്ഷേ സ്റ്റോപ്പ് വളരെ ദൂരെയാണെന്നു് അദ്ദേഹത്തിനു തോന്നി. എത്രവേഗം നടന്നു് സ്റ്റോപ്പിൽ എത്താൻ അദ്ദേഹം ആഗ്രഹിച്ചുവോ, സ്റ്റോപ്പ് അത്ര ദൂരെയായിക്കൊണ്ടിരുന്നു. സ്റ്റോപ്പിൽ വന്നുനിന്നപ്പോൾ അദ്ദേഹം വല്ലാതെ കിതക്കുന്നുണ്ടായിരുന്നു. മുഖത്തു് വിയർപ്പു് പൊടിഞ്ഞു. അദ്ദേഹം വളരെ പരിഭ്രാന്തനായി കാണപ്പെട്ടു. അഞ്ചാറുപേരുടെ പുറകിൽ അദ്ദേഹം വളരെ കിതച്ചുകൊണ്ടുപോയി നിന്നു. ബസ്സ്-സ്റ്റോപ്പിൽ നിന്നാൽ കാണാവുന്ന ദൂരത്തിൽ വണ്ടി ഇനിയും എത്തിയിട്ടില്ല ബാനർജി തുവാല എടുത്തു നെററിയിലെ വിയർപ്പു് തുടച്ചു. ഭാര്യയുടെ വാക്കുകൾ ഇപ്പോഴും അദ്ദേഹത്തിൻെറ കാതുകളിൽ മുഴങ്ങിക്കൊണ്ടിരുന്നു. ഏറെ ദിവസമായി അദ്ദേഹം അക്കാര്യം മാററിവച്ചുകൊണ്ടിരുന്നു. പക്ഷേ ഇന്നവൾ അവസാനമായി പറഞ്ഞു. "ഇന്നു എങ്ങനെയെങ്കിലും കൊണ്ടുവരണം. നാളെ രാവിലത്തെ വണ്ടിയിൽ അവർ തിരിച്ചുപോകും. ആദ്യത്തെ വരവാണ്. കൊടുത്തില്ലെങ്കിൽ മഹാനാണക്കേടാകും. ലോകാപവാദവും അത്ര നിസ്സാര കാര്യമല്ലല്ലോ."

ഭാര്യ വളരെ പതിഞ്ഞസ്വരത്തിലാണു പറഞ്ഞതു്. താൻ എന്നും വൈകിട്ടുചെന്നു് "ഓ, ഇന്നു ഞാനാക്കാര്യം അങ്ങു മറന്നുപോയി. ആട്ടെ നാളെ തീർച്ചയായും കൊണ്ടുവരാം" എന്നു പറയുന്നതു എന്തുകൊണ്ടാണെന്നു അവൾക്കും അറിയാമെന്നു തോന്നുന്നു. പക്ഷേ അവൾ ഗൗരവപ്പെട്ടിരിക്കുകയല്ലാതെ ഒന്നും പറയാറില്ല. ഇതു കുറെ നാളായി ആവർത്തിക്കുന്നു. പക്ഷേ ഇന്നെന്തെങ്കിലും വഴി കണ്ടേ പററൂ. നാളെ അവർ പോകയാണ്. തന്നെയല്ല. ലോകാപവാദത്തെ ഭയപ്പെടുകയും വേണം. അവർ അങ്ങനെ വെറും കൈയ്യുമായി പോയാൽ നാട്ടുകാർ എന്തൊക്കെ പറഞ്ഞുപിടിപ്പിക്കുമെന്നു എങ്ങനെ അറിയും?

അദ്ദേഹം ഒന്നു തിരിഞ്ഞുനോക്കി. തൻെറ പുറകിലും ധാരാളംപേർ വന്നുനില്പുണ്ട്. ഇങ്ങനെ വരിവരിയായി നില്ക്കുക ബാനർജിക്കു ഇഷ്ടമുള്ള കാര്യമല്ല. വേറെങ്ങോട്ടും പോകാൻ ഇങ്ങനെ "ക്യൂ" നില്ക്കേണ്ടിവരാറില്ല. പക്ഷേ ഈ ബസ്സിനു പോകാൻ എന്നും ഇങ്ങനെ കഷ്ടപ്പെട്ടേ പററൂ.

പെട്ടെന്നു ബാനർജിയുടെ മുഖത്തെ പ്രയാസം വർദ്ധിച്ചു. പുറകിൽ നില്ക്കുന്ന ആൾ അദ്ദേഹത്തോടു എന്തോ ചോദിക്കുന്നു. പക്ഷേ അദ്ദേഹത്തിൻെറ കണ്ണു് ആ മനുഷ്യൻെറ വേഷത്തിലേക്കാണു പോയതു്— വെളുത്ത ധോത്തിയും ഷർട്ടും, സ്വർണ്ണബട്ടണും: ഏറെ നേരം അദ്ദേഹത്തിനു നോക്കിനില്ക്കാൻ കഴിഞ്ഞില്ല. ഭാര്യയുടെ ആജ്ഞ അദ്ദേഹത്തെ കഷ്ടപ്പെടുത്തിക്കൊണ്ടിരുന്നു—"എങ്ങനെയായാലും വേണ്ടില്ല ഇന്നു കൊണ്ടുവന്നേ മതിയാകൂ."

വണ്ടി വന്നു. അദ്ദേഹം നിശ്ശബ്ദം അകത്തുകയറി. ഇരിക്കാൻ സ്ഥലമില്ലായിരുന്നു. അദ്ദേഹം ഒരിടത്തുനിന്നു. പോക്കററിൽ കിടന്ന രൂപയും പൈസയുമൊക്കെ അദ്ദേഹം എടുത്തു എണ്ണിനോക്കി. നാലു രൂപ എട്ടു പൈസയുണ്ട്. കൊള്ളാം! ഇതുകൊണ്ടു എന്തു വാങ്ങാനാ? അദ്ദേഹം

രൂപ അതുപോലെ തിരിച്ചു പോക്കറ്റിലിട്ടു. ധോത്തിയും ഷർട്ടും, സ്വർണ്ണബട്ടനും വേണം. ഭാര്യ ആദ്യദിവസം പറഞ്ഞതു ബാനർജി ഓർത്തു. "ദേ, ശാന്ത വിവാഹം കഴിഞ്ഞു ആദ്യമായി വരികയാണ്. അവൾ പോകുമ്പോൾ കുറഞ്ഞപക്ഷം അവൾക്കു ഒരു സാരിയും അവളുടെ ഭർത്താവിനു ധോത്തിയും, ഷർട്ടും, സ്വർണ്ണബട്ടണും കൊടുക്കണം. ഇതു നാട്ടുനടപ്പാണ്. ഷർട്ടിന്റെകൂടെ നിശ്ചയമായും സ്വർണ്ണബട്ടണും ഉണ്ടായിരിക്കണം."

"പക്ഷേ പണമോ? ഇത്രയും രൂപ എവിടെനിന്നു വരും?" ഭാര്യ പറഞ്ഞതുകേട്ടു അദ്ദേഹം ഗൗരവസ്വരത്തിൽ പറഞ്ഞു. "ശമ്പളം കിട്ടാനും സമയമായില്ല."

"എന്നാലും ഇതു ചെയ്തേ മതിയാകൂ." ഭാര്യയും ആലോചനയിൽ മുഴുകി. പിന്നെ അവൾ ഒന്നു നിത്തിയിട്ടു പറഞ്ഞു. "ശരി. നിങ്ങൾ ധോത്തിയും ഷർട്ടും ബട്ടണും മാത്രം കൊണ്ടുവന്നാൽ മതി. സാരി ഞാൻ ശരിപ്പെടുത്തിക്കൊള്ളാം. എനിക്കു നവരാത്രിക്കു വാങ്ങിയ സാരി അതുപോലെ ഇരിപ്പുണ്ട്. ഒന്നോ രണ്ടോ പ്രാവശ്യമേ ആകെ ഉടുത്തിട്ടുള്ളൂ. അതു ഒന്നു ശരിയായി ഇസ്തിരി ഇട്ടാൽ മതി. പക്ഷേ ധോത്തിയും ഷർട്ടും ഇതുപോലെ പററില്ല."

"ഉം." ബാനർജി ഒന്നു മൂളിയിട്ടു മിണ്ടാതെ പുറത്തുപോയി. വൈകിട്ടു വെറും കൈയ്യോടെ തിരിച്ചെത്തി. "ഓ, ഞാനതങ്ങു മറന്നുപോയി." എന്നദ്ദേഹം ഭാര്യയോടു ഒഴിവുകഴിവു പറഞ്ഞു. ഇങ്ങനെ പലദിവസവും ആവർത്തിച്ചു. പക്ഷേ, ഇന്നു അങ്ങനെ നടപ്പില്ല എന്നദ്ദേഹത്തിനറിയാം. എങ്ങനെയെങ്കിലും ഇതിനു പരിഹാരം കാണണം. കടം വാങ്ങിയാലും വേണ്ടില്ല. പക്ഷേ ആരു കടംതരും? കമ്പിനിയിൻനിന്നു നേരത്തെ തന്നെ ഒരുപാടു കടം എടുത്തുകഴിഞ്ഞു. കഴിഞ്ഞ ആഴ്ച തന്നെ മാനേജർ പറഞ്ഞതാണ്: "മിസ്റ്റർ ബാനർജി, നിങ്ങൾ അല്പം ഒന്നു ശ്രദ്ധിക്കണം. എല്ലാ മാസവും നിങ്ങൾ കടം വാങ്ങുന്നു." ബാനർജി അപ്പോൾ മേക്കപ്പു ചെയ്യുകയായിരുന്നു. മേക്കപ്പു നിർത്തി ഉടൻ സ്ഥലംവിടണമെന്നു തോന്നിയതാണ്. ഈ നാടകവും നാടകക്കമ്പിനിയും പോയി തുലയട്ടെ. പക്ഷേ അദ്ദേഹത്തിനു അങ്ങനെ ചെയ്യാൻ കഴിഞ്ഞില്ല. ഓടിപ്പോകാവുന്ന അവസരമല്ലായിരുന്നു അതു്. കാണികൾ അകത്തു കയറിക്കഴിഞ്ഞു. മററു നടന്മാരും ഒരുങ്ങിക്കഴിഞ്ഞിരുന്നു. അല്ലെങ്കിൽ തന്നെ ഓടി എങ്ങോട്ടുപോകും? ഇവിടെയാണെങ്കിൽ കുറഞ്ഞപക്ഷം എല്ലാ മാസവും ജോലിയുണ്ട്. പണവും കിട്ടും. ഇതുപേക്ഷിച്ചാൽ മറെറാരിടത്തു ജോലി കിട്ടുക എളുപ്പമല്ല.

ബാനർജിയുടെ മനസ്സ് ദുഃഖിച്ചു. അദ്ദേഹം മാനേജരോടു സാവധാനം പറഞ്ഞു. "ശരി. സാർ, മേലിൽ ശ്രദ്ധിച്ചുകൊള്ളാം."

"കള്ളൻ'" അദ്ദേഹം മനസ്സിൽ പിറുപിറുത്തു. "മാസങ്ങളായി ഈ ഒരേ നാടകത്തിൽ തലയിട്ടടിക്കുന്നു. ഞാനില്ലെങ്കിൽ കാണാം, നാടകം തീരും! ആയിരക്കണക്കിനു രൂപയുണ്ടാക്കി. എന്നിട്ടു അൻപതോ — നൂറോ രൂപയ്ക്കു എന്നോടു കണക്കു പറയുന്നു. ഹും."

ബസ്സ് നാടകശാലയുടെ മുമ്പിൽനിന്നു. ബസ്സിൽനിന്നിറങ്ങിയപ്പോൾ ഗൗരാംഗ് നടന്നു തന്റെ അടുത്തേക്കു വരുന്നതുകണ്ടു. അയാളാണ് നാടകത്തിൽ നായകന്റെ — പോലീസ് ഇൻസ്പെക്ടരുടെ — ഭാഗം അഭിനയിക്കുന്നതു്. ബാനർജി ഗൗരാംഗിനോടു വളരെ കടപ്പെട്ടിരിക്കുന്നു. ആവശ്യം വരുമ്പോൾ അയാൾ എന്തെങ്കിലും സഹായം ചെയ്യാറുണ്ട്. ഗൗരാംഗ് പറഞ്ഞിട്ടാണു ഡയറക്ടർ തന്നെ ഈ നാടകത്തിലെടുത്തതു തന്നെ. എന്തു റോളാണ് ആ കൊള്ളരുതാത്തവൻ തന്നതു് — കള്ളന്റേതു്. പക്ഷേ സംഗതി കൊള്ളാം. രസമുള്ള റോളാണ്. അതുകൊണ്ടു് താൻ സന്തുഷ്ടനാണ്. നാടകം മുഴുവൻ നിറഞ്ഞുനില്ക്കുന്ന റോൾ. ഗൗരാംഗ് പേരിനുമാത്രം നായകൻ. അദ്ദേഹം മനസ്സിൽ പറഞ്ഞു." എന്റെ റോളുകാരണമാണ് നാടകം ഇത്രയധികദിവസം ഓടുന്നതു്. അല്ലായിരുന്നെങ്കിൽ —"

"വളരെ താമസിച്ചു പോയി, ബാനർജി!" ഗൗരാംഗ് അദ്ദേഹത്തിന്റെ വളരെ അടുത്തെത്തി. പെട്ടെന്നു ബാനർജി വിക്കിപ്പോയി. അദ്ദേഹത്തിന്റെ കണ്ണഞ്ചി. അദ്ദേഹം ഗൗരാംഗിനെ നോക്കി ഒരേ മട്ടിൽ നിന്നു — പുതിയ വെള്ളധോത്തിയും പുതിയ ഷർട്ടും, സ്വർണ്ണബട്ടണും. അദ്ദേഹം ആകെ വിറച്ചു. വായിൽ നിന്നും ഒരു വാക്കു പോലും പുറത്തു വന്നില്ല. തന്റെ സുഹൃത്തു മൗനമായി നില്ക്കുന്നതു് കണ്ടു്, അദ്ദേഹത്തിന്റെ മുഖത്തെ ഭാവവ്യത്യാസം കണ്ടു് ഗൗരാംഗ് ബാനർജിയുടെ തോളിൽ കൈവെച്ചുകൊണ്ടു ചോദിച്ചു. "എന്താ കാര്യം? വല്ലാതെ പരിഭ്രമിച്ച മട്ടുണ്ടല്ലോ?"

"അ..." ബാനർജിയുടെ നാക്കു കുഴഞ്ഞുപോയി. എങ്കിലും അദ്ദേഹം ഒരു കണക്കിനു പറഞ്ഞൊപ്പിച്ചു. "ഇല്ല. ബസ്സിൽ ഇന്നു തിരക്കു കൂടുതലായിരുന്നു. കൽക്കത്തയിലെ ബസ്സുകളിലെയും ട്രാമുകളിലെയും സ്ഥിതി നിങ്ങൾക്കും അറിയാമല്ലോ." പിന്നെ മുഖത്തു മനഃപൂർവ്വം ഒരു കൃത്രിമച്ചിരി വരുത്തിക്കൊണ്ടു പറഞ്ഞു. "ഇന്നു നിങ്ങൾ വളരെ ഉത്സാഹവാനായി കാണുന്നല്ലോ, മിസ്റ്റർ ഗൗരാംഗ്."

"ഇന്നു നാടകം കഴിഞ്ഞിട്ടു ഒരു സ്ഥലം വരെ പോകാനുണ്ട്." അയാൾ ധോത്തിയുടെ മടക്കു നേരെയാക്കിക്കൊണ്ടു പറഞ്ഞു. "ഫാദർ—ഇൻ—ലായുടെ അടുത്തു്— അതുകൊണ്ടു ഈ വേഷം ആക്കി, കുറെക്കാലമായി ഇതെടുക്കാതെ വച്ചിരിക്കുകയായിരുന്നു. ഭാര്യ ഗർഭിണിയാണ്. തന്മൂലം ചിലവു കൂടുതലാണ്. ഒന്നും മിച്ചമില്ല. അല്ലെങ്കിൽ ഇത്തവണ ഒരു പുതിയ സൂട്ട് തുന്നിക്കുമായിരുന്നു. ഈ സ്റ്റേജ്നടൻ എന്നു വച്ചാൽ "ഷോ" വേണം. [illegible]ല്ലടിപ്പ്—ടോപ്പായിരിക്കണം. ഗമയിൽ വചനം അടിക്കണം. അല്ലേ?"

ബാനർജി ഒന്നും പറഞ്ഞില്ല. പറയാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ കണ്ണുകൾ പലതവണ ഗൗരാംഗിന്റെ വേഷത്തിലേക്കു പോയി. ഒപ്പം ഭാര്യയുടെ മുഖം ഓർമ്മയിൽ വരും. ഇന്നു ഇനിയും ഗൗരാംഗിനോടു കടം ചോദിക്കാൻ പാടില്ല. അയാൾ ഉള്ള കാര്യം നേരത്തെ പറഞ്ഞുകഴിഞ്ഞു; പിന്നെ ആരോടു ചോദിക്കും? അദ്ദേഹത്തിന്റെ മുഖത്തു നിരാശയുടെ നിഴൽ പരന്നു.

"ഇന്നു നാടകം കഴിഞ്ഞു് എന്റെ കൂടെ പോകാം, ഞാൻ എന്റെ വണ്ടിയിൽ നിങ്ങളെ വീട്ടിൽ കൊണ്ടുവിടാം. നിനക്കു ആ വഴിയാണു പോകേണ്ടതു്." ഗൗരാംഗ് പറഞ്ഞു. അവർ രണ്ടുപേരും കൂടി മേക്കപ്പുറൂമിലേക്കു പോയി. നാടകം തുടങ്ങാൻ ഇനി അര മണിക്കൂർ കൂടിയുണ്ട്.

വൈദ്യരത്നം പി. എസ്സ്. വാരിയരുടെ

ആര്യവൈദ്യശാല, കോട്ടയ്ക്കൽ

(കേരള) സ്ഥാപിതം 1902. PIN CODE: 676503
ഫോൺ: ഹെഡ്ഡാപ്പീസ്—31. നഴ്സിംഗ് ഹോം 44. പ്രധാനവൈദ്യൻ 25. മാനേജിംഗ് ട്രസ്റ്റി ആപ്പീസ്—61. റസി: 27.

ശാഖകൾ: മദിരാശി (ഫോൺ: 666226), കോഴിക്കോട്ട് (72155), പാലക്കാട്ട് (3104), ആലുവാ സെയിൽസ്ഡിപ്പോ (549), ഈറോഡ് (3172), തിരൂർ (231) എറണാകുളം (33026), തിരുവനന്തപുരം (62439) കണ്ണൂർ (4164), കോയമ്പത്തൂർ (24724) കൂടാതെ 200-ലധികം അംഗീകൃത ഏജൻസികളും ഡിപ്പോകളും.

ഗുണത്തിൽ മികച്ചുനില്ക്കുന്ന ശുദ്ധമായ ആയുർവ്വേദ മരുന്നുകളും വിദഗ്ദ്ധമായ വൈദ്യോപദേശവും, കോട്ടയ്ക്കലുള്ള ഹെഡ്ഡാപ്പീസിൽനിന്നും മററുശാഖകളിൽനിന്നും എപ്പോഴും ലഭിക്കുന്നതും, കോട്ടയ്ക്കലുള്ള പ്രധാന വൈദ്യനിൽനിന്നു എഴുത്തുകുത്തുകളിൽകൂടെ വൈദ്യോപദേശം നേടാവുന്നതുമാണ്.

പിഴിച്ചിൽ, നവരക്കിഴി തുടങ്ങിയ പ്രത്യേക ചികിത്സകൾ ഗോൾഡൻജൂബിലി നഴ്സിംഗ്ഹോമിൽ വെച്ച് പ്രധാനവൈദ്യന്റെ മേൽനോട്ടത്തിൽ നടത്തുന്നതാണ്. നഴ്സിംഗ്ഹോമിൽ താമസസൗകര്യത്തിനു കാലേക്കൂട്ടി എഴുതി മറുപടി കിട്ടിയശേഷം ചികിത്സയ്ക്കായി വരേണ്ടതാണ്.

പ്രധാനവൈദ്യനെത്തന്നെ കാണേണമെന്നുദ്ദേശിച്ചു വരുന്നവർ മുൻകൂട്ടി എഴുതി സമയം നിശ്ചയിക്കേണ്ടതാണ്.

മാനേജിംഗ് ട്രസ്റ്റി.

ശ്രീകാളിചാത്തൻസേവയുടെ മഹത്തായ നേട്ടങ്ങൾ

അനേകം തലമുറകൾ നടത്തിയ കർമ്മസിദ്ധി. ഉദ്ദിഷ്ട കാര്യസിദ്ധിയിൽ സന്തോഷകരമായ അനുഭവം!

മാന്യരെ,

വ്യവസായം, വ്യവഹാരം, ഉദ്യോഗം, ശത്രുവിൽ വിജയം ഇവകൾക്കു് ആരാധനയിൽ വിശ്വസിക്കുന്നവർക്കു സമീപിക്കാം. തൃശ്ശൂർവന്നു് അന്തിക്കാട്ടുപോകുന്ന ബസ്സിൽ കയറി അന്തിക്കാട്ട് നടക്കൽ ഇറങ്ങി സ്വല്പം തെക്കോട്ടു പോയാൽ പടിഞ്ഞാട്ട് കാണുന്ന റോഡിൽകൂടി രണ്ടു ഫർലോങ്ങ് വന്നാൽ മഠത്തിൽ എത്താം.

വരാൻസാധിക്കാത്തവർ നിർദ്ദേശത്തിനു് സ്റ്റാമ്പു സഹിതം എഴുതുക:—

സി. എസ്. വേലായുധൻ S. K. O. S. മഠം, P. O. അന്തിക്കാട്, തൃശ്ശൂർ

മററു കലാകാരന്മാരോടൊപ്പം അവരും ഒരുങ്ങിത്തുടങ്ങി, ബാനർജി പാൻറും ഷർട്ടും ഊരി ഒരുവശത്തു തൂക്കിയിട്ട് പിന്നെ കസേരയിലിരുന്നു തലയിൽ വിഗ് വെച്ചു. പൊടുന്നനെ അദ്ദേഹത്തിന്റെ ദൃഷ്ടി തന്റെ ഡ്രസ്സിനടുത്തു് ഗൗരാംഗ് ഊരിവെച്ച അയാളുടെ ഡ്രസ്സിലേക്കു തിരിഞ്ഞു. ബാനർജിയുടെ മനസ്സിൽ പെട്ടെന്ന് ഒരു കൊടുങ്കാററടിച്ചു...അങ്ങനെ ആലോചിക്കുന്നതുതന്നെ തെററാണ്. തന്റെ കൂട്ടുകാരനോട് അങ്ങനെ പെരുമാറാമോ? പക്ഷേ, ഭാര്യ? ലോകാപവാദം? വേറെ ഉപായം എന്തു്?

ബാനർജിയുടെ മനസ്സ് പെട്ടെന്നു മടുത്തു. എങ്ങനെയോ അദ്ദേഹം സ്റ്റേജിൽ ചിലതൊക്കെ കാട്ടിക്കൂട്ടി, ഡയലോഗ് നന്നാകുന്നില്ലെന്നു് സ്വയം അദ്ദേഹത്തിനു തന്നെ തോന്നി. എന്നത്തെയുംപോലെ സജീവമായി അഭിനയിക്കാനും സംസാരിക്കാനും കഴിയുന്നില്ല. നാക്കു് പലതവണ ഇടറിപ്പോയി. ഡയലോഗ് ആകെ മറന്നു. ഈ കുറവുകളൊക്കെ തനിക്കേ അറിയാൻ പററൂ. കാണികൾക്കു് സാധാരണയിൽ വ്യത്യാസം ഒന്നും അനുഭവപ്പെടുകയില്ല. ബാനർജിക്കു് അതറിയാം. എല്ലാവരും അദ്ദേഹത്തെ ഒന്നാംകിട നടനായി കരുതുന്നു.

ഗൗരാംഗ് തുടങ്ങിയവരെക്കാൾ അദ്ദേഹത്തിന്റെ പാർട്ട് നേരത്തേ തീർന്നു. അദ്ദേഹം സ്റ്റേജിൽനിന്നും ഗ്രീൻറൂമിലേക്കു ചെന്നു. പെട്ടെന്നു് അദ്ദേഹത്തിന്റെ മനസ്സിനുള്ളിലെ കള്ളൻ പുറത്തുചാടി... എങ്ങും ആരുമില്ല. എല്ലാവരും നാടകത്തിൽ ശ്രദ്ധിച്ചിരിക്കുകയാണ്. ഇതാണ് പററിയസമയം. എക്സ്ട്രാ നടന്മാർ പോലും സ്റ്റേജിനടുത്താണ്. അദ്ദേഹം തന്റെ സഞ്ചി തപ്പിനോക്കി. അതിനുള്ളിൽ കുറേ പുസ്തകങ്ങളും പത്രവും മററുമുണ്ടായിരുന്നതു് എടുത്തു പുറത്തുവച്ചു. അതൊക്കെ ചെയ്യുമ്പോൾ ബാനർജിയുടെ കൈ ശക്തിയായി വിറച്ചുകൊണ്ടിരുന്നു. ഗൗരാംഗിന്റെ ധോത്തിയും ഷർട്ടും എടുത്തു സഞ്ചിക്കുള്ളിലാക്കി. സ്റ്റേജിലെ കള്ളൻ എത്ര കൃത്രിമമാണെന്നു് അദ്ദേഹത്തിനു തോന്നി. യഥാർത്ഥ മോഷണം നടത്തുമ്പോൾ മനുഷ്യന്റെ അവസ്ഥ എന്തായിരിക്കുമെന്ന് ഇപ്പോഴാണ് ബാനർജിക്കു മനസ്സിലായതു്. അദ്ദേഹത്തിന്റെ കൈ വിറച്ചു. കണ്ണുകൾ പലവട്ടം വാതില്ക്കലേക്കു പാഞ്ഞു. മുഖം മുഴുവൻ വിയർത്തു. വസ്ത്രങ്ങളുടെ പുറത്തു് അദ്ദേഹം പുസ്തകങ്ങളും പത്രവും മററും വാരിയിട്ടു.

പിന്നെ സഞ്ചി പഴയപോലെ തൂക്കിയിട്ടിട്ടു ബാനർജി പുറത്തുവന്നു. അദ്ദേഹം ചുററുപാടും ഒന്നു നോക്കി. ഇല്ല, ആരും കണ്ടിട്ടില്ല. ഇടറുന്ന കാലുകളോടെ അദ്ദേഹം നടന്നു് മററുള്ളവരുടെ അടുത്തെത്തി. ഗൗരാംഗ് സ്റ്റേജിൽ എന്തോ പറയുകയാണ്. ബാനർജിക്കു തോന്നി, അയാൾ തന്റെനേരെനോക്കി പറയുകയാണ്, "ഇതാണ് കള്ളൻ! ഈയാളാണ് യഥാർത്ഥ കള്ളൻ!" ബാനർജി പരിഭ്രമിച്ചു. അവിടെനിന്നും മുഖംതിരിച്ചു് അല്പം മാറിനിന്നു. സിഗരററുകൊളുത്തി വലിച്ചുകൊണ്ടു് അങ്ങോട്ടുമിങ്ങോട്ടും നടന്നു.

അല്പം കഴിഞ്ഞു് കുറേപ്പേർ ഗ്രീൻറൂമിലേക്കു പോകുന്നതു കണ്ടു. ബാനർജി അവിടെത്തന്നെ നിന്നു. ഗൗരാംഗ് സ്റ്റേജിൽനിന്നും ഇറങ്ങി ബാനർജിയുടെനേരെ നോക്കി പുഞ്ചിരിച്ചുകൊണ്ടു് ചോദിച്ചു. "എന്താ, ഇതുവരെ നിങ്ങൾ വേഷം മാറിയില്ലേ?"

"ഇല്ല, നിങ്ങളുടെകൂടെയാണല്ലോ വരുന്നതു്, അതുകൊണ്ട് ഒന്നിച്ചു വേഷം മാറാം എന്നു കരുതി. ഇൻസ്പെക്ടറായി നിങ്ങൾ ഇന്നു കസറി."

"എന്തു മിസ്റ്റർ, നിങ്ങളുടെകാര്യമോ? സത്യത്തിൽ നിങ്ങൾ യഥാർത്ഥ കള്ളനായി തോന്നി"

ഗൗരാംഗിന്റെ വാക്കുകേട്ട് അദ്ദേഹം ആകെ വിറച്ചുപോയി. കൈയിൽനിന്നും സിഗരററു തെറിച്ചു താഴെവീണു. പക്ഷേ, അദ്ദേഹം വേഗം സ്വയം നിയന്ത്രിച്ചുകൊണ്ടു് ഒരു കൃത്രിമച്ചിരി ചിരിച്ചു.

ബാനർജിയുടെ മേക്കപ്പ് തുടച്ചുകളയാൻ അധികസമയം വേണ്ടിവന്നില്ല. അദ്ദേഹം വേഷംമാററി പാൻറും ഷർട്ടും ധരിച്ചു. സഞ്ചി എടുത്തു് തോളിൽ തൂക്കിയിട്ടിട്ടു് എണീററുനിന്നു. ഉടൻ ഒരു ഭൂകമ്പം ഉണ്ടാകുമെന്നു് അദ്ദേഹത്തിനറിയാം. അപ്പോൾ ഗൗരാംഗ് അടുത്ത മുറിയിൽ മുഖത്തെ ചായം തുടയ്ക്കുകയായിരുന്നു. ഇങ്ങോട്ടുവന്നു് അയാൾ ബഹളംകൂട്ടും. എന്റെ ഡ്രസ്സ് കാണുന്നില്ല.

ആരെടുത്തു? ആരാ എടുത്തതു്?—എങ്കിൽ പിന്നെ?

വസ്ത്രങ്ങൾ കാണാതെവന്നപ്പോൾ ഗൗരാംഗ് സത്യത്തിൽ അന്തംവിട്ടുനിന്നു. എത്രയോ ആളുകൾ അവിടെയുണ്ടു്? കുറേപ്പേർ പുറത്തുനിന്നുവന്നു് നടന്മാരോടു സംസാരിച്ചുകൊണ്ടിരിക്കുന്നു. വളരെപ്പേർ പോയിക്കഴിഞ്ഞു. ആരു് എടുത്തുകൊണ്ടുപോയി? ആരു് കൊണ്ടുപോയി? പലരും പലതും പറഞ്ഞു. ബാനർജി അവിടെ തങ്ങിയില്ല. ഗേററിനു പുറത്തു വന്നിട്ടു് നടന്നുപോകാമെന്നു് അദ്ദേഹം വിചാരിച്ചു. പക്ഷേ, ഗൗരാംഗ് സംശയിക്കുമോ എന്നു ഭയന്നു് പോകാതെ അവിടെ നിന്നു. അയാളുടെ വണ്ടി പോർട്ടിക്കോയിൽ കിടപ്പുണ്ടു്. അദ്ദേഹം പോയി അതിലിരുന്നു. ഏറെനേരം കഴിഞ്ഞു ഗൗരാംഗ് അങ്ങോട്ടു ചെന്നു. "അല്ല, നിങ്ങൾ ഇവിടെയിരിക്കുകയായിരുന്നോ? ഞാൻ നിങ്ങളെ അകത്തു നോക്കുകയായിരുന്നു."

ഗൗരാംഗ് നാടകത്തിലേതുപോലെ ഇൻസ്പെക്ടരുടെ വേഷംധരിച്ചു് വണ്ടിയിൽവന്നിരുന്നതു് ബാനർജി കണ്ടു. അയാളോടു് ഒന്നും ചോദിക്കാൻ അദ്ദേഹം ധൈര്യപ്പെട്ടില്ല. ഗൗരാംഗ്തന്നെ സംസാരിച്ചു. "ഇന്നിനി ഫാദർ-ഇൻ-ലായുടെ അടുത്തുപോകാൻ പററില്ല എന്നാൽ നിങ്ങളെ ഏതായാലും വീട്ടിൽ കൊണ്ടുവിടാം. ഇനി വീട്ടിൽപോയിട്ടേ ഞാൻ വേഷംമാററുന്നുള്ളു."

ബാനർജി മൗനമായിരുന്നു. ഗൗരാംഗിന്റെ ദൃഷ്ടി സഞ്ചിയിൽപ്പെടാതെ അദ്ദേഹം അതു് ഒതുക്കിവച്ചു. പക്ഷേ, സഞ്ചി അയാളുടെ മുമ്പിൽ വച്ചിട്ടു് "ഇതാ, നിങ്ങളുടെ ഡ്രസ്സ്. ഞാൻ വെറുതെ തമാശയ്ക്കുവേണ്ടി എടുത്തുവച്ചതാണു്" എന്നു പറയണമെന്നു് പല പ്രാവശ്യം അദ്ദേഹത്തിന്റെ മനസ്സിൽ തോന്നി. പക്ഷേ, ധൈര്യ? ഓ!

ബാനർജിക്കു വല്ലാതെ തലചുററുന്നതായി തോന്നി.

വീട്ടിനുമുമ്പിൽ ബാനർജിയെ ഇറക്കിയിട്ടു് ഗൗരാംഗ് പറഞ്ഞു. "ശരി. സുഹൃത്തേ, ഗുഡ്നൈററ്."

"ഗുഡ്നൈററ്." ബാനർജിയുടെ ചുണ്ടുകൾ വിറച്ചു. നിങ്ങളുടെ വസ്ത്രങ്ങൾ കൂടി കൊണ്ടുപോകൂ. എന്നു് അയാളോടു പറയുവാൻ തോന്നി. പക്ഷേ, അപ്പോഴേക്കും ഗൗരാംഗ് മുമ്പോട്ടുപോയിക്കഴിഞ്ഞിരുന്നു. ബാനർജി ഓടിക്കൊണ്ടിരുന്ന വണ്ടി നോക്കിനിന്നു. ഒരേമട്ടിൽ ഇല്ല. ഇതു ശരിയല്ല. സ്വന്തം ആളുകളോടു് ഇങ്ങനെ ചെയ്യുന്നതു ശരിയല്ല. അദ്ദേഹം കുറേനേരം അതേമട്ടിൽനിന്നു ചിന്തിച്ചു. വണ്ടി അടുത്തവളവു് തിരിഞ്ഞപ്പോൾ അദ്ദേഹം പെട്ടെന്നു് അതിന്റെ പുറകെ ഓടി—ഇല്ല, തനിക്കു് ഈ വഞ്ചനകാട്ടാൻ കഴിയുകയില്ല. ഗൗരാംഗിന്റെ വസ്ത്രം തനിക്കു തന്റെ മരുമകനു സമ്മാനിക്കാൻ കഴിയുകയില്ല. മകളെ പറഞ്ഞു മനസ്സിലാക്കാം. ഭാര്യയേയും ഗൗരാംഗിന്റെ വീട്ടിൽചെന്നു വസ്ത്രം മടക്കിക്കൊടുത്തിട്ടുവരാം. ഇപ്പോൾ തന്നെ. പക്ഷേ...

വളവുതിരിഞ്ഞു് അല്പം നടന്നപ്പോൾ നാലുപാടുനിന്നും ആളുകൾ ഓടിയെത്തുന്നതു് ബാനർജി കണ്ടു. റോഡിന്റെ നടുക്കു് ആളുകൾ കൂട്ടംകൂടി നില്ക്കുന്നു. ഗൗരാംഗിന്റെ വണ്ടി ഒരിടത്തുകിടന്നു ഞരങ്ങുന്നു. അദ്ദേഹം ആകാംക്ഷയോടെ മുമ്പോട്ടു നടന്നു. മുമ്പിൽ കണ്ട ഒരാളോടു ചോദിച്ചു: "എന്താ സംഗതി? എന്താ ഈ ആൾക്കൂട്ടം?" ആ മനുഷ്യൻ ക്ഷണനേരത്തേക്കു് അദ്ദേഹത്തെ കർക്കശമായി ഒന്നു നോക്കി. തന്റെ സഞ്ചിയിൽ അയാളുടെ കണ്ണു് തറച്ചിരിക്കുന്നതുകണ്ടു് ബാനർജി വല്ലാതെ വിറച്ചുപോയി. അദ്ദേഹം മുമ്പോട്ടുപോകാൻതുടങ്ങിയപ്പോൾ ആ മനുഷ്യൻ തടഞ്ഞു. അയാൾ പറഞ്ഞു. "അങ്ങോട്ടു പോകണ്ട. അല്പം മുമ്പു് ഒരു ഇൻസ്പെക്ടറെ ഏതാനും വിദ്യാർത്ഥികൾ കൂടി തല്ലിക്കൊന്നു. ഈ വണ്ടിയിൽനിന്നും വലിച്ചിറക്കി."

ബാനർജിക്കു വിറങ്ങലിച്ചുപോയ തന്റെ ശരീരവുമായി ഒരടിപോലും മുമ്പോട്ടുവയ്ക്കാൻ കഴിഞ്ഞില്ല.

[വിവ: വി. ഡി. കൃഷ്ണൻനമ്പ്യാർ]

* * *

(24-ൽ നിന്നു തുടർച്ച)

നാലഞ്ചു പോലീസുകാർ ചാടിയിറങ്ങി ഞങ്ങളെ മൂവരേയും വലിച്ചു വാരി വാനിലുള്ളിലേക്കെറിഞ്ഞു. ഞാൻ ചെന്നു വീണതു് അതിലിരിപ്പുള്ള പലരുടെ മേലിലാണു്. ആരുമൊന്നും ഉരിയാടിയില്ല. ഏതാനും മിനിട്ടുകൾക്കുള്ളിൽ ഞങ്ങളെ പാളയം "കോത്തുമൈതാന"ത്തുള്ള ഒരു കുതിരാലയത്തിൽ കൊണ്ടുചെന്നിറക്കി: അപ്പോഴവിടെ കുറഞ്ഞപക്ഷം പത്തുമുന്നൂറു് ഖദർധാരികളുണ്ടായിരുന്നു. അലഞ്ഞു തിരിയുന്ന പട്ടികളെ മുനിസിപ്പാലിററിക്കാർ പിടിക്കുന്നതു പോലെ പോലീസ് അന്നു് ഖദറുകാരെ പിടിക്കുകയായിരുന്നു. ആ രാത്രി ഞങ്ങളെയെല്ലാം അവിടെത്തന്നെയിട്ടിരുന്നു. രാത്രിയിൽ കുടിക്കാൻ ഓരോ ഗ്ലാസ്സ് പച്ച വെള്ളമല്ലാതെ മറെറാന്നും കിട്ടിയില്ല. അടുത്ത രാവിലെ വിദ്യാർത്ഥികളെയെല്ലാം, അതാതു് സ്ഥാപനത്തിന്റെ മേലധികാരികളെ വിവരമറിയിച്ചുകൊണ്ടു വിട്ടയച്ചു. അങ്ങനെ ഞാൻ വിമോചിതനായി.

ആ വർഷത്തെ ഓണം വെക്കേഷൻ കാലത്തു് ഞാൻജുബ്ബായും തൊപ്പിയും ധരിച്ചാണു് വള്ളിക്കുന്നത്തെത്തിയതു്. പക്ഷേ, അച്ഛൻ കാണാതെ തൊപ്പി എപ്പോഴും മറച്ചുവച്ചിരുന്നു. (തൊപ്പി അന്നു് സ്റ്റേററ് കാൺഗ്രസ്സിന്റെ സൂചനയാണു്. അച്ഛൻ സ്റ്റേററു കാൺഗ്രസ്സിന്റെ എതിരാളിയും നാഷനൽ കാൺഗ്രസ്സ് എന്ന ദിവാൻ പക്ഷസംഘത്തിന്റെ അനുകൂലിയുമായിരുന്നു. ക്ഷേത്രപ്രവേശനമനുവദിച്ചുതന്ന മഹാരാജാവിനെ എതിർക്കുന്നതിനു് അച്ഛൻ ഒരു ന്യായീകരണവും കണ്ടിരുന്നുമില്ല) അന്നൊരു ദിവസം ജുബ്ബായും തൊപ്പിയുമണിഞ്ഞു് ഞാൻ കായംകുളത്തേക്കു് നടക്കുകയായിരുന്നു. ഒരു വയലിലെ ഉയർന്ന വരമ്പിൽക്കൂടി വേണം യാത്ര. അപ്പോൾ എതിരേ നാലഞ്ചു പേർ വരുന്നുണ്ടായിരുന്നു. കാഴ്ചയിൽതന്നെ അറിയാം, ഏതോ പ്രമാണപ്പെട്ട സർക്കാരുദ്യോഗസ്ഥനും കീഴ്ജീവനക്കാരുമാണു് വരുന്നതെന്നു്. ഉദ്യോഗസ്ഥൻ കോട്ടു് അണിഞ്ഞിട്ടുണ്ടു്. ആ വരമ്പിൽ കൂടി രണ്ടുപേർക്കു് എതിരേ കടന്നു പോകാൻ പ്രയാസമില്ല. പക്ഷേ, ഞാൻ അടുത്തെത്തിയപ്പോൾ നിനച്ചിരിക്കാത്ത വിധം ആ കോട്ടുകാരൻ എന്നെ പിടിച്ചു് കണ്ടത്തിലേക്കു ഒരു തള്ളു തള്ളി. ചെളിനിറഞ്ഞ ആ കണ്ടത്തിൽ ഞാൻ ചെന്നു മുട്ടുകുത്തിവീണു. തൊപ്പിതെറിച്ചു പോയി. മുണ്ടും ജുബ്ബായുമെല്ലാം ചെളിയിൽ കുതിർന്നു. കോട്ടുകാരൻ എന്തൊക്കെയോ ഗർജ്ജിച്ചുകൊണ്ടു് പിന്നെയും നടന്നു. പുറകിലുണ്ടായിരുന്ന ഒരാൾ ചാടി കണ്ടത്തിലിറങ്ങി എന്നെ പിടിച്ചുപൊക്കി. അയാൾ സ്ഥലത്തെ പാർവ്വത്യകാർ ആയിരുന്നു. എന്നെ അറിയാം. അച്ഛനെ നന്നായറിയുകയും ചെയ്യാം. സംഗതി വേണ്ടിവന്നാൽ ഒരു കുഴപ്പത്തിലവസാനിക്കാൻ സാദ്ധ്യതയുണ്ടെന്നും പാർവ്വത്യകാർക്കു് തിട്ടമുണ്ടു്. കോട്ടുകാരൻ സ്ഥലം (മാവേലിക്കര) തഹസീൽദാരാണു്. അയാൾ സ്ഥലം വിട്ടു. പക്ഷേ നാട്ടിൽ കഴിഞ്ഞുകൂടേണ്ടതു് പാർവ്വത്യകാർക്കാണു്. അയാൾ എന്നെ കുറേ സമാധാനിപ്പിച്ചിട്ടു്, ഓടി തഹസീൽദാരോടൊപ്പമെത്തി. ഞാൻ അടുത്ത തോട്ടിലിറങ്ങി തുണിയെല്ലാം ഒരു വിധം കഴുകി ഉടുത്തു കൊണ്ടു് വീട്ടിലേക്കു തന്നെ മടങ്ങുകയും ചെയ്തു.

ഞാൻ ഈ സംഭവമൊന്നും വീട്ടിൽ പറഞ്ഞില്ല, പക്ഷേ, അടുത്ത ദിവസം രാവിലെ തഹസീൽദാർക്കു വേണ്ടിക്കൂടി മാപ്പു ചോദിക്കാൻ പാർവ്വത്യകാർ എന്റെ അച്ഛന്റെ അടുക്കലെത്തിയപ്പോഴാണു് കാര്യങ്ങൾ വെളിയിലായതു്. അച്ഛനെന്നെ വിളിച്ചു് അല്പമൊന്നു ഗുണദോഷിച്ചു. പ്രായമായ ആളുകൾക്കൊന്നു വഴിമാറിക്കൊടുക്കുന്നതിൽ അന്തസ്സുകേടില്ല എന്നതായിരുന്നു ആ ഉപദേശത്തിന്റെ സാരം.

—•—

(22-ൽ നിന്നു തുടർച്ച)

[illegible] മനസ്സിൽ [illegible]ിക്കാൻ ശ്രമിച്ചു് അ[illegible] ഒരു നി[illegible]ഷം നിന്നു.

"വ[illegible]?"

[illegible] ഇരുട്ടിൽ പ്രതികരണ[illegible]വേണ്ടി കുറച്ചുകൂടി അവൾ [illegible].

[illegible] പോകുന്നത [illegible] കുതിരക്കുളമ്പടി [illegible] കേൾക്കുന്നതു്.

[illegible] പുറത്തു [illegible]മ്പോൾ അവർ ലോകത്തിൽ [illegible] മൃത്യു് തന്റെ [illegible]യായിരുന്നു.

ചിലപ്പോൾ ചിരിച്ചു. ചിലപ്പോൾ സങ്കടപ്പെട്ടു. ചിലപ്പോൾ കലശലായ ദേഷ്യം വന്നു. പക്ഷേ, ട്യൂഷൻ മുടക്കിയില്ല, മധു, ഓഫീസിൽ പണിത്തിരക്കല്ല എത്രയുണ്ടായിരുന്നാലും.

അക്കാലത്തു് മാലിനിക്കു് കളിക്കാൻ അയൽവക്കത്തു് കൂട്ടുകാർ ആരുമില്ലായിരുന്നു. ഒഴിവുദിവസങ്ങളിൽ മധു അവളുടെ കൂടെ കളിക്കാൻ കൂടി.

കവുങ്ങും തെങ്ങും പിടിച്ചു് വട്ടംതിരിച്ചു് വെട്ടിച്ചു് പൊട്ടിച്ചിരിച്ചു് ഓടുന്ന മാലിനിയെ മധു അനായാസം തൊട്ടു.

മധുവിനെ തൊടാൻ കഴിയാതെ വരുമ്പോൾ മാലിനി കിതച്ചുകൊണ്ടാവശ്യപ്പെട്ടു: "നിക്ക. ഇനി ഞാൻ തൊടട്ടെ." നിന്നില്ലെങ്കിൽ ഇതൊരു അപേക്ഷയായി മാറി. "ഒന്നു് നിക്കുന്നേയ്." എന്നിട്ടും നിന്നില്ലെങ്കിൽ, കെഞ്ചലായി. "നിക്കുന്നേയ്." ഓടി വല്ലതെ തളർന്നാൽ കരച്ചിലും: "ചേട്ടൻ നിക്ക്ണ്ല്ല്യാ... ... ങ്ഹാ...!..."

മധു നിന്നുകൊടുത്തു.

തൊട്ടു.

അങ്ങിനെയാണവൾ വളർന്നതു്.

ബാങ്കിൽനിന്നു് വരുമ്പോൾ അവൾക്കെന്തെങ്കിലുമൊന്നു് കൊണ്ടുവരാറുണ്ടു് ഒരു മിഠായിയെങ്കിലും.

ഇന്നലെയും അവൾ കൈനീട്ടി. ഓടിച്ചെന്നതാണു്: "എവിടെ? ഇല്ല്യേ?"

"അവിടെ ഉമ്മറത്തു് വെച്ചനു് ഇരിക്കു്. ഞാൻ [illegible]"

നോവൽ പന്ത്രണ്ടു്

സി രാധാകൃഷ്ണൻ

പോക്കറ്റിൽനിന്നൊരു മിഠായിയെടുത്തു് കയ്യിൽപ്പിടിച്ചു; മാലിനി പിടിച്ചു പറിക്കാൻ നോക്കി.

മാലിനിയെ ഉന്തിയകറ്റി മധു മിഠായി വേഗം പൊളിച്ചു് വായിലിട്ടു.

മാലിനി ചെറു കുട്ടികളെപ്പോലെ കരഞ്ഞു.

പോക്കറ്റിൽനിന്നു് വേറൊരു മിഠായിയെടുത്തു് മധു ഉള്ളംകയ്യിൽ നീട്ടിപ്പിടിച്ചു.

മാലിനി ആശയോടെ ഓടിയടുത്തു.

അവളാണു് പറഞ്ഞതെന്നു് വിശ്വസിക്കാൻ മധുവിനു് കഴിഞ്ഞില്ല.

പക്ഷെ, അവൾതന്നെയാണു് പറഞ്ഞതു്: "ഞാൻ വേറൊരാളുടെ കൂടെ പോവ്വ്ല്ല്യ. അതു് തീർച്ച."

കാൽപെരുമാറ്റംകേട്ടു് മുഖമുയർത്തിയ

പ്രേയസി

മധു തലയുയർത്തിയപ്പോൾ ദേവി വാതിൽ കടന്നു് മുറിയിൽ കണ്ണീരോടെ നില്ക്കുന്നതാണു് കണ്ടതു്.

ദേവി, പുഞ്ചിരിയോടെ, മുന്നോട്ടു് വന്നു.

സിഗരറ്റിന്റെ എരിഞ്ഞടങ്ങാറായ കുറ്റി തറയിലിട്ടു് ചവിട്ടിക്കെടുത്തി മധു എഴുന്നേറ്റു. മനസ്സിൽനിന്നു് ചിന്തകൾ തുടച്ചുമാച്ചുകളയാൻ ശ്രമിച്ചു് പുഞ്ചിരിച്ചു.

"ചേട്ടാ—"

"എന്താ ദേവീ"

"എനിക്കൊരു ചെറിയ മോഹം"—

മധു അരികിലെത്തി: "ചെറുതായാലും വലുതായ്യാലും കേക്കട്ടെ."

"ചേട്ടൻ നിറവേറ്റിത്തര്വോ?"

"എന്താ സംശയം?"

"പറയൂ. നിറവേറ്റ്വോ?"

"എന്നെക്കൊണ്ടു് കഴിയുന്നതാണെങ്കിൽ"

"പ്രയാസമുള്ളതാണു്,"

മധു ചിരിക്കാൻ ശ്രമിച്ചു." ഇതെന്തോ ഒരു കുരുക്കാണല്ലോ. അല്ലേ?"

"അല്ല, കുരുക്കു് അഴിക്കാനാണു്."

"കാര്യം?"

"ചേട്ടൻ മാലിന്യേ കല്യാണം കഴിക്കണം."

മധുവിന്റെ ഭാവം പെട്ടെന്നു് പകർന്നു: "ദേവീ!"

"ഞാനൊരു കൊഴിഞ്ഞ പൂവാണു്. അവളൊരു മൊട്ടും."

"ഞാനുമൊരു കൊഴിയാറായ പൂവാണല്ലോ."

"എനിക്കുവേണ്ടി—"

മധു തല നിഷേധാർത്ഥത്തിൽ കുലുക്കി: "നിനക്കുവേണ്ടി—"

"ഞാൻ ഒക്കെ കേട്ടു. എനിക്കും ചേട്ടനും സഹിക്കാൻ കഴിയും. അവൾക്കു് സഹിക്കാൻ കഴിയില്ല. അതുകൊണ്ടു്—"

മധു പൊട്ടിത്തെറിച്ചു: "നീ ജീവിച്ചിരിക്കെ ഞാൻ — ഇല്ല — ഒരിക്കലുമില്ല. ആർക്കുവേണ്ടി ആയാലും ശരി: ആരു് പറഞ്ഞാലും ശരി. ഇല്ല, സാദ്ധ്യമല്ല. ഞാനൊരു മനുഷ്യനല്ലേ ദേവീ? — ഒരു വെറും മനുഷ്യൻ! വയ്യ. എനിക്കു് വയ്യ."

മധുവിന്റെ അമ്മയുടെയരികിൽ കിടക്കയിൽ എഴുന്നേറ്റിരുന്നു് മാലിനി ഇതു് കേട്ടു.

മധുവിനെ നിയന്ത്രിക്കാൻ "ചേട്ടാ!" "ചേട്ടാ!" എന്നു് പതുക്കെ ആവർത്തിച്ചു് വിളിക്കുന്നുണ്ടായിരുന്നു, ദേവി

അവസാനം, ആ ശ്രമത്തിൽ ദേവി വിജയിച്ചു. വിയർത്തു തളർന്നു് അവശനായി മധു കട്ടിലിൽ ഇരുന്നു.

ദേവി കണ്ണീരോടെ കെഞ്ചി: "വേണ്ട. ഞാൻ വെറുതേ പറഞ്ഞതാ . വേണ്ട."

കോഴി കൂകുന്നതു് കേട്ടപ്പോൾ കോമൻ നായർ എഴുന്നേറ്റിരുന്നു് കോട്ടുവായിട്ടു: "നേരം

കോഴികൂകി."

ഉറങ്ങുന്ന ചിരുതേയിയമ്മയിൽനിന്നു് ഒരു പ്രതികരണവുമുണ്ടായില്ല.

കോമൻനായർ തല ചൊറിഞ്ഞു: "ചിരുതേയ്യേ, നേരം കോഴി കൂകി."

ചിരുതേയിയമ്മ ഒന്നു് മുരണ്ടു: "അതിന്'പ്പാ ഞാനെന്താ വേണ്ടതു്? — മുട്ടക്കയിടണോ?"

"നീയാ തീപ്പെട്ടി എവിടേ വെച്ചതു്?"

"ഓഹോ! അതാണു് കോഴിക്കമ്പം, അല്ലേ? ആ ജനാലപ്പടീമ്മ്‌ല്ണ്ട് — ഇനി ഈ മുറീലൊക്കെ പൊക നിറയേണ്ടോളം ഇരുന്നു് ഊതിക്കോളേണ്ടു — ഞാനൊന്നു് ഒറങ്ങട്ടെ. ശ്ശോ! തണുത്തിട്ടും വയ്യ!"

ജനൽപ്പടിയിൽ തപ്പുന്നതിനിടയിൽ കോമൻനായർ പുറത്തെ നിലാവിൽ ഒരു നിഴൽ അനങ്ങുന്നതു് കണ്ടു. സൂക്ഷിച്ചുനോക്കി. ആരോ ഒരാളാണെന്നു് ബോദ്ധ്യമായി.

കോമൻനായർ പതുക്കെ വിളിച്ചു: "ചിരുതേയ്യേ!"

"വേണ്ട, വേണ്ട. ആ പൊന്നാരമൊന്നും ഇപ്പോ വേണ്ട!"

"അതല്ല, ഇതു് നോക്ക്."

ചിരുതേയിയമ്മ തലയുയർത്തി: "എന്തു്?"

"നമ്മടെ കളപ്പുരേലിക്കതാ ആരോ ഒരാള് പാളീം പതുങ്ങീം പോണ്. വല്ലം കക്കാൻ വന്നതാവും! ഹമ്പട! ഇന്നു് ഞാൻ—!"

ചിരുതേയിയമ്മ ഒന്നുകൂടി ചുരുണ്ടു: "നേരം പുലരാറായി. പണിക്കാരു് വന്നതാവും."

തീപ്പെട്ടി കലുക്കിനോക്കി കോമൻനായർ ധൃതിയിൽ പുറത്തുകടന്നു: "ഇന്നു് ആ നായിന്റെ മോനെ—"

"പോണതു് ചായപ്പീടികയിലേയ്ക്കല്ലേ! എന്തു്നാ ഈ വെളവൊക്കെ? ആ വാതിലടയ്ക്കണേയ്."

കോമൻനായർ പാളിയും പതുങ്ങിയും ചെല്ലുമ്പോൾ കളപ്പുരയുടെ വാതിൽ തുറന്നുകിടക്കുന്നുണ്ടായിരുന്നു.

അകത്തുനിന്നു് കരപര ശബ്ദവും കേട്ടു.

കോമൻനായർ ഉറക്കെച്ചോദിച്ചു: "ആരാടാ, അതു്? ഏ?"

അകത്തുനിന്നു് കരപരശബ്ദം നിലച്ചു.

കരുതലോടെ വാതില്ക്കലെത്തി കോമൻനായർ തീപ്പെട്ടിയുരച്ചു:

മാലിനി, പിടിക്കപ്പെട്ട കള്ളനെപ്പോലെ കരഞ്ഞുവീർത്ത മുഖവും അഴിഞ്ഞുലഞ്ഞ മുടിയും കയ്യിലൊരു ടിന്നു് വിഷവും.

കോമൻനായർ ഒറ്റച്ചാട്ടത്തിനു് ടിന്നു് കയ്യിലാക്കി: "അയ്യപ്പാമേ! എന്താ കുട്ടീ ഈ കാട്ടണതു്!"

മറ്റേക്കയ്യുകൊണ്ടു് മാലിനിയെ പിടിച്ചുനിർത്തുകയും ചെയ്തു. എന്നിട്ടു് ബഹളം കൂട്ടി: "മധൂ! മധൂ!..."

മധു ധൃതിയിൽ കോണിയിറങ്ങി, ടോർച്ചുമായിട്ടു്. മധുവിനുമുമ്പേ ദേവി ഉമ്മറവാതിൽ തുറന്നു. വിറയ്ക്കുന്ന കൈകൾകൊണ്ടു് വിളക്കു കത്തിക്കാൻ അമ്മ പാടുപെട്ടു.

ഒരു കയ്യിൽ കീടനാശിനിയുടെ ടിന്നും മറ്റേക്കയ്യിൽ മാലിനിയുടെ കൈവണ്ണയുമായി കോമൻനായർ കളപ്പുരയിൽനിന്നിറങ്ങി.

(തുടരും)

ഇംഗ്ലീഷ് പഠിക്കുക

ഞങ്ങളുടെ പോസ്റ്റൽ ട്യൂഷൻ ക്ലാസ്സിൽ ചേർന്നു് A. B. C. D. മുതൽ B. A. വരെ ഇംഗ്ലീഷ് പഠിക്കാം. കൂടുതൽ വിവരങ്ങൾക്കു മറുപടി സ്റ്റാമ്പുസഹിതം കത്തിടുക.

പ്രകാശ് കോളേജ്
കളക്ടറേറ്റു് P. O.
കോട്ടയം-2

കഥാമാലികയിലെ രണ്ടാമത്തെ കഥയെക്കുറിച്ച് ഒരാസ്വാദനം

അതിശക്തമായ വിസ്ഫോടനം സൃഷ്ടിച്ച് അണു

എം. ജി. കെ. നായർ

അമ്മയുടെ ഉപദേശം സ്വീകരിക്കാതെ വ്യഭിചാരത്തിനിറങ്ങിപ്പുറപ്പെട്ട ഒരു യുവാവിന്റെ ധർമ്മസങ്കടവും ഉൽക്കണ്ഠയും അണുവിന്റെ സൗന്ദര്യം വർദ്ധിപ്പിക്കുന്നു. അതിസാരിക സംഭാവന ചെയ്ത അണു

കഥാമാലികയിലെ രണ്ടാമത്തെ കഥയായ അണുവിന് ഒരു വ്യാഖ്യാനം എഴുതേണ്ട കാര്യമില്ല. അത്രയ്ക്കു ലളിതമാണ് ആ കഥയുടെ പ്രതിപാദനരീതി; ഋജുവും സരളവുമാണ് കഥ. എങ്കിലും ആ കഥ അനുവാചകനിൽ സൃഷ്ടിക്കുന്ന പ്രതികരണം ചിന്താർഹമാണ്. താന്തോന്നിയായ ഒരു ചെറുപ്പക്കാരൻ. അച്ഛനില്ല. അമ്മയുടെ അമിതലാളനയിൽ പൂർണ്ണസ്വാതന്ത്ര്യം അനുഭവിച്ചു വളർന്നുവന്നു. കോളേജുകുമാരനായപ്പോൾ സ്വാതന്ത്ര്യം ഇരട്ടിച്ചു. അകലെയുള്ള പട്ടണത്തിൽ വച്ച് കൂട്ടുകാരോടൊപ്പം വേശ്യാലയം സന്ദർശിച്ചു. പ്രായത്തിന്റെ തുടിപ്പു കാരണം എല്ലാ വേശ്യകളും സുന്ദരികളാണെന്നു തോന്നി. ഇളംകറുപ്പുനിറത്തിൽ ഒത്തുയരവും നീലക്കണ്ണുകളുമുള്ള ഒരു സുന്ദരിയെ കൂടുതൽ ഇഷ്ടപ്പെട്ടു. അവൾ അവനു ഗുഹ്യരോഗം പ്രദാനം ചെയ്തു.

താന്തോന്നിയായ ഒരു ചെറുപ്പക്കാരനു സംഭവിക്കാവുന്ന അപകടങ്ങളിലൊന്നിനെ ഹൃദ്യമായി വിവരിക്കുകയാണ് ശ്രീ. പുനത്തിൽ കുഞ്ഞബ്ദുള്ള. റിയലിസ്റ്റിക്കാണു കഥ. എങ്കിലും മനശ്ശാസ്ത്രപരമായ സമീപനം കഥയ്ക്കു പരിവേഷം സൃഷ്ടിക്കുന്നു. അതാണു കഥയുടെ സൗന്ദര്യം. ചെറുപ്പക്കാരന്റെ ഭാവി—ഭൂത—വർത്തമാനങ്ങൾ കഥയിൽ കെട്ടുപിണഞ്ഞുകിടക്കുന്നു. അധികം വരുമാനമില്ലാത്ത ഒരു സ്കൂൾ ടീച്ചർ തന്റെ മകനു വേണ്ടതെല്ലാം ചെയ്തുകൊടുത്തു. ദുഃഖമെന്തെന്നു് അവനറിഞ്ഞില്ല. ധാരാളിയായി അവൻ വളർന്നുവന്നു. അവൻ സിഗററു വലിച്ചപ്പോൾ ആ അമ്മ എതിർത്തില്ല. അവന്റെ പ്രേമചാപല്യങ്ങൾ കണ്ടു നെറ്റി ചുളിച്ചില്ല. എല്ലാം കുട്ടിക്കളിയായി കരുതിയിരിക്കാം. മകൻ കോളേജിൽ ചേർന്നപ്പോൾ എല്ലാ അമ്മമാരേയും പോലെ അവരും ഉപദേശിച്ചു:—കള്ളം പറയരുതു്, മോഷ്ടിക്കരുതു്, പരീക്ഷയിൽ തോൽക്കരുതു്, കള്ളുകുടിക്കരുതു്, വ്യഭിചരിക്കരുതു്. വിലക്കുകൾ ഒന്നും മകനിഷ്ടമായിരുന്നില്ല. എസ്റ്റാബ്ലിഷ്മെന്റിനെതിരായിരിക്കണമല്ലോ, ചെറുപ്പക്കാർ. അവൻ കള്ളം പറഞ്ഞു, ചീട്ടുകളിച്ചു, കള്ളുകുടിച്ചു. ഇത്രയുമായപ്പോൾ അമ്മയ്ക്കു സങ്കടം വർദ്ധിച്ചു. അവർ അവനോടു കെഞ്ചി: എന്തെല്ലാം ചെയ്താലും തരക്കേടില്ല—നീ ഒരിക്കലും വ്യഭിചരിക്കരുതു്. പക്ഷേ, അവസാനം അവനതു ചെയ്യുക തന്നെ ചെയ്തു. ഫലമോ? ഭയങ്കരമായ ഗുഹ്യരോഗം. മകന്റെ രോഗമെന്തെന്നറിയാതെ അമ്മ അന്ധാളിച്ചു. വേഗം ഡോക്ടറുടെ സമീപമെത്തിച്ചു. പരിശോധനയും ഇഞ്ചക്ഷനും മറ്റും കഴിഞ്ഞപ്പോൾ അവർ ചോദിക്കുന്നു:— "എന്താ ഡോക്ടറേ, എന്റെ മോന്റെ രോഗം?" മകൻ ഒരു ഭീരുവായിരുന്നു. താന്തോന്നിയാണെങ്കിലും തനിക്കു ഗുഹ്യരോഗമാണെന്നു ഡോക്ടർ പറയുമെന്ന ഭീതിയാൽ അയാൾക്കു ബോധക്കേടുണ്ടായി. അപ്പോൾ ആ തല താങ്ങാൻ മറ്റാരുമുണ്ടായിരുന്നില്ല— സ്നേഹനിധിയായ അമ്മയൊഴിച്ച്, അമ്മയ്ക്കു മകൻ എത്ര വളർന്നാലും പൊന്നുമോൻ മാത്രം. അവന്റെ കൊള്ളരുതായ്മകളും ധിക്കാരവും അമ്മ സഹിക്കുന്നു. അവനെ ശുശ്രൂഷിക്കാൻ, സഹായിക്കാൻ, അമ്മ മാത്രം മുന്നോട്ടു വരുന്നു.

അനുക്രമം വികസിച്ചു് അവനെ മുഴുവനായി ഗ്രസിക്കുകയും അവന്റെ ജീവിതത്തെ നശിപ്പിക്കുകയുംചെയ്യുന്നതാണല്ലോ കഥാബിന്ദു. താൻ ചെയ്തതു തെറ്റായിപ്പോയെന്ന ബോധം രോഗത്തേക്കാളുപരിയായി അവനെ കാർന്നുതിന്നുന്നു. അണുപ്രസരണം അവന്റെ ബോധമണ്ഡലത്തേയും കീഴടക്കുന്നു. കഥാവസാനത്തിൽ എല്ലാം നഷ്ടപ്പെട്ട ഭഗ്നഹൃദയനായ, ധീരമായി തലയുയർത്തിപ്പിടിച്ചുനടക്കാൻ കഴിയാത്ത ഒരു യുവാവിനെയാണു് നാം കാണുന്നതു്.

സാഹിത്യകാരൻ തന്റെ അനുഭൂതിമണ്ഡലം വായനക്കാർക്കുവേണ്ടി തുറന്നുകൊടുക്കുന്നു. വ്യഭിചാരത്തെപ്പററിയും ഗുഹ്യരോഗങ്ങളെപ്പററിയും പലരും പലപ്പോഴും എഴുതിയിട്ടുണ്ടു്. എന്നാൽ ഒരു കൊച്ചു കഥയിലൂടെ ആ രോഗത്തിന്റെ ഭീകരതയും അതുകൊണ്ടു് ഒരു യുവാവിനുണ്ടാകുന്ന മാനസികാസ്വാസ്ഥ്യങ്ങളും ഇത്ര മനോഹരമായി ചിത്രീകരിച്ചിട്ടുള്ള ഒരു കഥ ഞാൻ വായിച്ചിട്ടില്ല. Nancy Hale എന്ന പ്രശസ്ത എഴുത്തുകാരി പറഞ്ഞിട്ടുള്ളതുപോലെ ചെറുകഥ ഒരു കാമുകിയാണു്; അനുവാചകൻ കാമുകനും. വളരെക്കുറച്ചുമാത്രം പറഞ്ഞിട്ടുള്ള ചെറുകഥയിൽനിന്നും വളരെയേറെ ഗ്രഹിക്കാൻ വായനക്കാരനു കഴിയുന്നു. ഒരു കാമുകിയെപ്പോലെ ചെറുകഥ അനുവാചകഹൃദയത്തിൽ അവാച്യമായ ഒരനുഭൂതി പ്രദാനംചെയ്യുന്നു. കാമുകനു് കാമുകിയെപ്പററി അറിയാവുന്നതു വളരെ തുച്ഛം; എങ്കിലും അവൾ അടുത്തിരിക്കുമ്പോൾ അവന്റെ ഹൃദയംനിറയെ അവളാണു്; അവളുടെ അനവദ്യമായ ആകർഷണപ്രചുരിമയിൽ അയാൾ ആനന്ദിക്കുന്നു. അതുപോലെ പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ അണു നമ്മുടെ മനസ്സിൽ ആനന്ദത്തിന്റെ വേലിയേററം സൃഷ്ടിക്കുന്നു; ആ അണു നമ്മുടെ ചിന്താമണ്ഡലത്തിൽ അപൂർവ്വവും അതിശക്തവുമായ ഒരു വിസ്ഫോടനം സൃഷ്ടിക്കുന്നു. അങ്ങിനെയൊരു വിസ്ഫോടനം സൃഷ്ടിക്കാൻ കഴിഞ്ഞ കഥാകൃത്തു് അനുമോദനമർഹിക്കുന്നു.

—o—

"കേശാലങ്കാരത്തിന്
ഓന്തുകളോ?"

—ഒരു സചിത്രലേഖനം!

അടുത്ത ലക്കം:

മലയാളനാടിൽ വായിക്കുക!



(8-ൽനിന്നും തുടർച്ച)

ആധുനികവുമായ സംയോഗം എന്ന മാധ്യമം. രതിയുടെ ഇരുണ്ട ഭൂഖണ്ഡങ്ങളിൽ തീവ്രചിന്തകളുടെ തീർത്ഥാടനം ഫലപ്രദമായി, അന്യാശ്രയത്വമില്ലാത്ത സ്വാതന്ത്ര്യബോധമായി ബലപ്പെടുത്തിയെടുക്കാൻ കഴിഞ്ഞ മാധവിക്കുട്ടിക്കു് രതി പ്രാർത്ഥനയും അനുഷ്ഠാനവുമാകുന്നു. രതി തങ്ങളുടെ കർമ്മവാസനയാണെന്നു് തിരിച്ചറിയുന്ന ആ കഥാപാത്രങ്ങൾ നാട്ടിൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന തരത്തിലുള്ള രതിസ്വഭാവങ്ങളല്ല പ്രകടിപ്പിക്കുന്നതു്. "മറൈൻഡ്രൈവ്" എന്ന കഥ ഓർമ്മിക്കുക. രതി അസാധാരണമായ ഒരു മനോഭാവമായി മാറുന്നു. ചില കഥകളിൽ ഏകാന്തതയുടെയും വിവരസ്തോഭങ്ങളുടെയും വേദന ഊറുന്ന പ്രഭവസ്ഥാനമായി ആ രാവ് മാറുന്നുണ്ടു്. ശൃംഗാരത്തിന്റെ ചതുപ്പുനിലങ്ങളും ജീവിതത്തിലെ ഏററവും ശക്തമായ ഒരു ഉൽക്കടതാപത്തിന്റെ ദർശനസമൃദ്ധിയാണു് മാധവിക്കുട്ടിയുടെ രചനകൾക്കു് ഗൗരവസ്ഥാനങ്ങൾ നൽകുന്നതു് പ്രധാനപ്പെട്ട ഈ സത്യം മനസ്സിലാക്കാതെ ആ കഥകളിൽ തങ്ങളുടെ വികല ചിന്തകളുടെ പര്യായങ്ങൾ തിരയുന്നവർ ഒരു മാരകപാപം അനുഷ്ഠിക്കുന്നു.

വിനിമയശക്തിയില്ലാത്ത ദൃഢകാമനകളുടെ നേരെ കാരുണ്യപൂർവ്വമായ സമീപനം "നാവികവേഷം ധരിച്ച കുട്ടി"യിൽ കാണാം. അതിസ്വാഭാവികമായ അന്തരീക്ഷത്തിൽ സാധാരണമല്ലാത്ത ഒരു മാനസികനിലയുടെ സ്ഫുരണമാണു് മാധവിക്കുട്ടി സാധിക്കുന്നതു്. നാവികവേഷം ധരിച്ച കുട്ടിയുടെ ഫോട്ടോ കൊച്ചുമ്മിണിയിൽ ഉണർത്തുന്ന അവ്യയഭാവങ്ങൾ മലയാളകഥയെ പുതിയ ആവിഷ്ക്കരണസാധ്യതയിലേക്കു് നയിക്കുന്നു. ആരെയാണു് തലേന്നു് മന്ത്രി തിരിച്ചറിയാതിരുന്നതു്! അബോധത്തിലെവിടെയോ ജീവിക്കുന്ന ഒരു സജീവസ്മരണ ഏതോ ജന്മാന്തരസൗഹൃദമാണു് ആ ഫോട്ടോ കൊച്ചുമ്മിണിയിൽ തീവ്രാഹ്ലാദം ജനിപ്പിക്കുന്നതു്. അസ്പഷ്ടശ്രുതികളായി ഓർമ്മയിൽ ഭ്രമണം ചെയ്യുന്ന ബാല്യസൗഹൃദത്തിന്റെ ഇളവെയിൽ നാളങ്ങളായിരിക്കാം അവളിൽ രഥവേഗങ്ങളുണർത്തിയതു്. വെയിൽ താഴ്ന്ന ഏതെങ്കിലും വിദൂരഗ്രീഷ്മസായാഹ്നങ്ങളിൽ അവർ പരസ്പരം അറിഞ്ഞിട്ടുണ്ടാവാം. തിരക്കുള്ള ജനക്കൂട്ടത്തിൽ നിന്നും അകലെയായി രണ്ടു വിചിത്രജീവികളെപ്പോലെ അവർ പരസ്പരം സാന്ത്വനങ്ങൾ നൽകിയിട്ടുണ്ടാവാം. ആ കൊച്ചുമ്മിണിയെ മന്ത്രി മറന്നുപോവുന്നു. ഈ ഭാവസ്ഥൈര്യത്തിന്റെ ആവിഷ്ക്കാരത്തിനു ശ്രമിക്കുന്നു.

"മാനംതുവർന്നതു കാണുവാനുണ്ണിയെ
മാറത്തെടുത്തു നീയുമ്മറത്തെത്തവേ
ഏതോ പഴയ കർമ്മബന്ധങ്ങളാ-
ലെന്നെയോർത്തേ നിലകൊൾകയു
മായിടാം."

("ബാല്യകാലസഖി"—വിഷ്ണുനാരായണൻ) ഈ കവിതാഭാഗത്തു് പ്രസരിക്കുന്ന പഴയ ആ കർമ്മബന്ധസ്മരണയാണു് മന്ത്രിയുടെ ഫോട്ടോ കൊച്ചുമ്മിണിയിൽ അനുഗ്രഹപൂർവ്വം നിവേശിപ്പിക്കുന്നതു്. കാലത്തിന്റെ നിർദ്ദയപുരോഗതിയിൽ, കൃത്യാന്തരങ്ങളിൽ നഷ്ടപ്പെട്ടുപോയ സ്ഥിരഭാവങ്ങളുടേയും സൗഹൃദസന്ധ്യകളുടേയും ഓർമ്മയാണു് മന്ത്രിയെ കൊച്ചുമ്മിണിയുടെ മുമ്പിൽ വിനീതനാക്കുന്നതു്. ബാല്യത്തിന്റെ പുഴകളും വയൽവരമ്പുകളും പ്രായംചെന്ന മനസ്സിന്റെ അജ്ഞാതഗർത്തങ്ങളിൽ ഇപ്പോഴും വിദൂരസ്മരണകളായവശേഷിക്കുന്നു. അപരാഹ്നമയക്കങ്ങളിൽ ഉൾക്ഷേത്രങ്ങളുടെ ഏകാന്തതയിൽ മണിമുഴങ്ങുന്നു; സന്ധ്യകൾ നഷ്ടബോധങ്ങളാൽ ബന്ധിക്കുന്നു; എന്തിനോ നാം ജന്മവ്യസനികളാവുന്നു. ഈ ആർദ്രഭാവങ്ങളുടെ പ്രതിഫലനമാണു് "നാവികവേഷംധരിച്ച കുട്ടി"യെ കലാരൂപമാക്കി മാററുന്നതു്. മലയാളകഥയ്ക്കു് ഇതുവരെ അന്യമായ ഒരു സൂക്ഷ്മതയുടെ ദർശനം സാദ്ധ്യമാക്കുന്ന ഈ കഥ അപൂർവ്വപ്രവാഹങ്ങളുള്ള ഒരു മനസ്സിന്റെ സ്വയം സാക്ഷ്യപ്പെടുത്തലാണു്. പ്രധാനഭാവത്തിനു് ബലംനൽകുന്നവിധം പശ്ചാത്തലത്തിലേക്കു് പരിണമിക്കുന്ന നിസ്സാരമെന്നു തോന്നിക്കുന്ന ചില ഘടകങ്ങൾപോലും ഒരെഴുത്തുകാരിയെന്നനിലയിൽ മാധവിക്കുട്ടിയുടെ തികച്ചും സ്വന്തമായ പ്രത്യേകതകളാണു്.

ഈ നാട്ടിൽ ചില സ്ഥലങ്ങളിൽ പ്രചാരത്തിലിരിക്കുന്ന സാഹിത്യവിമർശക

ദ്വേഷങ്ങൾക്ക് തങ്ങളുടെ വിശ്വാസപ്രമാണങ്ങളെ ഉദാഹരിച്ചാഹ്ലാദിക്കാൻ വകനൽകുന്ന ചില വസ്തുതകൾ ഈ കഥയുടെ ആദ്യഭാഗത്തുണ്ട്. എത്ര സ്വകാര്യമായ ഭാവപ്രദർശനങ്ങളെയും പഴയ മുദ്രാവാക്യമായ സാമൂഹ്യബോധത്തിന്റെ കുഴൽക്കണ്ണാടിയിലൂടെനോക്കി വ്യാഖ്യാനിച്ച് ഇവിടുത്തെ തൊഴിലാളികളുടേയും അദ്ധ്വാനിക്കുന്നവരുടേയും സർവ്വവിധ ശാരീരിക-മാനസികപ്രശ്നങ്ങൾക്കും പ്രതിവിധികൾ നിർണ്ണയിക്കുന്നവരെ വഴിതെറ്റിക്കുന്ന ഘടകങ്ങളാണവ. കലാവിചാരത്തിന്റെ പുണ്യഭൂമിയിലും പൊതുജനാഭ്യസന്മാരായി വാഴുന്നവരുടെ ദൃഷ്ടിയിൽ മേലധികാരിവർഗ്ഗത്തിന് കീഴ്ജീവനക്കാരോടുള്ള മനോഭാവത്തിന്റെ പ്രകടനമാണ് കഥയുടെ ആദ്യഭാഗം. കലാസ്വാദനം വൈയക്തികവും സ്വകാര്യവും ഏകാന്തവുമായ പ്രക്രിയയാണെന്ന പ്രവചനസാദ്ധ്യതകളുടെ സത്യം മലയാളത്തിലെ ഒന്നാംകിട കഥകളോടൊപ്പം "നാവികവേഷംധരിച്ച കുട്ടി"യും ഓർമ്മിപ്പിക്കുന്നു. സ്വപ്നത്തിന്റെ സ്വഭാവങ്ങളാണ് ഈ കഥയുടെ പ്രധാനബിന്ദുക്കളിലെല്ലാം പടർന്നുകിടക്കുന്നത്. കലയുടെ യഥാർത്ഥങ്ങളിൽ സമാധിയടയുന്നവരെ ഭ്രാന്തരാക്കുന്ന ലോകത്തിലേക്ക് വലിച്ചെറിയുന്ന അവസാനഭാഗത്ത് മന്ത്രി മുട്ടകത്തിനിന്ന് ക്ഷമാപണംനടത്തുന്നതും കൊച്ചുണ്ണി "ഇനി എഴുന്നേൽക്ക്" എന്ന് ഒരു മന്ത്രണംപോലെ ഉരുവിടുന്നതും ഇതിഹാസങ്ങളിലെ നായികാ-നായകന്മാരെ ഓർമ്മിപ്പിക്കുന്നു. കലയിലൂടെ ഭൗതികഗുണങ്ങൾതേടുന്നവർക്ക് അപ്രാപ്യമായ ഈ കഥയിൽ ഇതിഹാസകല്പനകളുടെ മൈന്ദാകണഭാവങ്ങളും സന്ധ്യാതീവ്രതയും പ്രതിഫലിക്കുന്നു.

യുക്തിരഹിതമായ ഒരു മനോഭാവത്തിന്റെ പരസ്യവിചാരണയിലേക്ക് നയിക്കുന്ന ഈ കഥ ആധുനികകഥയിൽ സംഭവിച്ച ശ്രദ്ധേയമായ ഒരു മാറ്റത്തെ ഉദാഹരിക്കുന്നു. ഫോട്ടോ കണ്ടെന്നതോടെ കൊച്ചുണ്ണി ഓർത്തതെന്തെന്ന്, അവരുടെ പൂർവ്വബന്ധങ്ങളെന്തെന്ന് പഴയ ആഖ്യാതാവിനെപ്പോലെ മാധവിക്കുട്ടി പറഞ്ഞുതരുന്നില്ല. ഈ കഥയെ വിജയിപ്പിച്ച ഏറ്റവും ശ്രദ്ധേയമായ ഉപാധിയാണത്. സൂചനകളിലൂടെ വ്യഗ്രഭാവങ്ങളിലേക്ക് വിരൽചൂണ്ടാൻമാത്രം ശ്രമിക്കുന്ന ഈ കഥ വായനക്കാരനോട് ഭാവപൂർണ്ണമായ ഒരു ഹൃദയം സൂക്ഷിക്കാൻ നിർബ്ബന്ധപൂർവ്വം ആവശ്യപ്പെടുന്നു. സംവേദനത്വത്തെസംബന്ധിക്കുന്ന പഴഞ്ചൻ ധാരണകൾ മാറാപ്പിലേന്തുന്ന ഒരെഴുത്തുകാരനെ ഈ കഥയെ ഒരു ശവശരീരമാക്കാൻ സമർത്ഥനാക്കുന്ന എല്ലാ സാദ്ധ്യതകളുമുണ്ടായിരുന്നെങ്കിലും ആധുനിക മനസ്സ് കാത്തുസൂക്ഷിക്കുന്ന മാധവിക്കുട്ടി മലയാളകഥയെ കൂടുതൽ വിസ്തൃതമാക്കുകയാണ് ചെയ്യുന്നത്. കോമളമെന്നപോലും വിശേഷിപ്പിക്കാവുന്ന ഒരു ശില്പം നേടിയെടുത്തിരിക്കുന്ന ഈ കഥയ്ക്ക് ഋജുവും സൗമ്യവുമായ പ്രതിപാദനവും യുക്തിരാഹിത്യവും ഉണർവ്വുള്ള പരിസരങ്ങൾ നൽകുന്നു. ജീവിതാനുഭവമെന്നത് ചന്തയിലെ വിലവിവരങ്ങൾ ഹൃദിസ്ഥമാക്കുകയാണെന്നു ധരിച്ച ഒരു തലമുറയ്ക്കു സമാന്തരമായി തന്റെ തീയാളുന്ന വഴികൾ തെളിയിച്ച മാധവിക്കുട്ടി അനുഭവത്തെ ഒരുതരം ഉന്മാദമൂർച്ഛയാക്കുന്നു.

സന്ദേശങ്ങളും ഗുണപാഠങ്ങളുമില്ലാത്ത ആൾക്കൂട്ടത്തിനു മനസ്സിലാവാത്ത കഥയാണ്, ദൈവനിവേശിതത്വമുണ്ടെന്നുതോന്നിക്കുന്ന "നാവികവേഷംധരിച്ച കുട്ടി." ഏകാന്തതയിൽ, സ്വകാര്യലോകങ്ങളിൽ, സ്വപ്നങ്ങളിൽ ഈ കഥയിലെ ഓരോ വാക്കിന്റെയും അർത്ഥങ്ങൾ വ്യാഖ്യാനിക്കപ്പെടുന്നു. ഓരോ തവണ ശബ്ദമുയരുമ്പോഴും ഉള്ളറകളിലേക്കു പിൻവാങ്ങുന്ന മുഴക്കങ്ങളുള്ള തേങ്ങലുകൾ കാതോർക്കുന്നവർക്കുമാത്രമേ ഈ കഥയിലേക്ക് വാതിലുകൾ തുറക്കപ്പെടുന്നുള്ളൂ; സ്വന്തം ഹൃദയത്തിന്റെ സ്പന്ദനങ്ങൾ ഈ കഥയുടെ നാഡികളിൽ തിരിച്ചറിയാൻ അനുഗ്രഹിക്കപ്പെടുന്നുള്ളൂ.

❋

സിനിമ

നവചക്രവാളത്തിലേക്ക് നീളുന്ന പാതകൾ

എ. പി. സുരേഷ്

ഇന്ത്യൻ സിനിമയെ മുൻപോട്ടു നയിക്കുന്ന ആരോഗ്യകരമായ ചില ചലനങ്ങൾ വളരെയടുത്തകാലത്തായി ദൃശ്യമായി വരുന്നുണ്ട്. ശുഭോദർക്കമായി ഇതിനെ കണക്കാക്കിക്കൊണ്ട് ഈ വികാസത്തിന്റെ അന്തർധാരകളെ വസ്തുനിഷ്ഠമായി സമീപിക്കുമ്പോൾ നാം ചില യാഥാർത്ഥ്യങ്ങളെ നേരിടാൻ തയാറാവണം. നിഷേധത്തിന്റെ കരുത്തിൽ പ്രതിഭയെ ധൃത്തരിച്ച് പുതിയൊരു വർത്തമാനവും ഭാവിയും ഇന്ത്യൻ സിനിമക്ക് നല്കാൻ ശ്രമിക്കുന്ന ധിഷണാശാലികളെ മനസ്സിലാക്കാൻ കഴിവുകെട്ട ബഹുഭൂരിപക്ഷം വരുന്ന പ്രേക്ഷകകഴുതകൾക്ക് സാധിച്ചിട്ടില്ല. ഈ ആസ്വാദനപരമായ ഷണ്ഡത്വമാണ് ഇന്ത്യൻസിനിമയുടെ വളർച്ചയെ ഹനിക്കുന്ന മാരകരോഗം. ഈ ഭൂരിപക്ഷ ശക്തിയോട് പൊരുതിക്കൊണ്ട് ഒരു ന്യൂനപക്ഷ ആസ്വാദക സമൂഹം കുറഞ്ഞ കാലംകൊണ്ടിവിടെ ഉയിർത്തെഴുന്നേറ്റിട്ടുണ്ട്. നിഷേധങ്ങളുടേയും നിഷേധത്തിന്റെയും ഉയർന്ന ആസ്വാദനബോധത്തിന്റെയും ചൂടിൽ ഇവരാണ് പുതിയ ഇന്ത്യൻ സിനിമയെ വാർത്തെടുക്കാൻ അശ്രാന്തം പരിശ്രമിക്കുന്നത്. ദാദാസാഹിബ് ഫാൽക്കെയിലോ അതുപോലുള്ള മറ്റേതെങ്കിലും നപുംസകങ്ങളിലോ ഇന്ത്യൻ സിനിമയുടെ ദേശീയ പിതൃത്വം ആരോപിക്കുന്നതിനെ നഖശിഖാന്തം എതിർക്കുന്ന, കപടബുദ്ധിജീവികളുടെ (Psuedo Intellctual) മുഖംമൂടികൾ നിർദ്ദാക്ഷിണ്യം വലിച്ചുകീറുന്ന, യഥാർത്ഥ ഇന്ത്യൻ സിനിമ ഗർഭത്തിൽ മാത്രമാണെന്നു വിശ്വസിക്കുന്ന ഈ ചെറുസംഘത്തെ നിങ്ങൾ പൊതുവേദികളിൽ കണ്ടേക്കില്ല. സംഖ്യാബലത്തിൽ തുച്ഛമായ ഇവർ ഇന്ത്യയിൽ സ്വതന്ത്രമായും ഫിലിം സൊസൈറ്റികൾക്കുള്ളിലുമായി ഒറ്റപ്പെട്ടുകഴിയുന്നു. നല്ല സിനിമക്കുവേണ്ടിയുള്ള മുറവിളികളും (അവ മിക്കപ്പോഴും [illegible] യത്) സമരകാഹളങ്ങളും ഇവരിൽനിന്നാണ് ലഭ്യമായിട്ടുള്ളത്. ലോക സിനിമയെ മാറ്റിമറിക്കുന്നതിൽ ഈ "ന്യൂനപക്ഷം" വഹിച്ച പങ്ക് അവഗണിക്കാനാവാത്തവിധം ശക്തമാണ്. അമേരിക്കയിൽ "എമ്പയർ" നിർമ്മിച്ച വാറോളിനുപോലും സ്ഥിരം പ്രേക്ഷകരുണ്ടെന്നറിയുക. "എമ്പയറാ"കട്ടെ ലോക സിനിമാസങ്കല്പത്തിനുതന്നെയേറ്റ കനത്തആഘാതമായിരുന്നു താനും. മെയിലറുടെ "മെയിഡ്സ്റ്റോണും" മെക്ക്ബ്രൈഡിന്റെ "ഡേവിഡ് ഹോൾസ് മാൻസ് ഡയറി" "മൈ ഗേൾഫ്രണ്ട്സ് വെഡ്ഡിംഗ്", അരം അവാകിൻ ചിത്രങ്ങൾ ആദിയായ ചലച്ചിത്രസങ്കല്പത്തിനു പുതിയ മാനങ്ങൾ നൽകിയ സൃഷ്ടികൾ ജന്മംനേടിയതു സ്വയം സ്വാതന്ത്ര്യം പ്രഖ്യാപിച്ച പ്രതിഭകളുടെ കരങ്ങളിൽനിന്നാണ്. അതുപോലെ ലോകക്ലാസിക്കുകളിൽ ഉൾപ്പെടുന്ന ഫ്രിട്സ് ലാങിന്റെ "മെട്രോപൊളിസ്", "കാൾഡ്രെയറു"ടെ "പാഷൻ ഓഫ് ജോൺ ഓഫ് ആർക്ക്", മുർണൗയുടെ "ലാസ്റ്റ്ലാഫ്" എന്നിവയും സാക്ഷ്യപ്പെടുത്തുന്നതും മറ്റൊന്നല്ല. സിനിമയെന്ന നിലയിലുള്ള മൂല്യംതന്നെയാണിവയുടെ ഒക്കെ അന്തസത്തയും.

ഈയിടെ ദൽഹിയിൽ നടന്ന അന്തർദ്ദേശീയ ചലച്ചിത്രോത്സവം ഒരു യാഥാർത്ഥ്യം വെളിപ്പെടുത്തിത്തരുന്നതിൽ വമ്പിച്ച പങ്ക് വഹിക്കുകയുണ്ടായി. ബുദ്ധിജീ

വികളെന്ന ലേബലിൽ പ്രത്യക്ഷപ്പെടുന്നവരുടെ തനിസ്വഭാവം പുറത്തു കൊണ്ടുവന്നുവെന്നതാണത്. സെക്സിന്റെ അതിപ്രസരമുള്ള ചിത്രങ്ങൾ കാണാൻ ഇക്കൂട്ടർ ഇരച്ചു കയറി. അതിന്നായി ടിക്കററിന് മൂന്നു നാലും ഇരട്ടി വില നല്കാനും തയാറായി. മറിച്ച് പല നല്ല ചിത്രങ്ങളും പ്രദർശിപ്പിക്കപ്പെട്ടപ്പോൾ നിറഞ്ഞു കണ്ടിരുന്ന സീററുകൾ പകുതി സമയത്തിനു മുമ്പേ തന്നെ ഒഴിഞ്ഞു കഴിഞ്ഞിരുന്നുവത്രെ. ലജ്ജാകരവും വേദനാജനകവുമായ ഈ വസ്തുത നാം അംഗീകരിച്ചേ തീരൂ. ചീഞ്ഞുനാറിയ സ്വന്തം ആസ്വാദനക്ഷമതയെ സ്വയം പ്രദർശനശാലകളാക്കി വെക്കുന്ന ഇത്തരം ഞരമ്പുരോഗികളുടെ തണൽ ഇന്ത്യൻ സിനിമയെ സംബന്ധിച്ചിടത്തോളം ശാപമാണ്. അറുപതുകളിലാരംഭിച്ച അമേരിക്കൻ അണ്ടർ ഗ്രൗണ്ട് സിനിമ സ്റ്റാററിക് സിനിമയിലേക്ക് വളർന്നിരിക്കുന്നു. അവർ മൂവിഡ്രോം പണിയുന്നു എന്നെല്ലാം അമ്പരക്കുകയല്ലാതെ നമുക്ക് മറെറന്തു നിവൃത്തി. സാധാരണക്കാരനിൽ നിന്നും ഇന്ത്യൻ ബുദ്ധിജീവിയിലേക്കുള്ള ദൂരം ഒരു മിഥ്യയാണെന്നു വിശ്വസിക്കാൻ നാം നിർബ്ബന്ധിതരാകുന്നു. ഇതു വേദനാജനകമാണ്. ഇനി മറുഭാഗത്തെയെടുത്ത് പരിശോധിച്ചാലോ. സ്രഷ്ടാക്കളുടെ കരങ്ങളും പരിശുദ്ധമല്ലെന്ന സത്യവും നാം അംഗീകരിക്കേണ്ടിയിരിക്കുന്നു. മാരകമായ തെററിദ്ധാരണ സൃഷ്ടിക്കാൻ പര്യാപ്തമായ ശൈലിയിലൂടെ പലപ്പോഴും കള്ളച്ചരക്കുകളെ ഇവർ നമ്മുടെ മുമ്പിൽ കൊണ്ടുവന്നു നിരത്തിയിട്ടുണ്ട്. കമ്മേഴ്സ്യൽ ചേരുവകളെ കൂട്ടുപിടിച്ചു കൊണ്ടല്ല—അവ ഏതളവിലാണെന്നതു പ്രശ്നമാവുന്നില്ല— ഈ മദ്ധ്യവർത്തികളുടെ അനുരഞ്ജനത്തിൽ നിന്നും ഉടലെടുക്കുന്ന സന്തതികളാണ് വിവേചനശ്രമത്തിൽ ആസ്വാദകന്റെ മാർഗ്ഗം മുടക്കികൾ; ശത്രുക്കളും. (ഇവയുടെ പ്രയോജനപരത കേവലം താല്ക്കാലികലക്ഷ്യങ്ങളിലധിഷ്ഠിതമാണ്. മൊത്തത്തിൽ സംഭവിക്കുന്ന ദോഷഫലങ്ങളെ മറികടന്ന് മാപ്പർഹിക്കുന്ന [illegible] ഈ ലക്ഷ്യങ്ങൾക്കില്ലതന്നെ. ഈ അംശത്തിൽ നിന്നു കൊണ്ടു ചിന്തിക്കുമ്പോൾ നമ്മുടെ ആസ്വാദകമണ്ഡലത്തിൽ ഒരു ഇളക്കിമറിയലിന്ന് ഇടംവച്ച "സ്വയംവര"വും "നിർമ്മാല്യ"വും പോലും യഥാർത്ഥസിനിമ പിടിക്കാൻ പോവുന്നുവെന്നതിന്റെ സൂചനകൾ മാത്രമാണെന്ന നിലയിലേ അംഗീകാരം അർഹിക്കുന്നുള്ളൂ. ഒരിക്കലും അവ അനുഷ്ഠിച്ച കർമ്മങ്ങളുടെ മഹത്വത്തെ താഴ്ത്തിക്കെട്ടുകയല്ല. മറിച്ച് അടുത്തിടെ റിലീസായ "ഉത്തരായന"ത്തോളം മഹത്തോ ആരോഗ്യകരമോ ആയ സ്വഭാവമോ, പ്രവണതയോ "സ്വയംവര"മോ "നിർമ്മാല്യ"മോ പ്രകടമാക്കുന്നില്ല എന്നതാണ് ശരി. ഏതായാലും "ഉത്തരായണ"ത്തോടെ മലയാളത്തിൽ യഥാർത്ഥസിനിമയുടെ പിറവി നടന്നു കഴിഞ്ഞിരിക്കുന്നു. രൂപഭാവഘടനയിൽ അത്രമാത്രം ആരോഗ്യവാനാണ് ഈ കുഞ്ഞ്.) ഇന്ത്യൻ സിനിമയുടെ പുതിയ മുഖങ്ങളിൽത്തന്നെ പ്രതിഭാദാരിദ്ര്യത്തിന്റെയും ധിഷണാശൂന്യതയുടേയും വിളയാട്ടങ്ങൾ കാണാമെന്നതാണു നേര്. വിമർശനവലയിൽ ഒരു സുഹൃത്ത് ഇതിനെതിരെ "സെന്റിമെന്റൽ റൊമാന്റിക്—സ്യൂഡോ ഇന്റലക്ചൽ ചെററത്തരങ്ങൾ" എന്ന് ക്ഷോഭിച്ചതു ഞാനോർക്കുന്നു. ഇത്തരം ചെററത്തരങ്ങളും" ഇന്ത്യൻ സിനിമയുടെ വളർച്ചയുടെ ഘട്ടങ്ങളായി പരിഗണിക്കപ്പെടുന്നതു കഷ്ടമാണ്.

ഒടുവിൽ ഞാനും അവിടേക്കുതന്നെ എത്തിച്ചേരുന്നു. ഒരു മികച്ച സിനിമാ സെൻസിബിലിററി വളർത്തിയെടുത്തേ പററൂ. ഇതിനായി അനിവാര്യമായ പരിവർത്തനത്തെ ഒരുതരം "ഇലാസ്റ്റിക്" പ്രക്രിയയിൽപ്പെടുത്തി നിർവ്വീര്യമാക്കിക്കൊണ്ടിരിക്കുന്ന നമ്മുടെ പൈതൃകമെന്ന മിഥ്യയെ മുഴുവൻ തച്ചുടക്കുകയും ഹരിശ്രീ തൊട്ട് വീണ്ടും ആരംഭിക്കേണ്ടിയുമിരിക്കുന്നു. ശൈശവാവസ്ഥയെ തരണംചെയ്തു കഴിഞ്ഞിട്ടില്ലാത്ത ഫിലിം സൊസൈററികൾക്ക് ഈ ഭാരം പൂർണ്ണമായും ഏറെറടുക്കാൻ സാദ്ധ്യമാവില്ല. ഒരുവേള അവർക്കനുഷ്ഠിക്കാനുള്ള ഏററവും വലിയ ബാദ്ധ്യതയും ഇതുതന്നെയെന്നിരിക്കിലും, പിന്നെയുള്ളത് പ്രസിദ്ധീകരണങ്ങളാണ്. നടനോ നടിയോ തുണിയഴിച്ചതിൽക്കവിഞ്ഞു നമ്മുടെ സിനിമാപ്രസിദ്ധീകരണങ്ങൾക്കെന്തു സിനിമയുണ്ട്. അഥവാ ഈ കലയെപ്പററി; ഈ നൂററാണ്ടിന്റെ ഏററവും ശക്തമായ ഈ മാദ്ധ്യമത്തെപ്പററി അല്പ വിവരമെങ്കിലുമുള്ള എത്ര സിനിമാപ്രസിദ്ധീകരണങ്ങൾ ഇന്നിറങ്ങുന്നുണ്ട്. "കഹേയ്ദു സിനിമ", "പോസററീഫ്" തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ ചരിത്രം മെനഞ്ഞതു നാം കണ്ടതാണ്. ആധുനിക സിനിമയുടെ അടിവേരുകൾ ഈ പ്രസിദ്ധീകരണങ്ങളിലാണ് നമുക്ക് കണ്ടുകിട്ടുക. നവധാര (new wave)യുടെ ഉപജ്ഞാതാക്കളായ ആസ്ത്രൂക്ക്, ത്രൂഫോ തുടങ്ങി ഗോദ്ദാർഡ്, റോജർവാദിം, ഷബ്രോൾ, എറിക് റോമർ മുതലായ ലോകസിനിമയിലെ കരുത്തന്മാരെല്ലാം "കഹേയ്ദു സിനിമ"യിലെ സ്ഥിരം എഴുത്തുകാരായിരുന്നു. പുതിയ സിനിമയ്ക്കു ശക്തമായ പ്രേരണയും പിന്തുണയും നൽകിയവയായിരുന്നു ഈ പ്രസിദ്ധീകരണങ്ങൾ എന്നോർക്കണം.

ഉമ്മർ, ജോസ്പ്രകാശ് "നീയെന്റെ ലഹരി"യിൽ

ഫിലിം ഫൈനാൻസ് കോർപ്പറേഷന്റെ രംഗപ്രവേശം ഒരു പരിധിവരെമാത്രമേ ആശ്വാസകരമെന്നു പറഞ്ഞുകൂടൂ. വിപ്ലവകരമായ ഒരു മാററം വരുത്തിത്തീർക്കാൻ ഈ സ്ഥാപനത്തിനു സാദ്ധ്യവുമല്ല. കാരണം തീക്ഷ്ണമായ സമകാലീന സ്വഭാവം ഉൾക്കൊള്ളുന്ന—അഥവാ വർത്തമാന ഇന്ത്യൻ രാഷ്ട്രീയ സാമൂഹ്യ-സാംസ്കാരിക ചിന്താഗതികളോടും അവയുടെ പ്രശ്നങ്ങളുമായും അഗാധമായി സംവേദിക്കുന്ന—ഒരു ചിത്രത്തിനും ഈ സർക്കാർസ്ഥാപനത്തിന്റെ "പോളിസി"യുമായി രമ്യതപ്പെടാൻ വിഷമമുണ്ടെന്നതുതന്നെ, റേയോടൊപ്പം അവതരിച്ച ഇന്ത്യൻ സിനിമയിലെ മാററത്തിനു നേർത്ത തോതിലെങ്കിലും നിയോ റിയലിസ്റ്റ്

തിരുത്ത്

ശ്രീ: വി. ബി. സി. നായരുടെ "പൂർണ്ണതതേടുന്ന അപൂർണ്ണബിന്ദുക്കൾ" തമിഴിലേക്ക് വിവർത്തനം ചെയ്ത് "ദീപം" മാസികയിൽ പ്രസിദ്ധീകരിക്കുന്നത് "കുറിഞ്ചിവേലൻ" ആണ്. "ഇളഞ്ചേരൻ" എന്ന് കഴിഞ്ഞ ലക്കത്തിൽ അച്ചടിച്ചുപോയതിൽ ഖേദിക്കുന്നു.

— പത്രാധിപർ.

സ്വഭാവമുണ്ടായിരുന്നു. പക്ഷേ, ഇററാലിയൻ നിയോ റിയലിസ്റ്റ് സിനിമയെപ്പോലെ അത് മഹത്തായ സംഭാവനകളൊന്നും നൽകാഞ്ഞതിനുള്ള കാരണം നമ്മുടെ ദുഷിച്ച സെൻസറിങ്ങ് സമ്പ്രദായമാണ്. രൂക്ഷമായ പല സാമൂഹ്യ പ്രശ്നങ്ങളെയും (ദാരിദ്ര്യമോ, വ്യഭിചാരമോ, തൊഴിലില്ലായ്മയോ എന്തുമാവട്ടെ) പ്രമേയങ്ങളെന്ന നിലയിൽ നിസ്സംഗതയോടെ അവതരിപ്പിക്കാനേ നമ്മുടെ മിക്ക സംവിധായകർക്കും കഴിഞ്ഞിട്ടുള്ളൂ എന്നോർക്കുക. ഒരു മൃണാൾസെന്നുണ്ടാകാം അപവാദമായി. പ്രശ്നങ്ങളിലേക്ക് ആണ്ടിറങ്ങി അവയെക്കുറിച്ചുള്ള സ്വന്തം നിഗമനങ്ങൾ വെളിപ്പെടുത്തുന്നവിധമുള്ള ഒരു നിരീക്ഷണപാടവം പ്രകടമാക്കാൻ നമ്മുടെ മിക്ക സംവിധായകരും ഒരുമ്പെടാഞ്ഞതിനു പിന്നിലെ മനഃശാസ്ത്രവും മറെറാന്നല്ല. ഫിലിം ഫൈനാൻസ് കോർപ്പറേഷനെ സംബന്ധിച്ച് ഇതേറെ അന്വർത്ഥമാണ്. "ഗരം ഹവ"യ്ക്ക് ആദ്യം സഹായധനം നിഷേധിക്കാൻ മുതിർന്നതിലെ സങ്കുചിതത്വവും ചിന്താശൂന്യതയും ചിരിക്കാൻ വകനൽകുന്നു. തത്വദീക്ഷയില്ലാതെ, പ്രവർത്തനലക്ഷ്യം മറന്ന് ഭരണവർഗ്ഗത്തിന്റെ മനഃസാക്ഷിസൂക്ഷിപ്പുകാരാകാനുള്ള വ്യഗ്രതയാണിവർക്കും കൂടുതൽ. സെൻസർബോർഡിന്റെ ഈ വ്യഗ്രതകാരണം നമുക്ക് മികച്ച കുറേ സിനിമകളാണ് നഷ്ടപ്പെട്ടതെങ്കിൽ ഈ സ്ഥാപനത്തിന്റെ "പോളിസി"ക്ക് ബലിയാടാവുന്നത് കുറേ യുവപ്രതിഭകളായിരിക്കും എന്നുമാത്രം. പക്ഷേ, ഒന്നുണ്ട് കുറേ പ്രേക്ഷകരെയെങ്കിലും പുതിയൊരാസ്വാദനതലത്തിലേക്ക് വ്യാമുഗ്ദ്ധരാക്കിയെടുക്കാൻ എഫ്. എഫ്. സി. ചിത്രങ്ങൾക്ക് സാധിച്ചിട്ടുണ്ടെന്നത് സമ്മതിച്ചേതീരൂ. എന്നിരുന്നാലും ഇന്ത്യൻ സിനിമയ്ക്ക് ആരോഗ്യകരമായ ഒരു ഭാവി നേടിക്കൊടുക്കുന്നതിൽ ഈ സർക്കാർ സ്ഥാപനത്തിന് വഹിക്കാൻകഴിയുന്ന പങ്ക് അത്ര വലുതൊന്നുമായിരിക്കില്ല. കാരണം അക്കാദമികൾപോലുള്ള വഷളത്തമാണിവയും. ഇവയുടെ മാന്യമായ തടവുമുറികൾ ഊഷരമാണ്. ശൂന്യതയിൽനിന്ന് ഒന്നും സൃഷ്ടിക്കപ്പെടുന്നില്ല. പ്രതിഭയുടെ സ്വാതന്ത്ര്യത്തെ അടിച്ചമർത്തുന്ന ഇത്തരം എല്ലാ തടവുമുറികൾക്കുമെതിരായ കലാപത്തിൽനിന്നേ ശക്തവും സുന്ദരവുമായ കല ജനിക്കൂ. നമ്മുടെ നാലതിരുകൾക്കും പുറത്ത് സാഹിത്യവും, ചിത്രകലയും, സിനിമയും അത് തെളിയിച്ചുകഴിഞ്ഞു. ഇന്ത്യൻ സിനിമക്ക് ചരിത്രാധിഷ്ഠിതമായ ഒരു പാരമ്പര്യം സൃഷ്ടിക്കാൻ കഴിയണമെങ്കിൽ ഇന്നുള്ള സകല വിഗ്രഹങ്ങളും തച്ചുടക്കപ്പെടേണ്ടിയിരിക്കുന്നു. നിഷേധത്തിന്റെ അന്ധതയിൽ നപുംസകബുദ്ധികൾ നടത്തുന്ന അന്തസ്സാരശൂന്യമായ നശീകരണപ്രക്രിയയെക്കുറിച്ചല്ല പറയുന്നത്. പ്രതിഭയുടെ കരുത്തിൽ സൃഷ്ടിയുടെ സ്വാതന്ത്ര്യം അനുഭവിച്ചുകൊണ്ട്, യൗവ്വനത്തിന്റെ തീക്ഷ്ണതയോടെ, ബുദ്ധിപരമായ നപുംസകത്വം പേറാത്ത ആൺകുട്ടികൾ നടത്തുന്ന മാററത്തിനുവേണ്ടിയുള്ള ഇച്ഛാകലാപമായിരിക്കുമത്. അമേരിക്കയിൽ യോനസ് മെകാസ് അഴിച്ചുവിട്ട ഈ കലാപം ലോകസിനിമയിലേക്ക് എരിഞ്ഞുകയറിക്കൊണ്ടിരിക്കുകയാണ്. അരം അവാകിൻ, ആൻഡിവാറോൾ, നോർമൻ മെയിലർ, റോജർ കോർമാൻ, മൈക്ക് നിക്കോൾസ്, കെന്നത്ത് ആങ്കർ, ജാക്സ്മിത്ത്, എമിഷ് വില്ലർ തുടങ്ങിയ വിഗ്രഹഭഞ്ജകരായ ചലച്ചിത്രകാരന്മാരും എമ്പയർ, സ്ലീപ്പ്, പ്രില്യൂഡ്, റിലേററിവിററി, ദ കെൽസിയ ഗേൾസ്, ദ ഫ്ളിക്കർ തുടങ്ങിയ ചലച്ചിത്രസങ്കല്പത്തെത്തന്നെ ഉടച്ചുവാർത്ത സിനിമകളും സാഹസികവും കഠിനവുമായ ഒരു ശ്രമത്തിലൂടെ ഒരു പുതിയ പാത നമ്മുടെ മുന്നിൽ തെളിച്ചുതന്നിരിക്കുന്നു. രണ്ട് കാരണങ്ങൾകൊണ്ട് ഈ പുതിയ ധാരകളുടെ നേരിട്ടോ ശക്തമോ ആയ സ്വാധീനമോ പ്രേരണയോ ഇന്ത്യൻ സിനിമയുടെ [illegible]ത്തിൽ സംഭവിക്കാവുന്നതാണ്. ഒന്നാമത് സിനിമയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പരിവർത്തനത്തെയും വമ്പിച്ച പുരോഗതിയെയും കുറിച്ച് നമുക്കുള്ള പാഠങ്ങളും മാർഗ്ഗദർശനത്തിൽ സഹായിക്കുന്ന "വെളിച്ചങ്ങളും" വരുന്നത് വിദേശത്തുനിന്നാണ്. രണ്ടാമത് ശക്തമായ ഒരു മാററത്തിന് അടിസ്ഥാനപ്രേരണയാവാൻ തക്കവണ്ണം ശ്രദ്ധേയമായ പുതുമയും ഓജസ്സും അവ പ്രകടമാക്കുകയും ചെയ്യുന്നുണ്ട്.

—o—

ചതുരംഗ പാവകൾ

ഭുവനൻ, മിതൃമ്മല

ഇരുൾവന്നു മൂടുമ്പോൾ
പുലരിയെ സ്വപ്നം ക-
ണ്ടിരവിന്റെഭീതിയെ മറികട-
ന്നമരുന്ന
ഉണർവിന്റെ ഭിക്ഷക്കുയാചി-
ച്ചുറങ്ങുന്ന
മനുജർ.
ഇരുൾവന്നു മൂടുമ്പോൾ
അലറുന്ന തിരയുടെ
പെരിയരൂപം ദൃശ്യമല്ലെന്നിരി-
ക്കിലും
അടിയേററു ചതയേണ്ട
അടിയേററലിയേണ്ട
കരയുടെ സൗഭാഗ്യം
മടിയേൽക്കലെപ്പൊഴും.
മലയുടെ മുലകൾ ചുരത്തും-
ജലത്തിന്റെ
വഴിയാത്രതൻ പേരി-
ലന്യോന്യമാക്രമി-
ച്ചന്യോന്യമാശ്ലേഷി-
ച്ചന്തിയിലൊന്നി-
ച്ചൊരുവേദിപൂകുന്ന
മനുജർ.
അതിരാത്രമന്ത്ര മതികാരമന്ത്ര-
മജങ്ങൾക്കു ഭീതി
യുണർത്തുന്ന മന്ത്ര-
മിക്ഷിതിയുടെ നൻമതൻ
പേരിലാണെങ്കിലു
മീനിയെന്തിനീപാവ-
മാടുകൾ ചാകണം
ബിംബിസാരൻമാർതൻ
യാഗാഗ്നികുണ്ഡത്തിൽ
വെന്തുമരിക്കേണ്ട-
മേഷവൃന്ദങ്ങൾതൻ
കണ്ണുകൾ ചുററിലുംപരതു-
ന്നെവിടെയാ-
ണിനിയുമണഞ്ഞില്ലേ?
രക്ഷകൻ
ശ്രീബുദ്ധൻ.
തിരുവായ് മൊഴിയുമ്പോൾ
എതിർവായ് തുറക്കാതെ
എരിയുന്ന വെയിലിലും
കുളിരു നടിക്കുന്ന
പറുദീസകാംക്ഷികൾ
കാലം കളിക്കുന്ന
ചതുരംഗക്കളിയിലെ
കലാൾപടകൾ നാം.

—o—

മലയാളനാട്

അടുത്തലക്കം

വിശുദ്ധമായ ഒരു നദിക്കരയിൽ, കാളിക്ഷേത്രത്തിനു് മുന്നിൽ നിൽക്കുന്ന നിങ്ങൾ കാണുന്നതെന്താണു്? ഒരുപക്ഷേ ഒരു അജ്ഞനക്കല്ലു്. സുഭഗതയാർന്ന കൊത്തുപണി. അല്ല – അടുത്തനിമിഷം നിങ്ങൾക്കു് അനുഭവപ്പെടുന്നു. ഗാഢമായ ഏതോ മർമ്മരം, സംഗീതത്തിലൂടെയോ കവിതയിലൂടെയോ ഇത്തരം ചൈതന്യസംക്രമണം സംഭവിക്കാം. ഒരുപക്ഷേ സ്രഷ്ടാവു് ഉദ്ദേശിച്ചതിലുമേറെ അർത്ഥപൂർണ്ണമായ സന്ദേശം ഉൾക്കൊള്ളുന്ന ആ ശബ്ദം — ആത്മാവിന്റെ സ്പർശിനികൾകൊണ്ടു് തൊട്ടറിവാൻ കഴിവുള്ള ഒരാൾക്കും.

ആഷാമേനോന്റെ ലേഖനം
"കാലമെന്ന യാഗാശ്വം"

❖

എം. പി. നാരായണപിള്ള എഴുതുന്ന
"കോവൂർ നാടകം
അവസാനിച്ചിട്ടില്ല."

❖

എം. കൃഷ്ണൻനായരുടെ
സാഹിത്യവാരഫലം.

❖

കാമ്പിശ്ശേരിയുടെ
കണ്ടതും കേൾക്കാത്തതും

❖

വി. കെ. എൻ, സി. രാധാകൃഷ്ണൻ,
സാറാതോമസ് എന്നിവരുടെ
നോവലുകൾ

❖

കഥാമാലികയിലെ മൂന്നാമത്തെ കഥ
സി. രാധാകൃഷ്ണന്റെ
"അഭിസാരികയുടെ അസൂയ."

❖

ഒരു ഞെട്ടലോടെ എഴുന്നേൽക്കാൻ നോക്കിയപ്പോൾ അവളുടെ കൈകൾ മരവിച്ചതുപോലെ തോന്നി. പണിപ്പെട്ടു് മോചിതനായപ്പോൾ ഭയംകൊണ്ടു് ശ്വസിക്കാൻപോലും കഴിഞ്ഞില്ല. വെളുത്തു ചുവന്നു തുടുത്തിരുന്ന സുന്ദരി കറുത്തു് കരിക്കട്ടപോലെയായിരിക്കുന്നു. ഭീതിതമായൊരു കാററു് അവൾക്കു ചുററും വീശിക്കൊണ്ടിരിക്കുന്നു. മുഖം കുറെ അടുപ്പിച്ചുനോക്കിയപ്പോൾ ഞെട്ടലോടെ ഒരു സത്യം മനസ്സിലാക്കി. അവൾ മരിച്ചിരിക്കുന്നു!

എസ്സ് മഹാദേവൻതമ്പിയുടെ
കഥ "വധു"

❖

ഭീകരനായ ഒരു കൊമ്പനാനയും രണ്ടു് പെൺകോടികളും! പ്രൊഫസർ രഘുരാമനു് പരിമിതിയിൽ ഭ്രമമുണ്ടായി. മദംപൊട്ടിയ ഒരു കാട്ടാനയെ മെരുക്കി നടക്കുന്ന തന്റെ പൊന്നുമക്കളേയും ശാലുവിനേയുംകണ്ടു് താനൊരു പക്ഷിയായി മാറുന്നതാവും അവരുടെ തലസ്സുമുകളിൽ ചെമ്പിച്ച ആകാശങ്ങളിൽ തന്റെ മങ്ങിയ തൂവലുകൾ പൊഴിച്ചുകൊണ്ടു് താൻ വട്ടമിട്ടു പറക്കുകയാണെന്നും അയാൾക്കു് തോന്നി.

ആർ. മുരളീധരന്റെ കഥ
"അനവധി അടയാളങ്ങൾ."

❖

മറെറാരു കഥകൂടി!
രഘുനാഥ് പലേരിയുടെ
"പ്രാവു്"

❖

രണ്ടു കവിതകൾ കെ. ചന്ദ്രശേഖരന്റെ
"പ്രഭാതവന്ദനം"
പി. ടി. നരേന്ദ്രമേനോന്റെ
"ബന്ധനം"

❖

കേശാലങ്കാരത്തിൽ ഓത്തുകളോ
— ഒരു സചിത്രലേഖനം
വി. ബി. സി. നായരുടെ
മുഖരാഗചിത്രങ്ങൾ
മംഗലശ്ശേരിയുടെ സിനിമ.

❖

ഗ്രന്ഥനിരൂപണം, കത്തുകൾ
തുടങ്ങിയ സ്ഥിരം പംക്തികൾ

Edited Printed & Published by S. K. Nair, at New India Printers, Quilon